# എഡിറ്റോറിയൽ | നുറുക്കവും വിഭജനവും



ഒരിക്കൽ ശലോമോൻ രാജാവു തന്റെ കൊട്ടാരത്തിന്റെ കിളിവാതിലിലൂടെ നോക്കിയപ്പോൾ വിചിത്രമായ ഒരു കാഴ്ച കണ്ടു: യെരുശലേം നഗരവീഥിയിലൂടെ പ്രഭുക്കന്മാർ കാൽനടയായിപോകുന്നു. അതേസമയം ഈ പ്രഭുക്ക ന്മാരുടെ അടിമകൾ കുതിരപ്പുറത്തുകയറി സഞ്ചരിക്കുന്നു! വാസ്തവത്തിൽ പ്രഭുക്കന്മാരല്ലേ കുതിരപ്പുറത്തു കയറി പ്പോകേണ്ടത്? ദാസന്മാർ നടന്നും പോകണം. പക്ഷേ ഇന്നു യെരുശലേമിൽ കാര്യങ്ങളെല്ലാം 'തലതിരിഞ്ഞാണ്'! (സഭാപ്രസംഗി 10:7).

പുതിയനിയ യിസ്രായേലായ നമുക്കും ഇന്ന് ഒരു 'തലതിരിച്ചിൽ' ഉണ്ടെന്നു തോന്നുന്നു. ദൈവം ഒരു തൃത്വം ആയിരിക്കുന്നതുപോലെ വിശ്വാസികളായ നമ്മിലും ഒരു തൃത്വം ഉണ്ട്-ദേഹം, ദേഹി, ആത്മാവ് എന്ന തൃത്വം. ഇതിൽ ആത്മാവിനായിരിക്കണം നേതൃത്വം. ദേഹി ആത്മാവിന്റെ വിനീതദാസ നായിരിക്കുകയാണു വേണ്ടത്. എന്നാൽ നമ്മിൽ ഇന്നു വാസ്തവത്തിൽ അങ്ങനെയാണോ? പല വിശ്വാസികളിലും ദേഹിയാണു കുതിരപ്പുറത്ത്. ആത്മാവിനു ദാസനെപ്പോലെ പെരുമാറേണ്ടി വരുന്നു. ഇതു തല തിരിവല്ലെങ്കിൽ മറ്റെന്താണ്?

അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്ന നാം ജീവിക്കപ്പെട്ടതു നമ്മുടെ ആത്മാവിലാണ്. ദൈവാത്മാവ് നമ്മുടെ ആത്മാവിലാണ്, ആത്മാവോടു ചേർന്നാണ്, വസിക്കുന്നത്. ഈ ആത്മാവിനായിരിക്കണം നമ്മുടെ വ്യക്തിത്വത്തിലെ നടുനായകത്വം. ദേഹി ആത്മാവിനു കീഴ്പ്പെട്ടു കഴിയണം. ആത്മാവ് ഏതവസ്ഥയിലായിരിക്കു ന്നുവോ അതിനോട് ഐകരൂപ്യപ്പെട്ടു പ്രവർത്തി ക്കുകയാണ് ദേഹിയുടെ ധർമ്മം. ആത്മാവ് എന്ന യജമാനന്റെ ഹൃദയം അറിഞ്ഞു പെരുമാറാൻ ദേഹി എന്ന ദാസൻ ബാദ്ധ്യസ്ഥനാണ്. ഈ സത്യം സ്ഥാപിക്കാനായി 'എന്താണു മനുഷ്യൻ' (What is man?) എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ടി.എ. സ്പാർക്ക്സ് ഒരു വചനം ഉദ്ധരിക്കുന്നുണ്ട്:'എന്റെ ഉള്ളം (Soul-ദേഹി) കർത്താവിനെ മഹിമ പ്പെടുത്തുന്നു. എന്റെ ആത്മാവ് (Sprit ) എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു' എന്ന മറിയയുടെ പാട്ടിലെ വരി ഇംഗ്ലീഷിൽ ഇങ്ങനെയാണ്:'My Soul does magnify the Lord, and my sprit has rejoiced in God my saviour' (Luke 1:46) ഇവിടെ ആത്മാവിന് ആനന്ദം ഉള്ളപ്പോൾ (Sprit has) ദേഹിയാണ് കർത്താവിനെ മഹിമപ്പെടുത്തി (Soul does) ആനന്ദം പ്രകടിപ്പിക്കുന്നത്. ആത്മാവിനാണ് ഇവിടെ നേതൃത്വം. ആത്മാവിൽ ആനന്ദം, ഉല്ലാസം ഉണ്ട്. അതു ദേഹിയിലൂടെ പ്രവൃത്തിയായി വെളിപ്പെടുന്നു. ആത്മാവിൽ നിന്നു ദേഹിയിലൂടെ പുറത്തേക്ക്. ഈ ഒരു ക്രമമാണ് ദൈവപൈതലിനെ സംബ ന്ധിച്ചിടത്തോളം ദൈവം ആഗ്രഹിക്കുന്നത്.

എന്നാൽ ഇന്ന് വിശ്വാസലോകത്തെ ഏറ്റവും വലിയ തകരാറ്, മിക്കവിശ്വാസികളിലും ദേഹിയാണു മുന്നിട്ടു നില്ക്കുന്നത് എന്നതാണ്. ആത്മാവു ശക്തമായ ഈ ദേഹിക്കുള്ളിൽ തടവിൽ പെട്ടുകിടക്കുകയാണ്. അതിനു പുറത്തേക്കു വരുവാൻ കഴിയുന്നില്ല. ആത്മാവിനു മേൽക്കൈകിട്ടുന്നില്ല. ഇന്നു പല വിശ്വാസികളോടും ക്രിസ്തീയനേതാക്കളോടും അടുത്ത് ഇടപെടുമ്പോൾ ഇതു വ്യക്തമാകും. നാം അടുത്തു ചെല്ലുമ്പോൾ ആത്മാവിന്റെ സൗമ്യതയെക്കാൾ അവരുടെ സമർത്ഥമായ മനസ്സിനെ, ശക്തമായ അഭിപ്രായങ്ങളെ, ബലമുള്ള ദേഹിയെ ആണ് സ്പർശിക്കുവാൻ കഴിയുന്നത്. അവർ ദേഹീമയരാണ്!

ദേഹീമയമായ ഒരു പ്രവൃത്തികൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല. ആത്മാവിൽ നിന്ന് ഉത്ഭവിച്ച് ആത്മാവിനാൽ നയിക്കപ്പെടുന്ന നീക്കങ്ങളാണ് ദൈവം വിശ്വാസിയിൽ നിന്ന് ആഗ്രഹിക്കുന്നത്. ഇതിനുള്ള ഏറ്റവും വലിയ തടസ്സം വിശ്വാസിയുടെ ശക്തമായ, ബലമുള്ള, ദേഹിയാണ്!

പ്രശ്നം ഇതായിരിക്കെ ഇതിനുള്ള പരിഹാരം എന്താണ്? പഴയനിയമഭക്തനായ യാക്കോബിന്റെ ജീവിതത്തെ ഉദാഹരണമായെടുത്ത് Transformed in to His likeness എന്ന ഗ്രന്ഥത്തിൽ വാച്ച്മാൻനീ ഇതിനുള്ള ദൈവത്തിന്റെ പോംവഴി വിശദീകരിക്കുന്നുണ്ട്. തുടക്കത്തിൽ യാക്കോബ് ഉപായിയും സമർത്ഥനും സ്വന്തപദ്ധതികൾ ഉള്ളവനു മായിരുന്നു. ആ യാക്കോബ് എങ്ങനെയാണ് ഒടുവിൽ തന്റെ വടിയുടെ അറ്റത്തു ചാരിക്കൊണ്ടു നമസ്ക്കരിക്കുന്ന (എബ്രായർ 11:21) സൗമ്യനായിത്തീർന്നത്? ആട്ടെ, എവിടെനിന്നാണ് യാക്കോബിന് ഈ വടി കിട്ടിയത്? ദൈവം അവന്റെ തുടയുടെ തടം തൊട്ട് അവനെ മുടന്തനാക്കി തീർത്തപ്പോൾ മുതൽ അവന് വടി അനിവാര്യമായി ത്തീർന്നു. യാബോക്കു കടവിൽ അവന് അക്ഷരാർ ത്ഥത്തിൽ തന്നെ സംഭവിച്ച തകർച്ച ഒരു പ്രതീകമായി നമുക്കു കാണാം. അവന്റെ ജീവിതത്തിൽ ഉടനീളം സംഭവിച്ച അപ്രതീക്ഷിത തിരിച്ചടികളിലൂടെ ദൈവം ചെയ്തത് അവന്റെ ശക്തമായ ദേഹിയെ ബലഹീനമാക്കുകയായിരുന്നു എന്നതിലേക്കു വിരൽ ചൂണ്ടുന്ന പ്രതീകാത്മകമായ ഒരു സംഭവമാണു യാബോക്കു കടവിലേത്. ഉവ്വ്, ഇതാണ് ദൈവത്തിന്റെ പോംവഴി. ശക്തമായ ദേഹിയുള്ള ഒരു വിശ്വാസിയെ നുറുക്കിയാൽ മാത്രമേ അവന്റെ ഉള്ളിലുള്ള ആത്മാവിനു മേൽക്കൈ ലഭിക്കുകയുള്ളൂ. അതുകൊണ്ട് ദൈവം തന്റെ കരുണയിൽ വിശ്വാസിയിൽ നുറുക്കത്തിന്റെ പ്രവൃ ത്തിയാണു ചെയ്തുകൊണ്ടിരിക്കുന്നത്. ഒരുവന്റെ സ്വന്ത ബലത്തെ തകർക്കാൻ ദൈവം അവനെ ക്രൂശിലേക്കു നയിക്കുന്നു. ക്രൂശിലാണ് അവൻ തകർച്ച അറിയുന്നത്.

പക്ഷേ ഈ ക്രൂശിന്റെ പ്രവൃത്തിയെ നമുക്കു നിഷ്ഫ ലമാക്കുവാൻ കഴിയും. രണ്ടുവിധത്തിലാണു വിശ്വാസി അതു ചെയ്യുന്നത്. തന്നോടു തെറ്റായനിലയിൽ ഇട പെടുന്നവർ, തനിക്കുണ്ടാകുന്ന വിഷമകരമായ സാഹചര്യ ങ്ങൾ എന്നിവയിൽ ദൈവത്തിന്റെ കരങ്ങളാണുള്ളതെന്നു കാണാതെ അതിൽ മനുഷ്യമുഖം കാണുകയും പിറുപിറു ക്കുകയും നിഷേധാത്മകമായി പ്രതികരിക്കുകയും ചെയ്യു മ്പോൾ ക്രൂശിനെ പ്രയോജനപ്പെടുത്താതെ പോകുന്നു. സ്വയസഹതാപമാണു രണ്ടാമത്തെ തടസ്സം. പ്രയാസങ്ങളുടെ മുൻപാകെ പൊട്ടിത്തെറിച്ചു പ്രതികരിക്കുന്നില്ലെങ്കിലും ആ സാഹചര്യത്തിൽ പരിശുദ്ധാത്മാവിന്റെ ശിക്ഷണത്തെ കാണാതെ സ്വയസഹതാപത്തിൽ മുങ്ങിപ്പോയാൽ ക്രൂശിന്റെ പ്രവൃത്തിയെ വിശ്വാസി നിഷ്ഫലമാക്കുകയാണ്.

ആത്മാവും ദേഹിയും തമ്മിലുള്ള ബന്ധത്തിൽ നുറുക്കം മാത്രമല്ലാതെ ദൈവം ചെയ്യുന്ന മറ്റൊരു വലിയ പ്രവൃ ത്തിയാണു വിഭജനം. നുറുക്കപ്പെട്ടാൽ ദേഹിയിലൂടെ ആത്മാവു പുറത്തേക്കു വരുമെങ്കിലും ആത്മാവും ദേഹിയും തമ്മിൽ വേർതിരിവില്ലാതിരുന്നാൽ ആത്മാവിൽ നിന്നുള്ളതും ദേഹിയിൽനിന്നുള്ളതും കൂടിക്കുഴഞ്ഞു പോകാനുള്ള സാധ്യതയുണ്ട്. (ഇന്നു വിശ്വാസലോകത്തു പല ശുശ്രൂഷകളും ഈ രീതിയിലുള്ളതല്ലേ?). ആത്മാവും ദേഹിയും തമ്മിൽ വിഭജിച്ചുകൊണ്ട് ദൈവം ഈ പ്രശ്നത്തെ പരിഹരിക്കുന്നു.

**(ശേഷം പേജ് 29 ൽ)**

നുറുക്കം (ഹൃദയത്തകർച്ച)-II


# നുറുക്കത്തിന്റെ സമയം

വാച്ച്മാൻ നീ

**ന**മ്മുടെ ബാഹ്യമനുഷ്യനെ തകർക്കുവാൻ കർത്താവ് രണ്ടു മാർഗ്ഗങ്ങളാണ് ഉപയോഗിക്കുന്നത്. ഒന്ന ക്രമാനുഗതമായത്. മറ്റേത് പെട്ടെന്നുള്ളത്.

ചിലരെ സംബന്ധിച്ചിടത്തോളം പെട്ടെന്നുള്ള നുറുക്കത്തിനുശേഷം ക്രമാനുഗതമായ ഒന്നു സംഭവിക്കും. വേറെ ചിലരെ സംബന്ധിച്ചിടത്തോളം ദൈനംദിന പരീക്ഷകളിലൂടെ നിരന്തരമായ നുറുക്കം കർത്താവു ക്രമീകരിക്കുകയും ഒടുവിൽ ഒരു ദിവസം അവിടുന്നു വലിയ തോതിലുള്ള തകർച്ചയിലേക്കു നയിക്കുകയും ചെയ്യും. ഒന്നുകിൽ പെട്ടെന്നുള്ള ഒന്നിനെതുടർന്ന് ക്രമാനുഗതമായ തകർച്ച. അല്ലെങ്കിൽ ക്രമാനുഗതമായ നുറുക്കത്തെ തുടർന്നു പെട്ടെന്നുള്ള ഒന്ന്. നമ്മിൽ നുറക്കത്തിന്റെ ഈ പ്രവൃത്തി പൂർത്തിയാക്കാൻ കർത്താവ് നിരവധി വർഷങ്ങൾ തന്നെ എടുത്തേക്കാം.

നുറുക്കത്തിന്റെ സമയം കർത്താവിന്റെ കരങ്ങളിലാണ്. നുറുക്കം ഉണ്ടാക്കാ



**ആരുടെ കരങ്ങളാണ് നമ്മെ കൈകാര്യം ചെയ്യുന്നതെന്ന് നാം തിരിച്ചറിയണം. അതു നമ്മുടെ വീട്ടിലുള്ളവരുടേയോ സഹോദരന്മാരുടെയോ സഹോദരിമാരുടേയോ അല്ല. അതൊരു മാനുഷികകരമല്ല.**

***ക്രൂശെന്നു പറഞ്ഞാൽ വാസ്തവത്തിൽ എന്താണ്? നാം ക്രൂശിനെ യഥാർത്ഥമായി മനസ്സിലാക്കിയാൽ ബാഹ്യമനുഷ്യനെ തകർക്കുക എന്നതാണ് അതിന്റെ വാസ്തവത്തിലുള്ള അർത്ഥമെന്ന് വ്യക്തമാകും. ക്രൂശ് ബാഹ്യമനുഷ്യനെ മരണത്തിലേക്കു നയിക്കുന്നു. മാനുഷികമായ പുറന്തോടിനെ അതു പൊട്ടിച്ചു തുറക്കുന്നു. നമ്മുടെ ബാഹ്യമനുഷ്യനു സ്വന്തമായുള്ളതെല്ലാം (നമ്മുടെ അഭിപ്രായങ്ങൾ. വഴികൾ, സാമർത്ഥ്യങ്ങൾ. സ്വയസ്നേഹം) ക്രൂശ് തകർക്കണം.***

നായി എടുക്കുന്ന സമയം കുറയ്ക്കുവാൻ നമുക്കു കഴിയുകയില്ല. എന്നാൽ ആ സമയത്തെ ദീർഘിപ്പിക്കുവാൻ നമുക്കു സാധിക്കും. ചില വർഷങ്ങളിലെ ഇടപാടുകൾകൊണ്ട് ചിലരെ സംബന്ധിച്ചിടത്തോളം ഈ പ്രവൃത്തി പൂർത്തിയാക്കുവാൻ ദൈവത്തിനു കഴിയും. എന്നാൽ മറ്റു ചിലരെ സംബന്ധിച്ചിടത്തോളം ഈ പ്രവൃത്തി പൂർത്തിയാകാതെ കിടക്കും. ഇത് അങ്ങേയറ്റം ഗൗരവമുള്ളകാര്യമാണ് ! ദൈവത്തിന്റെ സമയം പാഴാക്കുന്നതിനെക്കാൾ ഖേദകരമായ മറ്റൊരു കാര്യമില്ല. സഭയ്ക്ക് എതെല്ലാം വിധത്തിൽ നഷ്ടം സംഭവിക്കുന്നു! നമുക്ക് മനസ്സ് ഉപയോഗപ്പെടുത്തി പ്രസംഗിക്കുവാൻ കഴിയും . നമുക്ക് വികാരങ്ങൾ ഉപയോഗപ്പെടുത്തി മറ്റുള്ളവരെ ആവേശംകൊള്ളിക്കുവാനും കഴിയും. എന്നാൽ നമ്മുടെ ആത്മാവിനെ എങ്ങനയാണ് ഉപയോഗിക്കേണ്ടതെന്ന് അറിഞ്ഞുകൂടായെങ്കിൽ നമ്മിലൂടെ ദൈവത്തിന്റെ ആത്മാവിനു മറ്റുള്ളവരെ സ്പർശിക്കുവാൻ കഴിയുകയില്ല. നഷ്ടം എത്ര വലുത്! അങ്ങനെയെങ്കിൽ നാം വെറുതെ സമയം ദീർഘിപ്പിക്കണോ?

അതുകൊണ്ട്, ഇതിനു മുമ്പ് നാം മുഴുവനായിബുദ്ധിയുള്ള സമർപ്പണമായി നമ്മെത്തന്നെ കർത്താവിന് അർപ്പിച്ചിട്ടില്ലെങ്കിൽ താഴെപ്പറയുന്ന പ്രാർത്ഥനയോടെ ഇപ്പോൾ അങ്ങനെ ചെയ്യുക:

" കർത്താവേ, സഭയുടെ ഭാവിക്കുവേണ്ടി, സുവിശേഷത്തിന്റെ ഭാവിക്കായി , അവിടത്തെ മാർഗ്ഗത്തിനായി, എന്റെ തന്നെ ജിവിതത്തിനായി ഞാൻ എന്നെത്തന്നെ വ്യവസ്ഥകൂടാതെ അർപ്പിക്കുന്നു. കർത്താവേ അങ്ങേയ്ക്കുവേണ്ടി എന്നെത്തന്നെ സന്തോഷത്തോടെ നൽകാൻ ഞാൻ തയ്യാറാണ്. എന്നിലൂടെ അങ്ങയുടെ മുഴുവൻ വഴിയും നടപ്പാക്കുന്നതിനു വിധേയപ്പെടാനും ഞാൻ ഒരുക്കമാണ് ".

## ക്രൂശിന്റെ അർത്ഥം

ക്രൂശിനെക്കുറിച്ച് നാം മിക്കപ്പോഴും കേൾക്കാറുണ്ട്. ഒരു പക്ഷേ ഈ പദം നമുക്ക് ചിരപരിചിതമായിരിക്കാം. എന്നാൽ ക്രൂശെന്നു പറഞ്ഞാൽ വാസ്തവത്തിൽ എന്താണ്? നാം ക്രൂശിനെ യഥാർത്ഥമായി മനസ്സിലാക്കിയാൽ ബാഹ്യമനുഷ്യനെ തകർക്കുക എന്നതാണ് അതിന്റെ വാസ്തവത്തിലുള്ള അർത്ഥമെന്ന് വ്യക്തമാകും. ക്രൂശ് ബാഹ്യമനുഷ്യനെ മരണത്തിലേക്കു നയിക്കുന്നു. മാനുഷികമായ പുറന്തോടിനെ അതു പൊട്ടിച്ചു തുറക്കുന്നു. നമ്മുടെ ബാഹ്യമനുഷ്യനു സ്വന്തമായുള്ളതെല്ലാം (നമ്മുടെ അഭിപ്രായങ്ങൾ. വഴികൾ, സാമർത്ഥ്യങ്ങൾ. സ്വയസ്നേഹം) ക്രൂശ് തകർക്കണം. വഴി വ്യക്തമായല്ലോ.

നമ്മുടെ ബാഹ്യമനുഷ്യൻ നുറുക്കപ്പെട്ടാലുടനെ നമ്മുടെ ആത്മാവിന് എളുപ്പത്തിൽ പുറത്തുവരുവാൻ കഴിയും. ഉദാഹരണത്തിന് ഒരു സഹോദരനെ എടുക്കുക. അവന് സമർത്ഥമായ ഒരു മനസ്സും, ശക്തമായ ഇച്ഛയും ആഴമേറിയ വികാരങ്ങളുമുണ്ട്. പക്ഷേ അവന്റെ ദേഹിയുടെ ഈ സ്വഭാവിക പ്രത്യേകതകളേക്കാൾ അവന്റെ ആത്മാവിനെയാവും ആളുകൾ സ്പർശിക്കുക. ആളുകൾ എപ്പോഴൊക്കെ അവനോട് കൂട്ടായ്മ ആചരിക്കുന്നുവോ അപ്പോഴൊക്കെ നിർമ്മലമായ ഒരാത്മാവിനെയാണ് അവർ സ്പർശിക്കുന്നത്. എന്തുകൊണ്ട്? അവന്റെ ദേഹിയുടേതായതെല്ലാം തകർന്നു പോയിരിക്കുന്നു.

മറ്റൊരു ഉദാഹരണമായി ഒരു സഹോദരിയെ എടുക്കുക. അവളെ അറിയുന്നവരെല്ലാം അവൾ ധൃതഗതിക്കാരിയാണെന്നു കണ്ടെത്തും- ചിന്തിക്കുന്നതിൽ ധൃതി, സംസാരത്തിൽ ധൃതി, തെറ്റുസമ്മതിക്കുന്നതിലും വേഗത, എഴുത്തെഴുതുന്നതിൽ തിടുക്കം, എഴുതിയ കത്തു കീറിക്കളയുന്നതിലും ധൃതി. എന്നാൽ അവളെ കണ്ടുമുട്ടുന്നവർ അവളുടെ ധൃതിയെയല്ല അഭിമുഖീകരിക്കുന്നത്. മറിച്ച് അവളുടെ ആത്മാവിനെയാണ്. അവൾ പൂർണമായി നുറുക്കപ്പെട്ടവളും അതുകൊണ്ടുതന്നെ സുതാര്യതയുള്ളവളുമാണ്. ബാഹ്യമനുഷ്യന്റെ ഈ നുറുക്കം അടിസ്ഥാനപരമായ കാര്യമാണ്. ദൈവത്തിനു നമ്മോടുള്ള ഇടപാടുകൾ ആരംഭിച്ച് അഞ്ചുപത്തു വർഷങ്ങൾ കഴിഞ്ഞശേഷവും പഴയ അതേ ഗന്ധം പുറപ്പെടത്തക്കവണ്ണം നാം നമ്മുടെ ബലഹീനമായ ദേഹിയുടെ സ്വഭാവത്തെ മുറുകെപ്പിടിക്കരുത്. അരുത്. മറിച്ച് നമ്മുടെ ജീവിതത്തിൽ ഒരു വഴിവെട്ടിത്തെളിക്കുവാൻ നാം കർത്താ വിനെ അനുവദിക്കണം

## നുറുക്കപ്പെടാതിരിക്കുന്നതിനുള്ള രണ്ടുകാരണങ്ങൾ

പല വർഷങ്ങളിലെ ഇടപാടിനുശേഷവും ചിലർ പഴയതുപോലെ തന്നെ ഇരിക്കുന്നതെന്താണ്? ചിലവ്യക്തികൾക്ക് ശക്തമായ ഒരു ഇച്ഛ ഉണ്ടായിരിക്കും. മറ്റു ചിലർക്ക് ശക്തമായ വികാരങ്ങൾ. വേറെ ചിലർക്ക് ബലമുള്ള ഒരു മനസ്സ്. കർത്താവിന് ഇവയെല്ലാം നുറുക്കുവാൻ കഴിയുമെങ്കിൽ പലവർഷങ്ങൾക്കുശേഷവും ചിലരിൽ മാറ്റമുണ്ടാകാതിരിക്കുന്നതെന്തുകൊണ്ടാണ്? അതിന് കാരണങ്ങൾ രണ്ടാണ്.

ഒന്നാമത്തേത് , അന്ധകാരത്തിൽ കഴിയുന്ന പലരും ദൈവത്തിന്റെ കരങ്ങൾ കാണുന്നില്ല. ദൈവം പ്രവർത്തിക്കുമ്പോൾ , ദൈവം നുറുക്കുമ്പോൾ അതു ദൈവത്തിൽ നിന്നാണെന്ന് അവർ തിരിച്ചറിയുന്നില്ല. അവർക്കു വെളിച്ചമില്ല. തങ്ങളെ എതിർക്കുന്ന മനുഷ്യരെയാണ് അവർ കാണുന്നത്. തങ്ങളുടെ പരിതഃസ്ഥിതി പ്രയാസമുള്ളതാണെന്ന് അവർ വിലയിരുത്തുന്നു . സാഹചര്യങ്ങളെ അവർ പഴിക്കുന്നു ഫലം അവർ ഇരുട്ടിലും നിരാശയിലും തുടരുന്നു.

ദൈവത്തിന്റെ കരങ്ങളിൽ നിന്നുവരുന്നതെന്താണെന്ന് ദൈവം നമുക്ക് വെളിച്ചം തരട്ടെ. അപ്പോൾ നാം മുഴങ്കാൽ മടക്കി "ഇത് അങ്ങയിൽ നിന്നാണ്. അങ്ങിൽ നിന്നായതിനാൽ ഞാൻ ഇതു സ്വീകരിക്കുന്നു" എന്നു പറയും. ഏറ്റവും കുറഞ്ഞത് ആരുടെ കരങ്ങളാണ് നമ്മെ കൈകാര്യം ചെയ്യുന്നതെന്ന് നാം തിരിച്ചറിയണം. അതു നമ്മുടെ വീട്ടിലുള്ളവരുടേയോ സഭയിലുള്ള സഹോദരന്മാരുടെയോ സഹോദരിമാരുടേയോ അല്ല. അതൊരു മാനുഷിക കരമല്ല. മാഡംഗയോൺ ചെയ്തതുപോലെ, നമ്മെ കൈകാര്യം ചെയ്യുന്ന ആ കരങ്ങളെ മുട്ടുമടക്കി ചുംബിക്കുവാനും സ്നേഹിക്കുവാനും നാം പഠിക്കേണ്ടിയിരുക്കുന്നു. എന്തെല്ലാമാണ് കർത്താവു ചെയ്യുന്നതെന്നു കാണുവാനും അത് അംഗീകരിക്കുവാനും കർത്താവിന് ഒന്നും തിന്മയായിചെയ്യുവാൻ കഴിയുകയില്ലെന്നു വിശ്വസിക്കുവാനും നമുക്ക് ഈ വെളിച്ചം ലഭിക്കേണ്ടതുണ്ട്.

നമ്മുടെ ബാഹ്യമനുഷ്യനെ നുറുക്കുവാനുള്ള രണ്ടാമത്തെ വലിയ തടസ്സം സ്വയസ്നേഹമാണ്. സ്വയസ്നേഹത്തിന്റെ ഹൃദയം നമ്മിൽനിന്ന് എടുത്തുകളയണമേ എന്നു നാം ദൈവത്തോട് പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥന

***നമ്മുടെ ബാഹ്യമനുഷ്യനെ നുറുക്കുക എന്നാൽ എന്താണെന്ന് അവിടുന്ന് യഥാർത്ഥത്തിൽ നമുക്കു വെളിപ്പെടുത്തട്ടെ. ബാഹ്യമനുഷ്യൻ നുറുങ്ങപ്പെടാതെയിരുന്നാൽ എല്ലാം നമ്മുടെ മനസ്സിൽ മാത്രമായിരിക്കും. ഒരു പ്രയോജനവും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് കർത്താവു നമ്മെ സമ്പൂർണമായി നുറുക്കട്ടെ എന്നു നമുക്കു പ്രത്യാശിക്കാം.***

യുടെ മറുപടിയായി അവിടുന്നു നമ്മെ കൈകാര്യം ചെയ്യുമ്പോൾ, തന്നെ ആരാധിച്ചുകൊണ്ട് പറയണം "ഓ കർത്താവേ, ഇതു നിന്റെ കരങ്ങളിൽ നിന്നാണെങ്കിൽ അതെന്റെ ഹൃദയത്തിൽ സ്വീകരിക്കുവാൻ എന്നെ അനുവദിക്കുക". എല്ലാ തെറ്റിദ്ധാരണയുടേയും, എല്ലാ അസംതൃപതിയുടേയും എല്ലാ അസ്വാരസ്യങ്ങളുടേയും ഒരു കാരണം നാം നമ്മെതന്നെ രഹസ്യമായി സ്നേഹിക്കുന്നു എന്നാണെന്നതു മറന്നു പോകരുത്. അതുകൊണ്ട് നമ്മെത്തന്നെ വിടുവിക്കാനായി നാം ഒരു പദ്ധതി തയ്യാറാക്കുന്നു. പല പ്രശ്നങ്ങളും ഉണ്ടാകുന്നത്നാം രക്ഷപ്പെടാൻ– അതേ ക്രൂശിന്റെ പ്രവൃത്തിയിൽ നിന്ന് രക്ഷപ്പെടാൻ – ഒരു വഴി അന്വേഷിക്കുന്നതുകൊണ്ടാണ്.

തന്റെ പിതാവിനെ അറിഞ്ഞ ഒരുവൻ ക്രൂശിന്മേൽ ഉയർത്തപ്പെട്ടപ്പോൾ വേദന ഒഴിവാക്കാൻ വേണ്ടി കണ്ടിവെണ്ണ കലർത്തിയ വീഞ്ഞ് കുടിക്കാൻ വിസമ്മതിച്ചു. ക്രൂശിലേക്ക് മനസ്സില്ലാമനസ്സോടെയാണ് പലരും പോകുന്നത്. പോയാൽതന്നെ വേദന ശമിപ്പിക്കുന്ന കണ്ടിവെണ്ണ കലർത്തിയ വീഞ്ഞുകുടിപ്പാൻ അവർ വാഞ്ഛിക്കുന്നു. "പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ " എന്നു യഥാർത്ഥമായി പറയുന്നവർ കണ്ടിവെണ്ണ കലർത്തിയ വീഞ്ഞു കുടിക്കുകയില്ല. അവർ ഒരു പാനപാത്രം മാത്രമേ കുടിക്കുകയുള്ളൂ. സ്വയസഹതാപം ഇല്ലാത്തവരാണവർ . സ്വയസഹതാപമാണ് അടിസ്ഥാനപരമായ ഒരു ബുദ്ധിമുട്ട്. താഴെ കാണുന്നവിധം ആത്മാർത്ഥതയോടെ പ്രാർത്ഥിക്കാൻ , കർത്താവ് ഇന്നു നമ്മളോടു സംസാരിക്കട്ടെ: "ഓ, എന്റെ ദൈവമേ, എല്ലാം അങ്ങയിൽ നിന്നാണെന്നു ഞാൻ കാണുന്നു. കഴിഞ്ഞ അഞ്ച്, പത്ത്, ഇരുപത് വർഷങ്ങളിലെ എന്റെ വഴികളെല്ലാം അങ്ങയുടെതായിരുന്നു. അവിടുത്തെ ജീവിതം എന്നിലൂടെ ജീവിക്കുക എന്ന ആത്യന്തിക ലക്ഷ്യം നേടുവാനായി അവിടുന്നു പ്രവർത്തിക്കുകയായിരുന്നല്ലോ. എന്നാൻ ഞാൻ വിഡ്ഢിയായിരുന്നു. ഞാനീകാര്യം കണ്ടില്ല. എന്നെത്തന്നെ രക്ഷിക്കാനായി ഞാൻ പലകാര്യങ്ങളും ചെയ്തു. അതെല്ലാം ഫലത്തിൽ അങ്ങയുടെ സമയത്തെ താമസിപ്പിക്കുകയായിരുന്നു. ഇന്നു ഞാൻ അങ്ങയുടെ കരം കാണുന്നു. ഞാൻ എന്നെത്തന്നെ അർപ്പിക്കാൻ തയ്യാറാണ്. ഒരിക്കൽ കൂടി ഞാൻ എന്നെ അവിടുത്തെ കരങ്ങളിൽ സമർപ്പിക്കുന്നു".

## മുറിവുകളെ കാണുവാൻ പ്രതീക്ഷിക്കുക

നുറുക്കപ്പെട്ട ഒരുവനെക്കാൾ സൗന്ദര്യമുള്ള ഒരുവനില്ല ! ദൈവത്താൽ നുറുക്കപ്പെട്ട ഒരുവനിൽ സ്വയജീവൻ, ധാർഷ്ട്യം എന്നിവ സൗന്ദര്യത്തിനു വഴിമാറും . പഴയനിയമത്തിലെ യാക്കോബ് അമ്മയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെ തന്റെ സഹോദരനോടു മല്ലുപിടിച്ചവനാണ്. അവൻ കൗശലം, വഞ്ചന, വ്യാജം എന്നിവ ഉള്ളവനായിരുന്നു. എന്നിട്ടും അവനു ജീവിതത്തിൽ ദു:ഖവും നിരാശയുമായിരുന്നു മിച്ചം. ചെറുപ്പത്തിൽ വീടുവിട്ട് അവൻ പലായനം ചെയ്തു. ഇരുപതുവർഷം





ലാബാൻ അവനെ ചതിച്ചു. അവന്റെ പ്രിയ പത്നി റാഹേൽ അകാലത്തിൽ മരണമടഞ്ഞു. അവന്റെ പ്രിയപുത്രൻ ജോസഫ് അടിമയായി വില്ക്കപ്പെട്ടു. വർഷങ്ങൾക്കുശേഷം ബെന്യാമിൻ ഈജിപ്റ്റിൽ തടവുകാരനായി പിടിക്കപ്പെട്ടു ഒന്നിനുപുറകെ ഒന്നൊന്നായി നിർഭാഗ്യം വന്നപ്പോൾ അവൻ തുടർച്ചയായി ദൈവത്താൽ കൈകാര്യം ചെയ്യപ്പെടുകയായിരുന്നു. അവൻ ഒരിക്കലല്ലാ, രണ്ടു പ്രാവശ്യമല്ല ദൈവത്തിന്റെ അടിയേറ്റത്. അവന്റെ ചരിത്രം മുഴുവൻ ദൈവത്താൽ അടിക്കപ്പെട്ടതിന്റെ ചരിത്രമാണെന്നു പറയാം. ഒടുവിൽ ഇങ്ങനെ പല ഇടപാടുകൾക്കുശേഷം അവന്റെ അവസാനവർഷങ്ങളിൽ യാക്കോബ് രൂപാന്തരപ്പെട്ടു. അവൻ സുതാര്യതയുള്ളവനായിത്തീർന്നു. ഫറവോനോടുള്ള അവന്റെ മറുപടി എത്ര അന്തസ്സുള്ളതാണ്.

തന്റെ വടിമേൽ ചാരിക്കൊണ്ട് ആരാധിച്ച അവന്റെ അന്ത്യം എത്ര മനോഹരമായിരുന്നു! തന്റെ അനന്തരാവകാശികൾക്കുള്ള അവന്റെ അനുഗ്രഹം എത്ര സുവ്യക്തമായിരുന്നു! അവന്റെ ചരിത്രത്തിന്റെ അവസാനപുറങ്ങൾ വായിച്ചു തീർത്തശേഷം നാമും തലകുമ്പിട്ട് ദൈവത്തെ ആരാധിക്കാൻ കൊതിക്കും. ഇവിടെയിതാ പക്വതയുള്ള, ദൈവത്തെ അറിയുന്ന, ഒരുവൻ. നിരവധി ദശകങ്ങളിലെ ഇടപാടിന്റെ ഫലമായി യാക്കോബിന്റെ ബാഹ്യമനുഷ്യൻ നുറുങ്ങപ്പെട്ടു. അന്ത്യകാലത്ത് അവന്റെ ചിത്രം അതിമനോഹരമായിരിക്കുന്നു.

നമ്മിലൊരോരുത്തരിലും യാക്കോബിന്റെ സ്വഭാവം വലിയ അളവിലുണ്ട് . നമ്മുടെ ബാഹ്യമനുഷ്യനെ തകർത്തു ദൈവം ഒരു വഴി സൃഷ്ടിക്കുമെന്നും അങ്ങനെ ആന്തരികമനുഷ്യനു പുറത്തുവരുവാൻ കഴിയുമെന്നും ഉള്ളതിലാണു നമ്മുടെ പ്രത്യാശ. ഇതു വിലയേറിയതാണ്. കർത്താവിനെ ശുശ്രൂഷിക്കുന്നവർക്കുള്ള വഴിയാണിത്. ഇങ്ങനെ മാത്രമേ നമുക്കു ശുശ്രൂഷിപ്പാനും ആളുകളെ കർത്താവിലേക്കു നടത്തുവാനും കഴിയുകയുള്ളൂ. ബാക്കിയെല്ലാം വില കുറഞ്ഞവയാണ്. ഉപദേശംകൊണ്ട് വലിയ ഉപയോഗം ഇല്ല: ദൈവശാസ്ത്രം കൊണ്ടും. പുറമേയുള്ള മനുഷ്യൻ നുറുക്കപ്പെടാതിരുന്നാൽ ബൈബിളിനെക്കുറിച്ചുള്ള വെറും അറിവുകൊണ്ട് എന്തു പ്രയോജനം? ദൈവത്തിനു പുറത്തേക്കുവരുവാൻ കഴിയുന്ന ആളുകൾ മാത്രമാണു ഉപയോഗമുള്ളവർ.

ബാഹ്യമനുഷ്യൻ തകർക്കപ്പെട്ടും, കൈകാര്യം ചെയ്യപ്പെട്ടും വിവിധപരീക്ഷകളിലൂടെ നയിക്കപ്പെട്ടും കഴിയുമ്പോൾ നമ്മുടെ മേൽ മുറിവുകൾ ഉണ്ടാകും. അങ്ങനെ ആത്മാവിനു പുറത്തുവരുവാൻ അവസരം ലഭിക്കും. തങ്ങളുടെ വ്യക്തിത്വം മുഴുവൻ പഴയതുപോലെ ഭദ്രമായിരിക്കുന്നു രൂപാന്തരം സംഭവിച്ചിട്ടില്ലാത്ത ചില സഹോദരിസഹോദന്മാരെ അഭിമുഖീകരിക്കാൻ നമുക്കു വാസ്തവത്തിൽ പേടിയാണ്. യഥാർത്ഥ വഴി വ്യക്തതയോടെ നമ്മെ കാണിക്കാനും ഇതു മാത്രമാണ് ഒരേയൊരു വഴിയെന്നു നമുക്കു ബോധ്യം നല്കാനും ദൈവം കരുണകാണിച്ചെങ്കിൽ! കഴിഞ്ഞ വർഷങ്ങളിലെ നമ്മോടുള്ള അവിടത്തെ പ്രവൃത്തിയുടെ ഉദ്ദേശ്യം ഇതായിരുന്നെന്നും അവിടുന്നു നമ്മെ കാണിക്കട്ടെ. അങ്ങനെ, ആരും ദൈവത്തിന്റെ പ്രവൃത്തികളെ തുച്ഛീകരിക്കാതിരിക്കട്ടെ. നമ്മുടെ ബാഹ്യമനുഷ്യനെ നുറുക്കുക എന്നാൽ എന്താണെന്ന് അവിടുന്ന് യഥാർത്ഥത്തിൽ നമുക്കു വെളിപ്പെടുത്തട്ടെ. ബാഹ്യമനുഷ്യൻ നുറുങ്ങപ്പെടാതെയിരുന്നാൽ എല്ലാം നമ്മുടെ മനസ്സിൽ മാത്രമായിരിക്കും. ഒരു പ്രയോജനവും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് കർത്താവു നമ്മെ സമ്പൂർണമായി നുറുക്കട്ടെ എന്നു നമുക്കു പ്രത്യാശിക്കാം.

●

ഇത്തിരിവെട്ടം

മൂകസന്ദേശം-5

# കുതിരകൾ

സന്ദീപ് പുന്നൻ

**കാ**ഴചയ്ക്കു സൗന്ദര്യവും നടത്തയിൽ രാജകീയ പ്രൗഢിയുമുള്ള കുതിരകൾ അതി വിശിഷ്ടമായ ജന്തുക്കളത്രേ. തികച്ചും ആയാസരഹിതമായി അതിവേഗത്തിൽ, ശക്തിയോടെ കുതിക്കാൻ കെല്പുള്ളവയെങ്കിലും മനുഷ്യരോടൊത്ത് വേലചെയ്യാൻ മെരുക്കി യെടുക്കാവുന്ന, മൃഗങ്ങളാണ് കുതിരകൾ.

കുട്ടിക്കാലം മുതൽക്കേ കുതിരകൾ എനിക്ക് ഹരമായിരുന്നു. ബാംഗ്ലൂരിലെ തെരുവുകളിൽ വല്ലപ്പോമൊക്കെ ഞാൻ കണ്ടിരുന്ന കുതിരകൾ എന്റെ ചരിത്രപുസ്തകത്തിന്റെ താളുകളിൽ നിറഞ്ഞു നിന്നിരുന്നു. എല്ലാകാലഘട്ടത്തിലും ഏതു സംസ്ക്കാരത്തിലുമുള്ള രാജാക്കന്മാർ കുതിര സവാരി ഇഷ്ടപ്പെട്ടിരുന്നു. പ്രൗഢി, ശക്തി, വേഗം, സൗന്ദര്യം ഇവയുടെ മൂർത്തീഭാവമായിരുന്നു കുതിരകൾ എക്കാലത്തും. എന്നാൽ അടുത്തകാലത്തായി അപകടകാരികളായ ഇണങ്ങാത്ത കുതിരകളെ മെരുക്കിയെടുക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങളും ലേഖനങ്ങളും എന്നെ അത്ഭുതപ്പെടുത്താൻ തുടങ്ങി .

അങ്ങനെയാണ് ഞാൻ ജോൺ സോളമൻ റേറിയെപ്പറ്റി കേൾക്കാൻ ഇടയായത്.

ഒട്ടും മെരുങ്ങാത്തവയും അപകടകാരികളുമായ കുതിരകളെ വേഗത്തിൽ എങ്ങനെ മെരുക്കിയെടുക്കാം എന്ന് പരിശീലകരെ പഠിപ്പിച്ച ജോൺ റേറി പത്തൊൻപതാം നൂറ്റാണ്ടിൽ അമേരിക്കയിൽ ജീവിച്ച മനുഷ്യനായിരുന്നു. ദുർവിനിയോഗം മൂലമോ വേദനാജനകമായ അനുഭവങ്ങൾ മുലമോ മനുഷ്യരെ ഭയപ്പെടുകയും മോശമായി പെരുമാറുകയും ചെയ്തിരുന്ന കുതിരകളെ ശാന്തരാക്കുന്നതിൽ അയാൾ വിദഗ്ധനായിരുന്നു.

ഇംഗ്ലണ്ടിലെ വിക്ടോറിയ രാജ്ഞിയുടെ ക്ഷണപ്രകാരം അവരുടെ പ്രശ്നക്കാരനായ ഒരു കുതിരയെ മെരുക്കിയെടുത്തതോടെയാണ് റേറി പ്രസിദ്ധനായത്. അതിനുശേഷം ലോകമെമ്പാടും സഞ്ചരിച്ച് കുതിരകളെ ശാന്തരാക്കി മനുഷ്യർക്ക് ഉപയോഗമുള്ളതാക്കിത്തീർക്കയായിരുന്നു അയാളുടെ ദൗത്യം. യാത്രയ്ക്ക് പ്രധാനമായും കുതിരകളെ ഉപയോഗിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അതെന്നതിനാൽ റേറി വേഗത്തിൽ പ്രസിദ്ധനായി.

റേറിയുടെ പ്രവർത്തന വിധം ഏതാണ്ട് താഴെപ്പറയുന്നവിധമായിരുന്നു: ആദ്യം അയാൾ കുതിരയുടെ സമീപത്ത് ചെല്ലുമ്പോൾ പ്രത്യേകിച്ച് കാരണംഒന്നും ഇല്ലാതെ കുതിര അയാളെഭയപ്പെട്ടിരുന്നു. യജമാനന്മാരുടെ പക്കൽനിന്നും സ്നേഹവും നിർദ്ദേശങ്ങളും സ്വീകരിക്കാൻ കുതിരകൾക്ക് കഴിയണം എന്നു മാത്രമേ റേറി ആഗ്രഹിച്ചിരുന്നുള്ളൂ. ഭൂതകാലത്തെ ഏതെങ്കിലും വേദനാജനകമായ, മോശപ്പെട്ട ഒരു അനുഭവത്തിന്റെ പേരിലാകാം മിക്കപ്പോഴും കുതിര മനുഷ്യരെ ഭയപ്പെടുന്നത്. ഇത്തരം ഭയം മൂലം അവയുടെ ഭാഗത്തുനിന്നും ആക്രമണപരമായ ഒരു പ്രതികരണം കൂടാതെ ആർക്കും കുതിരയുടെ അടുത്ത് ചെല്ലാൻ കഴിഞ്ഞിരുന്നില്ല. തന്മൂലം റേറി അടുത്തുചെല്ലുമ്പോൾ കുതിരകൾ മുൻകാലുകൾ ആകാശത്തേക്കുയർത്തി ശബ്ദം ഉണ്ടാക്കുകയും സ്വയരക്ഷയ്ക്കായി അയാളെ ആക്രമിക്കാൻ ശ്രമിക്കയും ചെയ്തിരുന്നു.



**കുതിരയുടെ ഒരു കാൽമുട്ട് മടക്കിക്കെട്ടി റേറി അതിനെ മുടന്തനാക്കി ചെറുത്തുനിൽപ്പിന്റെ ശക്തി ചോർത്തിക്കളഞ്ഞു.**

കുതിരയുടെ ഒരു കാൽമുട്ട് മടക്കിക്കെട്ടി റേറി അതിനെ മുടന്തനാക്കുകയും വേഗത്തിൽ ചെറുത്തുനിൽപ്പിന്റെ ശക്തി ചോർന്നുപോകാൻ ഇടയാകുകയും ചെയ്തിരുന്നു. ക്ഷീണിച്ച കുതിരയെ നിലത്ത് കിടക്കാൻ നിർബന്ധിക്കയും കുതിരയുടെ മർമ്മസ്ഥാനങ്ങളിൽ തന്റെ ശക്തിമുഴുവൻ പ്രയോഗിച്ച് അതിനെ അടങ്ങിക്കിടക്കാൻ പ്രേരിപ്പിക്കയും ചെയ്യും. അപ്പോൾ അദ്ദേഹത്തിന് കുതിരയുടെ അടുത്ത് അപകടം ഭയപ്പെടാതെ നിലയുറപ്പിച്ചുകൊണ്ട് അതിന്റെ ശരീരം മുഴുവൻ തലോടുവാൻ കഴിയുമായിരുന്നു. ഈ തലോടലിലൂടെ താൻ യാതൊരു വിധത്തിലും ഉപദ്രവിക്കാൻ വന്നതല്ലെന്നും മറിച്ച് സ്നേഹമേ ഉള്ളൂ എന്നുമുള്ള ഉറച്ച സന്ദേശമാണ് റേറി കുതിരയ്ക്ക് നൽകിയത്.

പൂർണ്ണമായും വിശ്വസിക്കാവുന്ന ഒരു വ്യക്തിയാണ് താനെന്നും സ്വയരക്ഷക്കായി പരാക്രമത്തിന്റെ ആവശ്യമില്ലെന്നും കുതിരയെ ധരിപ്പിക്കയാണ് റേറി ചെയ്തത്. ഈ കാര്യത്തിൽ വിസ്മയകരമാം വിധം റേറി വിജയിക്കുകയും ചുരുങ്ങിയ മണിക്കൂറുകൾക്കുള്ളിൽ എത്ര വിറളിപിടിച്ച കുതിരയും മെരുങ്ങുകയും ഉടമസ്ഥർക്ക് പ്രയോജനമുള്ളവയായിത്തീരുകയും ചെയ്തിരുന്നു റേറിയുടെ വിജയഗാഥ അക്കാലത്തെ ആംഗലഭാഷനിഘണ്ടുവിൽ തന്റെ പേരിൽ ഒരു പുതിയ പദം കൂട്ടിച്ചേർക്കാൻ കാരണമായി എന്നത് ചരിത്രമാണ്. ‘സ്നേഹം കൊണ്ട് കീഴടക്കുക.’ ‘സ്നേഹവും കരുണയും കൊണ്ട് ഒരു കുതിരയെ മെരുക്കിയെടുക്കുക’ എന്നൊക്കെ അർത്ഥം വരുന്ന ‘റേറിഫൈ’ എന്ന ഇംഗ്ലീഷ് പദമാണ് അന്ന് നിഘണ്ടുവിൽ ചേർക്കപ്പെട്ടത്.

ദൈവം ചിലപ്പോൾ നമ്മോട് ഇടപെടുന്ന വിധവുമായി മേല്പ്പറഞ്ഞ കാര്യത്തിന് വളരെ സാമ്യമുള്ളതായി ഞാൻ ചിന്തിച്ചുപോകാറുണ്ട്.

നമ്മിൽ പലർക്കും ദൈവത്തെ പേടിയാണ്. നിരന്തരമായി ദൈവത്തെ പേടിച്ചു കഴിയുന്നവർ നിരവധിയാണ്. നമ്മുടെ സന്തോഷകരമായ ജീവിത

***കൂടുതൽ കൃപയ്ക്കായും, ശക്തിക്കായും നാം ദൈവ സന്നിധിലേക്ക് ഓടിച്ചെല്ലുന്ന മുഖാന്തരങ്ങളായി നമ്മുടെ ജഡത്തിലെ എല്ലാ 'ശൂലങ്ങളും' തീരട്ടെ എന്നാണ് എന്റെ പ്രാർത്ഥന. നാം കൂടുതൽ ബലഹീനരും പരിമിതപ്പെട്ടവരും എന്ന് തോന്നുമ്പോൾ, ദൈവകരങ്ങൾ അവിടെ കാണുക. ദൈവത്തോട് ആഴമായ ഒരു സ്നേഹബന്ധത്തിലേക്ക് കടന്നുവരാനുള്ള അവിടത്തേ ക്ഷണമായി ആ സന്ദർഭങ്ങളെ ഉപയോഗിക്കുവാനും നമുക്ക് ഇടയാകട്ടെ.***

ത്തിൽ രസംകൊല്ലിയായി എത്തുന്ന വ്യക്തിയായോ, നമ്മെ ഉപദ്രവിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന ആളായോ ഒക്കെ നാം ദൈവത്തെപ്പറ്റി ചിന്തിക്കുന്നു. നമ്മുടെ നിലനിൽപ്പിനു തന്നെ ഭീഷണി ഉയർത്തുന്നതാണ് ദൈവിക പദ്ധതികൾ എന്നുപോലും നാം ചിന്തിച്ചിട്ടുപോയിട്ടുണ്ട്. ദൈവം നമ്മോട് അടുത്തുവരുമ്പോൾ ഒന്നുകിൽ നാം അവിടത്തെ തള്ളിമാറ്റുകയോ, ചെറുത്തുനില്ക്കയോ ചെയ്യുന്നു. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ ദൈവത്തോട് നാം പോരാടുകയോ ദൈവത്തിൽ നിന്നു പലായനം ചെയ്യുകയോ ചെയ്യുന്നു.

എന്നാൽ ദൈവത്തിന് നമ്മെ ഉപദ്രവിക്കാൻ യാതൊരുദ്ദേശ്യവുമില്ല. നമ്മുടെ ജീവിതത്തിൽ അത്യുത്തമമായതുമാത്രം ആഗ്രഹിക്കുന്ന സ്നേഹമുള്ള ഒരു പിതാവാണ് ദൈവം എന്ന് കാണിക്കാനാണ് യേശു ലോകത്തിലേക്ക് വന്നത് . തന്നോടൊപ്പം ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം ധന്യമായിത്തീരുന്നതെന്ന് നന്നായി അറിയുന്ന ദൈവം നമ്മെ അന്വേഷിച്ചുവരികയും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ സ്വാർത്ഥതയാണ് ഇതിന് വിലങ്ങുതടി. ഭയവും, നിഗളവും, കോപവും ഒക്കെക്കൊണ്ട് നാം ദൈവത്തെ അടുത്തുവരാൻ സമ്മതിക്കുന്നില്ല. തന്മൂലം ജോൺറേറി ചെയ്തതുപോലെ നമ്മെ ശാന്തരാക്കാൻ ദൈവം ചിലത് ചെയ്യാൻ നിർബന്ധിതനാകുന്നു. കാലുകൾ ബന്ധിക്കപ്പെട്ട അവസ്ഥയിൽ കുതിരയെപ്പോലെ നാമും ക്രമേണ ദൈവത്തോടുള്ള ചെറുത്തുനിൽപ്പ് മതിയാക്കി നമ്മെപ്പറ്റിയുള്ള നല്ല ദൈവോദ്ദേശ്യങ്ങളെ കാണാൻ തുടങ്ങുകയും ചെയ്യുന്നു.

തുറക്കപ്പെടുമെന്ന് നാം കാത്തിരിക്കുന്ന ചില വാതിലുകൾ അടച്ചായിരിക്കും ചിലപ്പോൾ ദൈവം ആ പ്രവൃത്തി ചെയ്യുന്നത്. സ്വയത്തിൽ കേന്ദ്രീകൃതമായ ജീവിതത്തിൽ നിന്ന് നമ്മെ പുറത്തു കൊണ്ടുവരാൻ ചിലപ്പോൾ രോഗം വരാൻ അനുവദിക്കുന്നു. നമ്മുടെ സ്നേഹബന്ധങ്ങളിലോ ജോലിസ്ഥലത്തോ ഒക്കെ ചിലബുദ്ധിമുട്ടുകൾ വരാൻ അനുവദിക്കുക വഴി ലളിതമായ ഒരു സത്യം നമ്മെ ഗ്രഹിപ്പിക്കാനാണ് ദൈവം ശ്രമിക്കുന്നത്. " ഈ ജീവിതം നാം തനിയെ അല്ല ദൈവത്തോടൊപ്പമാണു നയിക്കേണ്ടത്. നമ്മുടെ സ്രഷ്ടാവിനോടുള്ള സ്നേഹബന്ധത്തിൽ ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം സാർത്ഥമാകുന്നത് ".

ക്രിസ്തുവിനോട് ഏറ്റവും അടുത്തു ജീവിക്കാൻ പൗലൊസിനെപ്പോലെയുള്ള ദൈവഭക്തനായ ഒരു മനുഷ്യനുപോലും ജഡത്തിൽ ഒരു ശൂലം ആവശ്യമായിരുന്നു. ഈ ദൈവമനുഷ്യൻ ഈ ശൂലം മാറിപ്പോകുവാൻ ദൈവത്തോട് യാചിച്ചെങ്കിലും ദൈവം വഴങ്ങിയില്ല. മറിച്ച് അവനോട് ദൈവം പറഞ്ഞു: " എന്റെ കൃപ നിനക്ക് മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു. "(2കൊരി.12:9)

ദൈവശക്തി തന്റെ മേൽ ആവസിക്കു

(ശേഷം പേജ് 36 ൽ)



അനുഭവം

# സോദോമിലെ ഉണർവ്വ്

ചാൾസ് ഫിന്നി

**എ**നിക്ക് സുവിശേഷം പ്രസംഗിക്കാൻ അനുവാദം ലഭിച്ചപ്പോൾ തന്നെ ഞാൻ പൂർണ്ണമായും അപരിചിതമായ ഒരു സ്ഥലത്തേക്ക് ചെന്നു. ന്യൂയോക്കിലെ വനിതാ മിഷനറി സംഘടനയുടെ നിർദ്ദേശപ്രകാരമാണ് ഞാൻ അവിടെ പോയത്- മേയ് മാസത്തിന്റെ ആദ്യദിവസങ്ങളിൽ. ജെഫേഴ്സൺ പ്രവിശ്യയുടെ വടക്കുഭാഗത്തുള്ള 'ആന്റ് വെർപ് ' എന്നതായിരുന്നു ആ സ്ഥലം. സ്ഥലത്തെ ഹോട്ടലിലാണു ഞാൻ തങ്ങിയത്. ആ പട്ടണത്തിൽ ആ കാലത്ത് ആത്മീയമായ യാതൊരു കൂട്ടായ്മകളും ഇല്ലെന്ന് ഞാൻ മനസ്സിലാക്കി. അവർക്ക് ഇഷ്ടികകൊണ്ടുണ്ടാക്കിയ ഒരു കൂട്ടായ്മക്കെട്ടിടം ഉണ്ടായിരുന്നു. പക്ഷേ അത് പൂട്ടിക്കിടക്കുകയായിരുന്നു. എന്റെ വ്യക്തിപരമായ ഉദ്യമംകൊണ്ട് ഒരു ക്രിസ്തീയവനിതയുടെ വീട്ടിൽ കുറച്ച് ആളുകളെ കൂട്ടി വരുത്തി. എന്നിട്ട് ആ സന്ധ്യയിൽ ഞാൻ അവരോട് പ്രസംഗിച്ചു. എന്നാൽ പിന്നീട് ഞാൻ ആ ഗ്രാമത്തിൽ ചുറ്റിനടന്നപ്പോൾ മനുഷ്യരിൽ നിന്ന് കേട്ട ഭയാനകമായ ദൈവനിന്ദകൾ എന്നെ ഞെട്ടിപ്പിച്ചു.

അടുത്ത ഞായറാഴ്ച സ്ഥലത്തെ സകൂൾ കെട്ടിടത്തിൽ പ്രസംഗിക്കാൻ എനിക്ക് അനുമതി ലഭിച്ചു. എന്നാൽ ആ ഞായറാഴ്ച എത്തുന്നതിന് മുൻപ് ഞാൻ ആ സമൂഹത്തിന്റെ സ്ഥിതി കണ്ട് അധൈര്യപ്പെടുകയും ഭയപ്പെടുകയും ചെയ്തു. പക്ഷേ തലേ രാത്രി -ശനിയാഴ്ച - കർത്താവ് ശക്തിയോടെ ഈ വചനങ്ങൾ എന്റെ ഹൃദയത്തോട് മന്ത്രിച്ചു. കർത്താവായ യേശുക്രിസ്തു പൗലോസിനോട് പറഞ്ഞ വചനങ്ങളാണവ: "നീ ഭയപ്പെടാതെ പ്രസംഗിക്ക: മിണ്ടാതിരിക്കരുത് : ഞാൻ നിന്നോട് കൂടെ ഉണ്ട് ; ആരും നിന്നെ കൈയേറ്റം ചെയ്ത് ദോഷപ്പെടുത്തുകയില്ല; ഈ പട്ടണത്തിൽ എനിക്ക് വളരെ ജനം ഉണ്ട്." (അപ്പോ. 18;9,10) ഈ വചനം എന്റെ ഭയത്തെ ഇല്ലാതാക്കി. എന്റെ ഹൃദയമാകട്ടെ, ഈ സ്ഥലത്തെ ജനങ്ങളെക്കുറിച്ചുള്ള ഭാരത്താൽ നിറഞ്ഞു.

ഞായറാഴ്ച ഞാൻ അതിരാവിലെ എഴുന്നേറ്റ് ഗ്രാമത്തിൽ നിന്ന് അധികം ദൂരെയല്ലാത്ത ഒരു തോട്ടത്തിലേക്ക് പോയി. അന്നത്തെ ശുശ്രൂഷയെ അനുഗ്രഹിക്കുവാൻ വേണ്ടി ദൈവത്തിന്റെ മുമ്പാകെ അവിടെ ഞാൻ എന്റെ ഹൃദയത്തെ പകർന്നു. എന്റെ ആത്മാവിന്റെ തീവ്രവേദന വാക്കുകളാൽ പ്രകടിപ്പിക്കുവാൻ എനിക്ക് കഴിയുമായിരുന്നില്ല. പക്ഷേ ഞരക്കത്തോടെ ഞാൻ പ്രാർത്ഥനയിൽ പോരാടി. വളരെ

കണ്ണീരോടെ , ഒന്നോ രണ്ടോ മണിക്കൂറുകൾ ആശ്വാസം ലഭിക്കാതെ ഞാൻ പ്രാർത്ഥിച്ചു. എന്നിട്ട് ഹോട്ടൽ മുറിയിലേക്ക് തിരികെപ്പോയി; എന്നാൽ ഒട്ടും താമസിക്കാതെ ഞാൻ വീണ്ടും തോട്ടത്തിലേക്ക് വന്നു. ഞാൻ ഇങ്ങനെ മൂന്നു പ്രാവശ്യം ചെയ്തു. അവസാനം എനിക്ക് ആശ്വാസം ലഭിച്ചു. ഒടുവിൽ യോഗത്തിനായി ഞാൻ സ്കൂൾ കെട്ടിടത്തിലേക്ക് ചെന്നപ്പോൾ അതിന് കൊള്ളാവുന്നത്ര ആളുകളാൽ അതു നിറഞ്ഞിരുന്നു. ഞാൻ എന്റെ ചെറിയ പോക്കറ്റ് ബൈബിൾ എടുത്ത് ഇപ്രകാരം വായിച്ചു; " തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ചു". ദൈവം തന്റെ പുത്രനെ ആർക്കായിട്ട് നൽകിയോ അവർ എങ്ങനെ ആ ദൈവപുത്രനോട് പെരുമാറി എന്നത് ദൈവസ്നേഹവുമായി താരതമ്യം ചെയ്തു ഞാൻ അവതരിപ്പിച്ചു.

പ്രസംഗത്തിൽ ഞാൻ അവരുടെ ദൈവനിന്ദയെ കുറ്റപ്പെടുത്തി. എന്നെ കേൾക്കുന്ന പലരുടെയും ദൈവദൂഷണം ആത്മനിറവിൽ കണ്ണീരോടെ ഞാൻ അവർക്ക് ചൂണ്ടിക്കാട്ടി. വചനം ശക്തമായ സ്വാധീനം തന്നെ കേൾവിക്കാരിൽ ഉണ്ടാക്കി. ആരും വ്രണപ്പെട്ടില്ല പക്ഷേ എല്ലാവരും തന്നെ വചനത്തിനു മുൻപാകെ വളരെയധികം ഉരുകി.

ശുശ്രൂഷ അവസാനിച്ചപ്പോൾ സ്ഥലമുടമ മിസ്റ്റർ കോപ് ലാൻഡ് എഴുന്നേറ്റ് ഉച്ചയ്ക്കുശേഷം മീറ്റിംഗ് കെട്ടിടം തുറന്നു തരാമെന്ന് പറഞ്ഞു. അങ്ങനെ തന്നെ അദ്ദേഹം ചെയ്തു. രാവിലത്തെപ്പോലെ തന്നെ ഉച്ചയ്ക്കു ശേഷവും യോഗസ്ഥലം നിറഞ്ഞിരുന്നു. വീണ്ടും വചനം ശക്തമായ പ്രഭാവം ചെലുത്തി. അങ്ങനെ ശക്തമായ ഒരു ഉണർവ്വ് ആ ഗ്രാമത്തിൽ തുടങ്ങി, പെട്ടെന്നു തന്നെ അത് എല്ലാ ദിശയിലേക്കും പടർന്നു.

ഇതിനു ശേഷം രണ്ടാമത്തെ ഞായറാഴ്ച ആണെന്ന് തോന്നുന്നു. ഉച്ചകഴിഞ്ഞ് പ്രസംഗപീഠത്തിൽ നിന്നിറങ്ങിയപ്പോൾ ഒരു പ്രായമായ മനുഷ്യൻ എന്നെ സമീപിച്ചിട്ട് പറഞ്ഞു. "നിങ്ങൾക്ക് ഞങ്ങളുടെ സ്ഥലത്ത് വന്ന് പ്രസംഗിച്ചുകൂടെ? ഞങ്ങൾക്കു ഒരു മതപരമായ കൂട്ടായ്മയും ഇതുവരെ അവിടെ ഉണ്ടായിട്ടില്ല. " ഞാൻ അങ്ങോട്ടുള്ള വഴിയും ദൂരവും അന്വേഷിച്ചു. അടുത്ത ദിവസം -തിങ്കളാഴ്ച - ഉച്ചകഴിഞ്ഞ് അഞ്ചു മണിക്ക് അവരുടെ സ്കൂൾ കെട്ടിടത്തിൽ പ്രസംഗിക്കാമെന്ന് സമ്മതിച്ചു. ഞായറാഴ്ച ഞാൻ മൂന്നു വട്ടം ഗ്രാമത്തിൽ പ്രസംഗിക്കുകയും രണ്ടു പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുക്കുകയും ചെയ്ത ശേഷം തിങ്കളാഴ്ച നടന്ന് പുതിയസ്ഥലത്തേക്ക് പോയി. അന്ന് കാലാവസ്ഥ വളരെ ചൂടായിരുന്നതിനാൽ നടക്കാൻ കഴിയാത്തവിധം ഞാൻ തളർന്നുപോയി. അതുപോലെ അവിടേക്കുള്ള യാത്രയിൽ ഞാൻ വളരെ അധീരനായിത്തീരുകയും ചെയ്തു. വഴിയരികെ കണ്ട തണലിൽ ഞാൻ ഏറെ സമയം ഇരുന്നു. ഈ പുതിയ സ്ഥലത്ത് എത്തിയാൽ ആളുകളോട് സംസാരിക്കാൻ പോലും പറ്റാത്തവിധം ഞാൻ നിരുത്സാഹപ്പെട്ടിരുന്നു! ഒടുവിൽ അവിടെ പറഞ്ഞസ്ഥലത്ത് എത്തിയപ്പോൾ മുറി മുഴുവനും ആളുകൾ നിറഞ്ഞിരിക്കുന്നു! ഉടൻ തന്നെ ഒരു പാട്ട് പാടി ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു. ആളുകൾ പാടുന്നുണ്ട്. എന്നാൽ അസഹ്യമായ സ്വരച്ചേർച്ചയില്ലായ്മയാണു പാട്ടിൽ മുഴുങ്ങിക്കേട്ടത് .എനിക്കത് അസഹ്യമായ വേദന ഉളവാക്കി. ഞാൻ മുമ്പോട്ട് കുനിഞ്ഞ് കൈ മുട്ടുകൾ കാൽമുട്ടിന്മേൽ വച്ച്, കൈകൾ





കൊണ്ട് ചെവി പൊത്തി. ഈ അവതാളം എങ്ങനെയെങ്കിലും നിർത്തുവാൻ തലകുലുക്കി. പാട്ടിലെ അപസ്വരം എനിക്ക് അല്പം പോലും സഹിക്കാൻ കഴിഞ്ഞില്ല. അവർ ഒടുവിൽ പാട്ട് അവസാനിപ്പിച്ചപ്പോൾ ഏകദേശം നിരാശയോടെ ഞാൻ മുട്ടിന്മേൽ വീണു. പക്ഷേ കർത്താവ് സ്വർഗ്ഗത്തിന്റെ കിളിവാതിലുകൾ തുറന്ന് എനിക്ക് പ്രാർത്ഥനയിൽ വലിയ വിശാലതയും ശക്തിയും പകർന്നുതന്നു.

ആ നിമിഷംവരെ പ്രസംഗിക്കാൻ അവിടെ ഏതു വേദഭാഗമാണ് ഉപയോഗിക്കേണ്ടത് എന്ന് എനിക്ക് അറിയില്ലായിരുന്നു. എന്നാൽ ഞാൻ മുട്ടിന്മേൽ നിന്ന് എഴുന്നേറ്റപ്പോൾ കർത്താവ് എനിക്ക് ഈ വേദഭാഗം തന്നു: "എഴുന്നേറ്റ് ഈ സ്ഥലം വിട്ടു പോക. യഹോവ ഈ നഗരത്തെ നശിപ്പിക്കും" ഈ വേദഭാഗം എവിടെയാണെന്ന് ഞാൻ എന്റെ ഓർമ്മയിൽ നിന്ന് ആളുകൾക്ക് പറഞ്ഞുകൊടുത്തു. എന്നിട്ട് സോദോമിന്റെ നാശത്തെക്കുറിച്ച് പറയാൻ തുടങ്ങി. ഞാൻ അബ്രഹാമിന്റെയും ലോത്തിന്റേയും ചരിത്രവും, അവർ തമ്മിലുള്ള ബന്ധവും അബ്രഹാം സോദോമിനും ലോത്തിനും വേണ്ടി പ്രാർത്ഥിച്ചതും, വിവരിച്ചു. ലോത്ത് ആ നഗരത്തിലെ ദൈവഭയമുള്ള ഏകവ്യക്തിയാണെന്നും ഞാൻ പറഞ്ഞു. ഇത് പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഒരു കാര്യം ഞാൻ ശ്രദ്ധിച്ചു: എല്ലാവരും വലിയ കോപത്തോടെ എന്നെ നോക്കുന്നു! സദസ്സിലെ പലരുടെ നിലയും എന്നെ ഭീഷണിപ്പെടുത്തുന്ന തരത്തിലായിരുന്നു. ചിലരെ കണ്ടാൽ എന്നെ ഇപ്പോൾ അടിക്കുമെന്നു തോന്നും. ബൈബിളിൽ നിന്ന് വളരെ താത്പര്യപൂർവ്വം ആത്മാവിന്റെ സ്വാതന്ത്ര്യത്തോടെ ഞാൻ ചിലതു പറയുമ്പോൾ ഇവരെന്താണ് ഇങ്ങനെ ക്രുദ്ധിച്ചുനോക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല. വേദഭാഗത്തിന്റെ പശ്ചാത്തലവിവരണം കഴിഞ്ഞപ്പോൾ ഞാൻ അവരുടെ നേരെ തിരിഞ്ഞ് ഇതുവരെ ഈ സ്ഥലത്ത് ഇങ്ങനെ മതപരമായ കൂട്ടായ്മകളൊന്നും ഉണ്ടായിട്ടില്ല എന്ന് എനിക്ക് മനസ്സിലായി എന്ന് പറഞ്ഞു. ഇതിനുശേഷം ഞാൻ ദൈവികസത്യങ്ങൾ ആത്മാവിന്റെ വാൾ ശക്തമായി ഉപയോഗിച്ചു തറപ്പിച്ചു പറയുവാൻ തുടങ്ങി. ഈ നിമിഷംമുതൽ ആത്മീയാന്തരീക്ഷം വളരെ ചടുലമായി. ചില നിമിഷങ്ങൾക്കുള്ളിൽ ആ കൂട്ടായ്മയിൽ പെട്ടെന്നൊരു ആഘാതംപോലെ എന്തോ ഒന്ന് സംഭവിച്ചു. ആ അനുഭവം എങ്ങനെ വിവരിക്കണം എന്നെനിക്കറിഞ്ഞുകൂടാ. കേൾവിക്കാർക്കുണ്ടായ പെട്ടെന്നുള്ള ദൈവികഭയവും എങ്ങനെ വിശദീകരിക്കണം. എന്നെനിക്കറിയില്ല. ദൈവവചനം ആക്ഷരികമായും ഒരു വാളുപോലെ അവരെ കീറിമുറിച്ചു. ഉയരത്തിൽ നിന്നുള്ള ശക്തി അവരുടെ മേൽ ഒരു കുത്തിയൊഴുക്കുപോലെ വന്നുപതിച്ചു. സദസ്സിന്റെ എല്ലാ ഭാഗത്തുമുള്ള ആളുകൾ അവരുടെ ഇരിപ്പിടങ്ങളിൽ നിന്നു വീണു. ഒരു മിനിറ്റിനുള്ളിൽ തന്നെ മുഴുവൻ ആളുകളും മുട്ടിന്മേലോ,

*എല്ലാവരും വലിയ കോപത്തോടെ എന്നെ നോക്കുന്നു! സദസ്സിലെ പലരുടെ നിലയും എന്നെ ഭീഷണിപ്പെടുത്തുന്ന തരത്തിലായിരുന്നു. ചിലരെ കണ്ടാൽ എന്നെ ഇപ്പോൾ അടിക്കുമെന്നു തോന്നും. ബൈബിളിൽ നിന്ന് വളരെ താത്പര്യപൂർവ്വം ആത്മാവിന്റെ സ്വാതന്ത്ര്യത്തോടെ ഞാൻ ചിലതു പറയുമ്പോൾ ഇവരെന്താണ് ഇങ്ങനെ ക്രുദ്ധിച്ചുനോക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല.*

അവരുടെ മുഖം പൊടിയിലാഴ്ത്തിയോ ഏതെങ്കിലും വിധത്തിൽ ദൈവത്തിനു മുമ്പാകെ സാഷ്ടാംഗം നമസ്ക്കരിക്കുന്നതാണു കണ്ടത്. എല്ലാവരും അവരുടെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി കരുണയാചിച്ചു കരയുകയോ ഞരങ്ങുകയോ ചെയ്തു കൊണ്ടിരുന്നു. അവർ പിന്നീട് എന്നേയോ എന്റെ പ്രസംഗമോ ശ്രദ്ധിച്ചതേയില്ല. ഞാൻ അവരുടെ ശ്രദ്ധയാകർഷിക്കാൻ ശ്രമിച്ചു. പക്ഷേ സാധിച്ചില്ല. ഞാൻ സദസ്സിലേക്കു നോക്കിയപ്പോൾ എല്ലാവരും താഴെ വീണു പ്രാർത്ഥിക്കുന്നു. എന്നാൽ എന്നെ അവിടേയ്ക്ക് ക്ഷണിച്ച ആ പ്രായമായ മനുഷ്യൻ മാത്രം സദസ്സിന്റെ നടുവിലെ തന്റെ കസേരയിൽ അത്ഭുതത്തോടെ ചുറ്റും നോക്കിക്കൊണ്ടിരിക്കുന്നതായി കാണപ്പെട്ടു. അയാളുടെ നേരേ വിരൽ ചൂണ്ടി ഞാൻ അത്യുച്ചത്തിൽ ഇങ്ങനെ ചോദിച്ചു:-"നിങ്ങൾക്ക് പ്രാർത്ഥിക്കാൻ കഴിയില്ലേ?" പൊടുന്നനെ അയാളും മുട്ടുകുത്തി ഒരു ചെറിയ പ്രാർത്ഥന ഏറ്റവും ഉച്ചത്തിൽ ചൊല്ലുവാൻ തുടങ്ങി. പക്ഷേ ആരും അയാളെ ശ്രദ്ധിച്ചില്ല.

കുറച്ച് നിമിഷങ്ങൾ ഞാൻ ചുറ്റുപാടും നോക്കിയശേഷം എന്റെ കാൽക്കൽ മുട്ടുകുത്തിയിരുന്ന ഒരു ചെറുപ്പക്കാരന്റെ തലയിൽ തൊട്ട്, മുട്ടുകുത്തി ഞാൻ അവന്റെ ആത്മാവിനോട് കരുണ ഉണ്ടാകാൻ പ്രാർത്ഥിച്ചു. അവൻ എന്നെ ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ അവന്റെ ചെവിയിൽ ഞാൻ യേശുവിനെക്കുറിച്ചു പറഞ്ഞു. ചില നിമിഷങ്ങൾക്കുള്ളിൽ അവൻ യേശുവിനെ വിശ്വാസത്താൽ സ്വീകരിച്ചു. എന്നിട്ട് തന്റെ ചുറ്റുമുള്ളവർക്ക് വേണ്ടി അവൻ പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോൾ ഞാൻ ഇതേപോലെ വേറൊരുവനുവേണ്ടി സദസ്സിൽ തിരഞ്ഞു. അയാളോടും സംസാരിച്ചു; ഇതേ ഫലമുണ്ടായി. പിന്നീട് വേറൊരാൾ. തുടർന്ന് വേറൊരുവൻ. അങ്ങനെ മൊത്തം എത്ര പേർ ക്രിസ്തുവിനെ സ്വീകരിച്ചുവെന്നും തുടർന്നു മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിച്ചുവെന്നും അറിയാൻ കഴിയാതാവുംവരെ വളരെ നേരം ഞാൻ ശുശ്രൂഷിച്ചു. ഒടുവിൽ എന്നെ ഈ കൂട്ടായ്മയ്ക്കുവേണ്ടി ക്ഷണിച്ച ആ പ്രായമായ മനുഷ്യനെ ഇതിന്റെ ഉത്തരവാദിത്വം ഏൽപ്പിച്ച ശേഷം അന്നു സന്ധ്യയ്ക്ക് ഞാൻ വേറൊരു സ്ഥലത്തേക്കു പോയി.

എന്നാൽ പിറ്റേ ദിവസം ഉച്ചകഴിഞ്ഞപ്പോൾ ഈ സ്ഥലത്തേക്ക് ഞാൻ വേഗത്തിൽ ചെല്ലുവാൻ എനിക്ക് ഒരു അഭ്യർത്ഥന ലഭിച്ചു. കാരണം അവർക്ക് ആ മീറ്റിംഗ് അതുവരേയും നിർത്തുവാൻ സാധിച്ചില്ല. അതേസമയം അവർ സ്കൂൾ കെട്ടിടം ഒഴിഞ്ഞ് കൊടുക്കാൻ ബാധ്യസ്ഥരായിരുന്നു. അതുകൊണ്ട് അവർ അതിനടുത്ത് ഒരു സ്വകാര്യവസതിയിൽ പ്രാർത്ഥന തുടരുകയാണ്. അവിടെ ചെന്നപ്പോൾ അപ്പോഴും കുറച്ചുപേർ വലിയപ്രതീക്ഷയോടെയും വീട്ടിൽ പോകാൻ കഴിയാത്തവിധം ആത്മഭാരത്താലും അവിടെ കൂടിയിരിക്കുന്നതു ഞാൻ കണ്ടു. ഇവർ പെട്ടെന്ന് തന്നെ ദൈവവചനത്തിനു കീഴ്പ്പെട്ടു. ഏതായാലും വീട്ടിൽ പോകുന്നതിനു മുമ്പ് അവർ ക്കെല്ലാവർക്കും തന്നെ പ്രത്യാശലഭിച്ചു എന്നു ഞാൻ കരുതുന്നു.

ഞാൻ ആ സ്ഥലത്ത് ഒരു അപരിചിതനായിരുന്നു. ഇതിനുമുൻപ് ഈ സ്ഥലത്തെക്കുറിച്ച് ഞാൻ കേട്ടിട്ടുപോലുമുണ്ടായിരുന്നില്ല. എന്റെ രണ്ടാമത്തെ സന്ദർശനത്തിനുശേഷം എനിക്ക് അറിയാൻ കഴിഞ്ഞത് ആ സ്ഥലവാസികളുടെ ദുഷ്ടത കാരണം ആ സ്ഥലം 'സോദോം' എന്നാണ് അറിയപ്പെട്ടിരുന്നത്! എന്നെ അങ്ങോട്ട് ക്ഷണിച്ച ആ പ്രായമായ മനുഷ്യനെ 'ലോത്ത്' എന്നും വിളിച്ചിരുന്നത്രേ!

(ശേഷം പേജ് 36 ൽ)





# മിഷനറി ആത്മാവുള്ള റീഡ് ഹെഡ്

മാത്യു ജോർജ്

**ഹൃ**ദയത്തിലും ആത്മാവിലും നൂറു ശതമാനവും ഒരു മിഷനറിയായിരുന്നു പാരീസ് റീഡ് ഹെഡ്. ലോകത്തോട് യേശുക്രിസ്തുവിന്റെ സുവിശേഷം പങ്കുവയ്ക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതദൗത്യം. ക്രിസ്തീയ മിഷനറി, ബൈബിൾ അദ്ധ്യാപകൻ, എഴുത്തുകാരൻ, ദരിദ്രരാജ്യങ്ങളുടെ സാമ്പത്തികഉന്നമനത്തിനായി ശബ്ദം ഉയർത്തിയ വ്യക്തിത്വം എന്നൊക്കെ റീഡ് ഹൈഡിനെ വിശേഷിപ്പിക്കാം. ധന്യമായ ആ ജീവിതത്തിന് 1992 മാർച്ച് മാസം 23-ാംതിയതി തിരശ്ശീല വീണു എങ്കിലും പാരീസ് റീഡ് ഹൈഡിന്റെ ജീവിതദർശനം ഇന്ന് ലോകമെമ്പാടും മിക്ക മിഷനറിപ്രസ്ഥാനങ്ങളേയും ശക്തമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

അമേരിക്കൻ ഐക്യനാടുകളിലെ മിനിസോട്ടാ സംസ്ഥാനത്തുള്ള ഒരു കർഷകകുടുംബത്തിലാണ് 1919ാം ആണ്ട് മെയ് മാസം 30-ാം തിയതി പാരീസ് റീഡ്ഹൈഡ് ഭൂജാതനായത്. ബാല്യകാലം കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നവരുടെ സമൂഹത്തിലാണ് ചെലവഴിച്ചത്. ഏകദേശം 12 വയസ്സ് മാത്രം പ്രായമുള്ളപ്പോൾ ബാലനായ റീഡ്ഹൈഡിന് മാതാപിതാക്കൾ അംഗങ്ങളായിരുന്ന സഭയിൽ അംഗത്വം നൽകാൻ പട്ടക്കാരൻ തയ്യാറായി. ചോദിച്ച എല്ലാചോദ്യങ്ങൾക്കും ശരിയുത്തരം നൽകുകമാത്രമേ അവന് ചെയ്യേണ്ടിയിരുന്നുള്ളൂ. പിറ്റേന്ന് സഭാംഗത്വം ലഭിച്ചതിനേപ്പറ്റി സ്ക്കൂളിൽ അദ്ധ്യാപികയോട് പറഞ്ഞ ഈ ബാലനോട് യേശുക്രിസ്തുവിന്റെ സഭയിൽ അംഗമാകുവാൻ എന്തുചെയ്യണം എന്ന് വീണ്ടുംജനനാനുഭവമുള്ള അദ്ധ്യാപിക സംസാരിക്കുകയുണ്ടായി. ആകെ ചിന്താക്കുഴപ്പത്തിലായ റീഡ്ഹൈഡ് അടുത്തദിവസം നടന്ന ഒരു സുവിശേഷയോഗത്തിൽ വച്ച് തികഞ്ഞ പാപബോധത്തോടെ രക്ഷകനെ ഹൃദയത്തിലേക്ക് സ്വാഗതം ചെയ്യുകയും രക്ഷയുടെ ഉറപ്പ് ലഭിച്ചവനായിത്തീരുകയും ചെയ്തു. രക്ഷിക്കപ്പെടുവാൻ ആവശ്യമായ വചനങ്ങൾ പറഞ്ഞുകൊടുത്ത സുവിശേഷകൻ ആ ബാലനോട് ദൈവത്തിൽ നിന്ന് തന്നേ വ്യക്തിപരമായി ആ ഉറപ്പ് പ്രാപിക്കുവാനാണ് നിർദ്ദേശിച്ചത്. സ്വന്തം ജീവിതാനുഭവത്തിന്റെയും ദൈവവചനത്തിന്റെയും അടിസ്ഥാനത്തിൽ പിൽക്കാലത്ത് അദ്ദേഹം ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്ന ഒരു സത്യം ഇതായിരുന്നു: "നിങ്ങളെ സൃഷ്ടിച്ച ദൈവത്തിന് മാത്രമേ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു എന്ന് പറയാൻ അവകാശമുള്ളൂ". ആത്മീയമായി ഉണർത്തപ്പെട്ട അവസ്ഥയിൽ മാത്രം ഒരു പക്ഷേ എത്തിയ ഒരുവനോട് ' നീ രക്ഷിക്കപ്പെട്ടിരിക്കുന്നു' എന്ന് പറയുന്നത് ചിന്താക്കുഴപ്പത്തിന് കാരണമായേക്കും എന്നായിരുന്നു അദ്ദേഹം വിശ്വസിച്ചിരുന്നത്.

മിനിസോട്ടായുടെ പ്രാന്തപ്രദേശങ്ങളിൽ കേവലം 18 വയസ്സ് മാത്രം പ്രായ

മുള്ളപ്പോൾ വിദ്യാർത്ഥിയായ പാരീസ് റീഡ് ഹെഡ് സഭാ ശുശ്രൂഷചെയ്യാൻ തുടങ്ങി. ആ കാലയളവിൽ ഒരു മിഷനറിയായി വിദേശരാജ്യങ്ങളിലേക്ക് പോകാൻ കർത്താവു തന്നെ വിളിക്കുന്നതായി റീഡ് ഹെഡിന് തോന്നി. 1943 -ൽ, 24-ാമത്തെ വയസ്സിൽ മാർജോറിയുമായുള്ള വിവാഹം നടക്കുകയുണ്ടായി. കർത്താവിനെ ഹൃദയംഗമമായി സ്നേഹിച്ചിരുന്ന ഒരു യുവതിയെ ജീവിതപങ്കാളിയായി ലഭിച്ചത് മിഷനറി സ്വപ്നങ്ങൾക്ക് കൂടുതൽ ശക്തി നൽകി. 1945ൽ 'സുഡാൻ ഇന്റീരിയർ മിഷൻ' എന്ന മിഷനറി സംഘടനയുടെ മിഷനറിമാരായി റീഡ്ഹെഡും മാർജോറിയും സുഡാൻ -എത്യോപ്യ അതിർത്തിയിലേക്ക് യാത്രയായി. ആ മേഖലയുടെ സുവിശേഷീകരണത്തിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും മുന്നോടിയായി അവിടുത്തെ ജനങ്ങൾ സംസാരിച്ചിരുന്ന ഗോത്രവർഗ്ഗ ഭാഷകൾ വിശകലനം ചെയ്യാനും പഠിക്കാനും അവർ സമയം കണ്ടെത്തി. വൈകാതെ അവിടുത്തെ ഭാഷകളിൽ ഇരുവരും പ്രാവണ്യം നേടി. പിൽക്കാലത്ത് പാരീസ് റീഡ് ഹെഡിന്റെ ജീവിതത്തെ ആഴമായി സ്വാധീനിച്ച അടിസ്ഥാന പരമായ മൂല്യങ്ങൾ സൂഡാനിലെ ജീവിതാനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നവയായിരുന്നു.

ഈ കാലഘട്ടത്തിൽ റീഡ് ഹെഡ് വളരെ വേദനാജനകമായ ഒരു ആത്മീയ പ്രതിസന്ധിയിലൂടെ കടന്നുപോകാൻ ഇടയായി. "പത്ത് ശേക്കെലും ഒരു ജോഡി വസ്ത്രവും" എന്ന പ്രസിദ്ധമായ അദ്ദേഹത്തിന്റെ അനുഭവസാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രഭാഷണത്തിൽ ഈ പ്രതിസന്ധിയേപ്പറ്റി വിവരിക്കുന്നുണ്ട്. തന്റെ കാലഘട്ടത്തിൽ നടക്കന്ന സുവിശേഷീകരണത്തിന്റെ സിംഹഭാഗവും നേട്ടം മാത്രം ലക്ഷ്യമാക്കിയുള്ള മാനുഷിക തത്വശാസ്ത്രങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതാണ് എന്ന ബോദ്ധ്യം റീഡ് ഹെഡിന്റെ ഉള്ളിൽ വേരുറച്ചത് ഈ സമയത്താണ്. ദൈവവചനത്തിന്റെ പ്രമാണങ്ങളേക്കാൾ മനുഷ്യന്റെചിന്തകൾക്ക് പ്രാമുഖ്യം നൽകുന്ന എല്ലാ 'ക്രിസ്തീയ' പ്രവർത്തനങ്ങളും ലക്ഷ്യപ്രാപ്തിയിലെത്തുകയില്ല എന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു. "ജീവിതത്തിന്റെ പരമമായ ലക്ഷ്യം മനുഷ്യന്റെ സന്തോഷമല്ല, ദൈവത്തിന്റെ മഹത്വമാണ് " എന്നുള്ളത് പാരീസ് റീഡ് ഹെഡിന്റെ ജീവിതസന്ദേശമായിത്തീരുകയായിരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ ഇഹലോകജീവിതത്തിന്റെ സന്ദേശവും വ്യത്യസ്തമായിരുന്നില്ലല്ലോ?

ആഫ്രിക്കയിലെ മിഷനറിവേല പല യാഥാർത്ഥ്യങ്ങളിലേക്കും അദ്ദേഹത്തിന്റെ കണ്ണുതുറന്നു. ദൈവവചനം കേൾക്കാൻ താത്പര്യം പ്രകടിപ്പിക്കുന്ന ദരിദ്രരായ ജനലക്ഷങ്ങൾ. പട്ടിണികൊണ്ട് തളർന്ന അവരുടെ ശരീരങ്ങൾക്ക് ദൈവവവചനത്തെക്കാൾ ഭക്ഷണം അടിയന്തരമായി ആവശ്യമാണെന്ന കണ്ടെത്തൽ. വിശക്കുന്നവന്റെ മുമ്പിൽദൈവം ഭക്ഷണമായിട്ടാണ് പ്രത്യക്ഷപ്പെടുന്നത് എന്ന സത്യം നേരിട്ട് ഗ്രഹിച്ച ദിവസങ്ങൾ. പുരുഷാരത്തെ ഭക്ഷണം കൊടുക്കാതെ പറഞ്ഞയക്കാൻ മനസ്സില്ലാതിരുന്ന യേശുവിന്റെ ഹൃദയം കണ്ടെത്തിയ ഈ യുവമിഷനറി സുവിശേഷീകരണത്തിന് പുതിയ മാനങ്ങൾ കണ്ടെത്തുകയായിരുന്നു. യുദ്ധം ജയിച്ച് മടങ്ങിവന്ന അബ്രാഹാമിനെ അപ്പവും വീഞ്ഞുമായി എതിരേറ്റുചെന്ന ശാലേംരാജാവായ മൽക്കീസെദേക്കിനെ ഓർക്കുക. നമ്മുടെ അയൽക്കാരന്റെ ആത്മാവിന്റെ ദാഹം ശമിപ്പിക്കുന്നതോടൊപ്പം അവന്റെ അടിസ്ഥാന ആവശ്യങ്ങൾ കൂടി നിറവേറ്റേണ്ടതാണ് എന്ന പാരീസ് റീഡ് ഹെഡിന്റെ ആശയം



ജീവമൊഴികൾ

ഇന്ന് ലോകവ്യാപകമായി മിഷനറി പ്രസ്ഥാനങ്ങളുടെ ആപ്തവാക്യമായി മാറിയിട്ടുണ്ട്.

ആഫ്രിക്കയിലെ മിഷനറിവേലയ്ക്കുശേഷം അമേരിക്കയിലേക്ക് മടങ്ങിയെത്തിയ റീഡ് ഹെഡിനെ അമേരിക്കയുടെ തെക്കുകിഴക്കൻ മേഖലയിലെ സുഡാൻ ഇന്റീരിയർ മിഷന്റെ സെക്രട്ടറിയായി നിയോഗിക്കുകയുണ്ടായി. മിഷനറി വേലയെപ്പറ്റി ആധികാരികമായി സംസാരിക്കാൻ പ്രാപ്തനായ ഒരാളായി രാജ്യവ്യാപകമായി അദ്ദേഹം അറിയപ്പെട്ടു. തുടർന്നുള്ള നാളുകളിൽ അമേരിക്കയിലെ ക്രിസ്തീയ സഭകളെ സുവിശേഷീകരിക്കുക എന്ന ശ്രമകരമായ ദൗത്യം അദ്ദേഹം ഏറ്റെടുത്തു. ഒരു വിരോധഭാസമായിത്തോന്നാമെങ്കിലും 'ക്രിസ്തീയ' സഭകളെ സുവിശേഷീകരിക്കുന്നത് പ്രധാനപ്പെട്ട ഒരു മിഷനറിവേലയായി അദ്ദേഹം കരുതിയിരുന്നു.

1953ൽ പ്രസിദ്ധനായ എ.ബി. സിംസൺ തുടങ്ങിവച്ച ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസ് എന്ന പ്രസ്ഥാനത്തിനുവേണ്ടി പാരീസ് റീഡ് ഹെഡ് ദേശീയ ബൈബിൾ കോൺഫറൻസ് ശുശ്രൂഷകൾ ആരംഭിച്ചു. ഈ ശുശ്രൂഷാബന്ധം അദ്ദേഹത്തെ 1956ൽ ന്യൂയോർക്കിലെ ഗോസ്പൽ ടാബർനാക്കിൾ സഭയുടെ ശുശ്രൂഷയിലേക്ക് നയിച്ചു. 1887 ലാണ് എ.ബി.സിംസൺ ന്യൂയോർക്കിൽ ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസ് പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ന്യൂയോർക്കിൽ സഭാശുശ്രൂഷയിൽ ആയിരുന്ന കാലത്ത് യുണൈറ്റഡ് നേഷൻസിന്റെ ആസ്ഥാനത്തുനിന്നും ലഭ്യമായ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി മൂന്നാംലോകരാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്കായി ഒരു നൂതനപദ്ധതി ആവിഷ്ക്കരിക്കാൻ ഇടയായി. സർക്കാർ ഫണ്ടുകളും സ്വകാര്യമേഖലയിൽ നിന്നും സമാഹരിക്കുന്ന ഫണ്ടു



## *സുവിശേഷീകരണത്തിലെ വേറിട്ടശൈലി:*
## **പാരീസ് റീഡ് ഹെഡ്**

കളും ഈ പദ്ധതിക്കായി ഉപയോഗിക്കുമായിരുന്നു. അവികസിത രാജ്യങ്ങളിൽ അനേകം സ്ഥലങ്ങളിൽ പ്രാദേശികവികസനം ലക്ഷമാക്കി തുടങ്ങിയ കർമ്മപദ്ധതികൾ റീഡ് ഹെഡിനെ ആഫ്രിക്കയിലേയും, ഏഷ്യയിലേയും, ദക്ഷിണ അമേരിക്കയിലേയും മിഷനറിവേല സ്ഥലങ്ങളിലേക്ക് കടന്നുപോകാൻ നിർബന്ധിച്ചു.

1966 ആയപ്പോഴേക്കും മൂന്നാം ലോകരാജ്യങ്ങളുടെ വികസനത്തിനായി മുഴുവൻ സമയവും വിനിയോഗിക്കേണ്ട അവസ്ഥയായി. പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള ധനസമാഹരണത്തിലൂടെയുള്ള വികസനദർശനം 1971ൽ അന്തർദേശിയ വികസനത്തിനായുള്ള ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രേരകമായി. ഏകദേശം തൊണ്ണൂറോളം സുവുശേഷവിഹിത പ്രസ്ഥാനങ്ങൾക്ക് മാതൃകയായിത്തീർന്ന ഈ സ്ഥാപനത്തിലൂടെ ചുരുങ്ങിയ കാലത്തിനുള്ളിൽ പത്തുകോടി ഡോളർ അവികസിതരാജ്യങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെട്ടു. 1984ൽ ലോകവ്യാപകമായി സഭാപരവും സുവിശേഷീകരണത്തോട് ബന്ധപ്പെട്ടതുമായ

# നിങ്ങൾ, ജീവിക്കുന്ന മറ്റൊരു ക്രിസ്തു

പാരീസ് റീഡ് ഹെഡ്

**അ**തിക്രമങ്ങളിലും പാപങ്ങളിലും മരിച്ചുകിടക്കുന്ന ഒരുവനെ തന്നിലേക്ക് നടത്തുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ ഒന്നാമതായി അവിടുന്ന് ദൈവകൃപയുടെ മാതൃകയായി ഒരു വ്യക്തിയെ പാപിയായ ആ മനുഷ്യന്റെ സമീപേ അയയ്ക്കുന്നു. രക്ഷ ആവശ്യമുള്ള ചിലർക്ക് അവർ അറിയുന്ന ഏറ്റവുംനല്ല ക്രിസ്ത്യാനി–കൃപയുടെ മാതൃക-നിങ്ങളാണ്. എന്നെങ്കിലും ആ വ്യക്തി ക്രിസ്തുവിൽ ആയിത്തീർന്നാൽ അതിന് കാരണക്കാരൻ നിങ്ങളായിരിക്കും. ദൈവകൃപയുടെ പ്രദർശനവസ്തുവായി, ജീവിക്കുന്ന മറ്റൊരു ക്രിസ്തുവായി നിങ്ങൾ അവന്റെ മുമ്പിൽ ഉണ്ടായിരുന്നല്ലോ? മാനസാന്തരപ്പെടാത്ത ഒരു വ്യക്തിക്കുവേണ്ടി ആദ്യമായി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് ഈ കാര്യമാണ്.

ക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവപിതാവിന്റെ കുടുംബത്തിലേക്ക് പിറന്ന നിങ്ങളെ ലോകം മനസ്സിലാക്കുന്നില്ലെങ്കിൽ ദുഃഖിക്കേണ്ട. (1 യോഹ.3:1). ലോകം നിങ്ങളെ മനസ്സിലാക്കുകയാണെങ്കിലാണ് നിങ്ങൾക്ക് ദുഃഖം വരേണ്ടത്! പുറമേ നോക്കുമ്പോൾ നാം മറ്റുള്ളവരെപ്പോലെ തന്നെ ആകയാൽ ലോകം പുറമേയുള്ളതുമാത്രമേ കാണുന്നുള്ളൂ. കർത്താവിനെ അറിയുന്നതിനു മുമ്പ് നാം എത്രമാത്രം മ്ലേച്ഛമായി ജീവിച്ചിരുന്നു എന്ന് ചുറ്റുമുള്ള ചിലർ ശ്രദ്ധിച്ചെന്നു വരും. ഈ ലോകത്തിന്റെ കാലഗതിയെ അനുസരിച്ച് നടന്നിരുന്ന നമ്മിൽ അവർ ഒരു വ്യത്യാസം ദർശിക്കുമെങ്കിലും അത് എന്തുകൊണ്ടാണെന്ന് അവർക്കു ഗ്രഹിപ്പാൻ കഴികയില്ല.

ലോകചരിത്രത്തിൽ പ്രത്യക്ഷനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ലോകംഅറിഞ്ഞില്ല എങ്കിൽ ഇന്ന് അവനുള്ളവരെയും അറികയില്ല. നമുക്ക് എന്തുസംഭവിച്ചു എന്ന് ഗ്രഹിക്കാനുള്ള പ്രാപ്തി അവർക്കില്ല എന്നതാണ് സത്യം. ഹൃദയങ്ങളെ ശ്രദ്ധിക്കുന്ന ദൈവം നമ്മോടുള്ള അതിരറ്റ സ്നേഹത്താൽ നമ്മിൽ മഹത്വപൂർണ്ണമായ ഒരു രൂപാന്തരപ്രവൃത്തി ചെയ്യുകയും നമ്മെ മരണത്തിൽ നിന്നു ജീവനിലേക്ക് നയിക്കുകയും ചെയ്തിരിക്കുന്നു.

ഉയരത്തിൽനിന്നു ജനിച്ച നാം നമ്മുടെ ഹൃദയങ്ങളെ ദൈവം രൂപാന്തരപ്പെടുത്തിയ കാര്യം സാക്ഷിക്കുന്നവരാകണം. “നിനക്ക് എന്താണ് സംഭവിച്ചത്? നീ വ്യത്യസ്തനായിരിക്കുന്നു; എന്താണ് സംഭവിച്ചത് എന്ന് എന്നോട് പറയുക.” എന്ന് ഒരുവൻ നിങ്ങളോട് പറയുന്നതാണ് സാക്ഷിക്കുവാൻ ഏറ്റവും പറ്റിയ സന്ദർഭം. അവർ നിങ്ങളുടെ ജീവിതത്തിൽ ഒരു വ്യത്യാസവും കാണുന്നില്ലെങ്കിൽ നിങ്ങൾ വാതോരാതെ സംസാരിക്കുന്നത് തികച്ചും അർത്ഥശൂന്യമായ കാര്യമാണ്.

രണ്ടാമതായി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് രക്ഷിക്കപ്പെടാത്തവർക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്തു പ്രാർത്ഥിക്കുകയാണ്. ദൈവം പാപിയായ ഒരുവന് നരകത്തിൽ പോകാനുള്ള സ്വാതന്ത്ര്യം നൽകിയിരിക്കുന്നു.

***രക്ഷ ആവശ്യമുള്ള ചിലർക്ക് അവർ അറിയുന്ന ഏറ്റവുംനല്ല ക്രിസ്ത്യാനി-കൃപയുടെ മാതൃക-നിങ്ങളാണ്. എന്നെങ്കിലും ആ വ്യക്തി ക്രിസ്തുവിൽ ആയിത്തീർന്നാൽ അതിന് കാരണക്കാരൻ നിങ്ങളായിരിക്കും. ദൈവകൃപയുടെ പ്രദർശനവസ്തുവായി, ജീവിക്കുന്ന മറ്റൊരു ക്രിസ്തുവായി നിങ്ങൾ അവന്റെ മുമ്പിൽ ഉണ്ടായിരുന്നല്ലോ? മാനസാന്തരപ്പെടാത്ത ഒരു വ്യക്തിക്കുവേണ്ടി ആദ്യമായി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് ഈ കാര്യമാണ്.***

ആ വ്യക്തി സ്വന്തമായോ, അവനുവേണ്ടി മറ്റൊരുവനോ ദൈവത്തോട് ആവശ്യപ്പെടുന്നതുവരെ ദൈവം ഇടപെടുന്നില്ല. കോടതിയിൽ കുറ്റവാളിക്കുവേണ്ടി വാദിക്കുന്ന ഒരു വക്കീലിനെപ്പോലെ പാപിക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കുന്ന പ്രവൃത്തിയാണ് മദ്ധ്യസ്ഥപ്രാർത്ഥന. നിങ്ങൾ രക്ഷിക്കപ്പെട്ട ദൈവപൈതലാണെങ്കിൽ പാപിയായ ഒരുവന്റെ പാപം ഏറ്റുപറഞ്ഞ് ദൈവത്തിന്റെ നീതി അംഗീകരിച്ച് പാപിക്കുവേണ്ടി ദൈവസന്നിധിയിൽ നിൽക്കുവാൻ സ്വർഗ്ഗം നിയോഗിച്ചിരിക്കുന്ന വക്കീലാണ് എന്ന കാര്യം മറക്കരുത്. ആ ശുശ്രൂഷയിൽ നിങ്ങൾ ദൈവത്തോട് കരുണയ്ക്കായി നിലവിളിക്കുന്നു. ഏതൊരു വ്യക്തിയുടെ ആവശ്യം നിങ്ങൾ തിരിച്ചറിയുന്നുവോ ആ വ്യക്തിക്ക് നിങ്ങൾ അയൽക്കാരനാണ്. നിങ്ങൾ പാപിയായ ഒരുവന്റെ നല്ല അയൽക്കാരനായി മദ്ധ്യസ്ഥത ചെയ്യുമ്പോൾ അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചുകിടക്കുന്ന അവന്റെ ഹൃദയത്തിൽ ദൈവം പ്രവർത്തിച്ചുതുടങ്ങുന്നു.

മൂന്നാമതായി നമുക്ക് ചെയ്യാൻ കഴിയുന്നത് യേശുവിനെ അറി

---

തൊഴിലവസരങ്ങൾ ദരിദ്രകുടുംബങ്ങൾക്ക് ലഭ്യമാക്കാനുള്ള മറ്റൊരു പ്രസ്ഥാനത്തിനും തുടക്കമായി. ലാഭേച്ഛ കൂടാതെ വിശ്വാസത്താൽ നടന്നു വരുന്ന ഈ പ്രസ്ഥാനം പ്രാദേശിക ക്രിസ്തീയകൂട്ടായ്മകളിലൂടെ പുതിയ തൊഴിൽസംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ പരിശീലനവും മുലധനവും നൽകി വരുന്നു.

1992ൽ വിർജിനിയ സംസ്ഥാനത്തെ വുഡ്ബ്രിഡ്ജ് എന്ന സ്ഥലത്തു വച്ചായിരുന്നു, 73ാം വയസ്സിൽ ഈ കർമ്മധീരൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്. പാരീസ് റീഡ്ഹെഡിന്റെ ദൈവവചനപഠനശുശ്രൂഷ സഹധർമ്മിണി മാർജോറിയുടെയും മകൾ വിർജീനീയയുടെയും നേതൃത്വത്തിൽ തുടർന്നു വരുന്നു. സമർപ്പിതരായ ഒരു കൂട്ടം ബോർഡ് അംഗങ്ങൾ റീഡ് ഹെഡിന്റെ മരണശേഷവും ഈ ശുശ്രൂഷകളിൽ സഹകരിക്കുന്നുണ്ട്. സുവിശേഷസന്ദേശം ഈ വിധം കൂടുതലായി ലോകവ്യാപകമായി എത്തിക്കൊണ്ടിരിക്കുന്നു എന്നത് ചാരിതാർത്ഥ്യജനകമാണ്.

പാരീസ് റീഡ്ഹെഡിന്റെ പരിശുദ്ധാത്മപ്രേരിതമായ ക്രിസ്തീയസന്ദേശങ്ങൾ കഴിഞ്ഞ കാലത്തേക്കാൾ അധികമായി ഇന്ന് ആയിരങ്ങളെ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ സ്വകാര്യനേട്ടത്തിനും സുഖസൗകര്യങ്ങൾക്കും വേണ്ടി യേശുക്രിസ്തുവിന്റെ സുവിശേഷത്തെ വില്പനച്ചരക്കാക്കിയിരിക്കുന്ന ഈ തലമുറയിൽ പാരീസ് റീഡ്ഹെഡിനെപ്പോലെയുള്ളവരുടെ പ്രവാചകശബ്ദത്തിന് അധികം പ്രസക്തിയുണ്ട്.

●

യാത്തവരുടെ ഹൃദയങ്ങളിലും മനസ്സാക്ഷികളിലും ദൈവവചനം നൽകി സാക്ഷ്യം വഹിക്കുകയാണ്. ദൈവം എത്ര വിശുദ്ധനാണെന്ന് പാപികൾ അറിയട്ടെ. ഈ വിശുദ്ധനായ ദൈവം അവിടുത്തെ സ്നേഹത്തിൽ പുത്രനെ നമുക്കായി മരിക്കാൻ അയച്ചകാര്യം നാം പറയണം. ഈ സ്നേഹത്തോട് എങ്ങനെ പ്രതികരിക്കണം എന്ന് നാം പറഞ്ഞുകൊടുക്കണം. നിന്റെ അയൽക്കാരനോട് ദൈവവചനം അറിയിച്ചതിലൂടെ ദൈവത്തിന് അവന്റെ ഹൃദയത്തിൽ പ്രവർത്തിക്കാൻ അവസരം നൽകിയ നീ ഏറ്റവും വലിയ ദൈവികശുശ്രൂഷയാണ് ചെയ്തത്. ദൈവവചനം ഒരു എക്സ്റേ മെഷീനാണെങ്കിൽ പരിശുദ്ധാത്മാവ് ഹൃദയത്തിന്റെ എക്സ്-റേ എടുക്കുന്ന ആളാണ്.

"ഞാൻ മരണത്തിൽ നിന്നു ജീവനിലേക്ക് കടന്നതിനാൽ ദൈവത്തിന് സ്തോത്രം" എന്ന് ആ വ്യക്തി പറയും. അല്ലെങ്കിൽ "ഞാൻ കേട്ടകാര്യങ്ങളുടെ വെളിച്ചത്തിൽ ഞാൻ മരണത്തിൽ നിന്നു ജീവനിലേക്ക് കടന്നിട്ടില്ല" എന്ന് അയാൾ പറയും. അങ്ങനെയാണ് പറയുന്നതെങ്കിൽ ആ വ്യക്തിയെ രക്ഷകനായ യേശുവിന്റെ അടുത്തേക്ക് നയിക്കുക. ദൈവവചനം കല്പിക്കുന്നത് ആ വ്യക്തി ചെയ്തുകഴിയുമ്പോൾ ജീവനിലേക്കുള്ള പ്രവേശനം സാദ്ധ്യമാകുന്നു. അത് അനുഭവിക്കുന്ന അയാൾ തന്നെ നിങ്ങളോട് പറയും! നിങ്ങൾക്കും കാര്യം മനസ്സിലാകും. ദൈവത്തിനുമാത്രമേ ഒരു ആത്മാവിനെ രക്ഷിപ്പാൻ കഴിയൂ. പരിശുദ്ധാത്മാവാം ദൈവത്തിനറിയാം വീണ്ടും ജനനത്തിന്റെ പ്രക്രിയ എപ്പോഴാണ് പൂർത്തിയാകുന്നതെന്ന്. നാം ആദരവോടെ പുറത്തുമാത്രം നിൽക്കേണ്ടവരാണ്. നാം വാക്കുകളും, ചലനങ്ങളും, ശ്രദ്ധിച്ചെന്നുവരാം. ദൈവം ഹൃദയത്തെ ശ്രദ്ധിക്കുന്നു. പ്രപഞ്ചത്തിൽ ഒരുവൻ മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് ഒരുവനോട് പറയാൻ അവകാശമുള്ള ഏകവ്യക്തി പരിശുദ്ധാത്മാവാം ദൈവം മാത്രമാണ്. ഈ പ്രക്രിയ അല്പം സാവധാനത്തിൽ നടക്കുന്ന ഒന്നായിരിക്കാം. എന്നാൽ സമ്പൂർണ്ണവും നിലനിൽക്കുന്നതുമായ ഒരു ദൈവികപ്രവൃത്തിയായിരിക്കും അത്.

ഒരുവൻ നിങ്ങളുടെ അടുക്കൽ വന്ന്:"ഞാൻ വീണ്ടും ജനിച്ചോ എന്ന് എനിക്ക് ഉറപ്പില്ല; എന്നെ സഹായിക്കാമോ?" എന്ന് ചോദിച്ചാൽ നിങ്ങൾ എന്തുചെയ്യും? നിങ്ങൾ രക്ഷയുടെ ഉറപ്പ് അവന് നൽകണം എന്നാണ് അവന്റെ ആഗ്രഹം. നിങ്ങൾക്ക് ഒരിക്കലും അത് നൽകാൻ കഴികയില്ല! എന്നാൽ നിങ്ങൾക്ക് ഒന്നു ചെയ്യാൻ കഴിയും. ദൈവവചനം തുറന്ന് വായിക്കുകയും, സംസാരിക്കയും വചനം അവന്റെ ഹൃദയത്തിലേക്ക് കടന്നുചെല്ലാൻ പരിശുദ്ധാത്മാവിനെ വിശ്വസിക്കയും ചെയ്യാം. ദൈവാത്മാവിനുമാത്രമേ ആ ഉറപ്പ് അവന് നൽകുവാൻ കഴിയൂ.

ദൈവത്തിന്റെ ജനത്തേപ്പറ്റി, സഭയെപ്പറ്റി, ദൈവോദ്ദേശ്യം എന്താണ്? 1പത്രോസ് 2: 9,10; മർക്കോസ് 16:15, യോഹ.14:23-24 എന്നീ വേദഭാഗങ്ങൾ ഈ ചോദ്യത്തിന് മറുപടി നൽകുന്നു.

ദൈവത്തിൽ നിന്ന് ജനിച്ചവർ ദൈവത്തെ സ്നേഹിക്കുന്നു. ദൈവത്തോടുള്ള സ്നേഹത്തിൽ നിന്ന് അവർ അവിടുത്തെ കല്പനകൾ അനുസരിക്കുന്നു. നിങ്ങൾ ഭൂലോകത്തിലെങ്ങും പോയി സകലസൃഷ്ടിയോടും സുവിശേഷം അറിയിക്കുക എന്ന യേശുവിന്റെ കല്പന (മർക്കോ. 16:15) അനുസരിച്ച ഏവരും ദൈവത്തോടുള്ള സ്നേഹം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്.

(Evidences of Eternal Life എന്ന ഗ്രന്ഥത്തിൽ നിന്ന്)



വചനം

# "എന്നോടു ചോദിച്ചുകൊൾക ഞാൻ നിനക്ക് തരും"

**ഞാൻ** പ്രാർത്ഥിക്കുവാനും ഏറെ പ്രാർത്ഥനയിലായിരിക്കുവാനും ദൈവം ആഗ്രഹിക്കുന്നു: എന്തുകൊണ്ടെന്നാൽ, ആത്മീയശുശ്രൂഷയുടെ സകല വിജയവും പ്രാർത്ഥനയെ ആശ്രയിച്ചാണിരിക്കുന്നത്.

പ്രാർത്ഥനാവിമുഖനായ പ്രസംഗകനും തന്റെ ശുശ്രൂഷയിൽ ചില ഫലങ്ങൾ കണ്ടു എന്നു വരാം, അങ്ങനെയെങ്കിൽ അത് ആരോ , എവിടെയോ, പ്രാർത്ഥിച്ചതിനാലാണ്. ഫലം പ്രസംഗകന്റേതല്ല, പ്രാർത്ഥനക്കാരന്റേതാണ്. കർത്താവ് "ഓരോരുത്തന് അവനവന്റെ പ്രവൃത്തികൾക്ക് തക്ക പ്രതിഫലം" നൽകുന്ന ദിവസം പ്രസംഗകരായ നമ്മിൽ പലരും അമ്പരക്കും. "കർത്താവേ !അവർ ഞാൻ മൂലം മാനസാന്തരപ്പെട്ടവരാണ് ! അനേകർ ആട്ടിൻ തൊഴുത്തിൽ വന്നുചേരത്തക്കവണ്ണം ഞാനാണ് സുവിശേഷയജ്ഞം സംഘടിപ്പിച്ചത്. അതേ ഞാനാണ് പ്രസംഗിച്ചതും ആഹ്വാനം നല്കിയതും നിർബന്ധിച്ചതും . എന്നാൽ, അവർക്ക് വേണ്ടി പ്രാർത്ഥിച്ചത് ഈ 'ഞാൻ' ആയിരുന്നുവോ?

ഏതൊക്കെയോ വിശ്വാസികളുടെ പ്രാർത്ഥനയുടെ മറുപടിയായി പരിശുദ്ധാത്മാവ് വാദിക്കുന്നതിന്റെ ഫലമാ



"നിനക്കെതിരെ കുറ്റം ചുമത്തുവാൻ ആരും ഇല്ല, എന്നാൽ നീതന്നെ നിന്നെ കുറ്റപ്പെടുത്തുന്നു! നിനക്കെതിരെ കേസെടുക്കുവാൻ ഞങ്ങൾക്ക് നിയമം ഇല്ല."

യാണ് ഓരോരുത്തരും മാനസാന്തരപ്പെടുന്നത്.

'ഓ ദൈവമേ, അങ്ങനെയൊരു അമ്പരപ്പ് ഞങ്ങളുടേതാകുവാൻ ഇടയാക്കരുതേ. ഓ കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ'.

തന്റെ മക്കളുടെ പ്രാർത്ഥനയ്ക്കായി കാത്തിരിക്കുന്ന ഒരു ദൈവത്തെയാണ് നാം ബൈബിളിൽ ദർശിക്കുന്നത്. ആ വിളിയോടു ഞാനെങ്ങനെ പ്രതികരിക്കുന്നു? 'ഞാൻ സ്വർഗ്ഗീയദർശനത്തിന് അനുസരണക്കേടു കാണിച്ചില്ല.' എന്നു പൗലോസിനോടു ചേർന്ന് എനിക്ക് പറയാൻ കഴിയുമോ? വീണ്ടും ഞങ്ങൾ ആവർത്തിക്കട്ടെ, സ്വർഗ്ഗത്തിൽ എന്തെങ്കിലും ദു:ഖങ്ങൾ ഉണ്ടെങ്കിൽ അതിൽ ഏറ്റവും വലുത് നാം ഭൂമിയിലായിരുന്നപ്പോൾ യഥാർത്ഥപക്ഷവാദത്തിനുവേണ്ടി വളരെക്കുറച്ച് സമയംമാത്രമേ ചെലവഴിച്ചുള്ളൂ. എന്നുള്ളതായിരിക്കും.

പ്രാർത്ഥനയുടെ വിശാലമായ വ്യാപ്തിയെക്കുറിച്ചു ചിന്തിക്കുക! "എന്നോടു ചോദിച്ചുകൊള്ളുക. ഞാൻ നിനക്ക് ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും" (സങ്കീ. 2: 8). എന്നിട്ടും പലരും തങ്ങളുടെ ജീവിതത്തിലെ ചെറിയ കാര്യങ്ങൾക്കുപോലും പ്രാർത്ഥനയിൽ അദ്ധ്വാനിക്കുവാൻ ദൈവത്തോടടുക്കുന്നില്ല. പത്തിൽ ഒമ്പത് ക്രിസ്ത്യാനികളും ജാതികൾക്കവേണ്ടി പ്രാർത്ഥിക്കുന്ന കാര്യം ഒരിക്കൽപ്പോലും ചിന്തിക്കാറുമില്ല!

ക്രിസ്ത്യാനികളുടെ പ്രാർത്ഥനാവിമുഖത കാണുന്നവൻ അന്ധാളിക്കാനിടയുണ്ട്. അത്, അവർ ഒരിക്കലും പ്രാർത്ഥനയുടെ സുവ്യക്തമായ മറുപടിയെക്കുറിച്ചു കേട്ടിട്ടോ അനുഭവിച്ചിട്ടോ ഇല്ലാത്തതിനാലാകാം.

ഈ ലേഖനത്തിൽ ഞങ്ങൾ ''അസാദ്ധ്യകാര്യങ്ങൾ'' ചെയ്യാൻ ആരംഭം കുറിക്കുകയാണ്. എന്താണത്? പ്രാർത്ഥനയുടെ ശക്തി എന്താണെന്ന് ഓരോ വായനക്കാരന്റെ ഹൃദയത്തിലും മനസ്സാക്ഷിയിലും ബോദ്ധ്യം വരുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അത് അസാദ്ധ്യകാര്യമെന്ന നിലയിൽ ചിത്രീകരിക്കുവാൻ ഞങ്ങൾ തുനിയുകയാണ്. കാരണം, നമ്മുടെ കർത്താവിന്റെ വാഗ്ദത്തങ്ങളെയും കല്പനകളെയും മനുഷ്യർ വിശ്വസിക്കുകയോ അതനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യാതിരിക്കെ വെറും മാനുഷികപ്രബോധനങ്ങൾക്ക് അവരെ സ്വാധീനിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നതെങ്ങനെ?

എന്നാൽ നമ്മുടെ കർത്താവു തന്റെ ശിഷ്യരോടു സംസാരിക്കുമ്പോൾ 'അവൻ പിതാവിലും പിതാവ് അവനിലും' ആണെന്നവർ വിശ്വസിക്കണമെന്ന് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുവോ? പിന്നീടവൻ കൂട്ടിച്ചേർത്തു. " എന്റെ വാക്കുകളെ നിങ്ങൾക്കു വിശ്വസിക്കാൻ കഴിയുന്നില്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ " (യോഹ.14:11).

മറ്റൊരു നിലയിൽ പറഞ്ഞാൽ ' എന്റെ വ്യക്തിത്വവും എന്റെ വിശുദ്ധീകരിക്കപ്പെട്ട ജീവിതവും നിസ്തുല്യമായ വാക്കുകളും എന്നിലുള്ള വിശ്വാസത്തിന് മുഖാന്തരമാകുന്നില്ലെങ്കിൽ എന്റെ പ്രവൃത്തികളെ നോക്കുക. വിശ്വസിപ്പിക്കുവാൻ തീർച്ചയായും അതു മതിയാകും. ഞാൻ ചെയ്യുന്നതു നിമിത്തം എന്നെ വിശ്വസിക്കും.'

അവൻ പിന്നെയും വാഗ്ദാനം തുടർന്നുകൊണ്ടു പറഞ്ഞു: അവർ എന്നിൽ വിശ്വസിച്ചാൽ ഞാൻ ചെയ്യുന്നതിലും "വലിയ പ്രവൃത്തികൾ" ചെയ്യും. ഇതു പറഞ്ഞുതിനുശേഷമാണ് അവൻ പ്രാർത്ഥനയോടനുബന്ധിച്ചുള്ള ആറു വലിയ വാഗ്ദാനങ്ങൾ നൽകിയത്. "വലിയ പ്രവൃത്തികൾ" പ്രാർത്ഥനയുടെ ഫലമായിമാത്രമേ ചെയ്യാൻ കഴിയൂ എന്നുള്ളതാണ് ക്ലിപ്തമായ മാനദണ്ഡം.





അതുകൊണ്ട് ശിഷ്യന്മാർ യജമാനന്റെ മാതൃക പിൻപിറ്റേണ്ടതല്ലേ? വേലക്കാരാ, താങ്കൾ ഗ്രഹിക്കുന്നതിൽ പരാജയപ്പെട്ടാൽ, പ്രാർത്ഥനയെക്കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ അമ്പരപ്പിക്കുന്ന വാഗ്ദാനങ്ങൾ വിശ്വസിക്കുന്നതിൽ പരാജയപ്പെട്ടാൽ, "പ്രവൃത്തികൾ നിമിത്തമെങ്കിലും വിശ്വസിക്കില്ലേ? അതായത് ക്രിസ്തീയ സ്ത്രീപുരുഷന്മാർ ഇന്ന് ചെയ്യുന്ന വലിയ പ്രവൃത്തികളാൽ ശരിയായിപ്പറഞ്ഞാൽ അവരുടെ പ്രാർത്ഥനയാൽ കർത്താവായ യേശു അവരിലും അവർക്കുവേണ്ടിയും ചെയ്യുന്ന പ്രവൃത്തികളാൽ തന്നെ!

നാം എന്തിനായി ഒരുമ്പെട്ടിറങ്ങിയവരാണ്? നമ്മുടെ വാസ്തവമായ ജീവിതലക്ഷ്യം എന്താണ്? നമ്മിൽപ്പലരും യജമാനന്റെ സേവനത്തിൽ ഫലപൂർണ്ണരാകാനാഗ്രഹിക്കുന്നുവെന്നുള്ളത് സത്യമാണ്. നാം പദവിയോ, സ്ഥാനമോ, അധികാരമോ തേടുന്നില്ല. എന്നാൽ ഫലമുള്ള വേലക്കാരാകാൻ ആഗ്രഹിക്കുന്നു എങ്കിൽ നമ്മുടെ പ്രസംഗംകൊണ്ട് സാധിക്കുന്നതിനെക്കാൾ കൂടുതൽ പ്രാർത്ഥനകൊണ്ടു സാധിക്കാൻ കഴിയും. എ.ജെ. ഗോർഡൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു, "പ്രാർത്ഥനയ്ക്കുശേഷമാണെങ്കിൽ നിങ്ങൾക്ക് പ്രാർത്ഥനയെക്കാൾ അധികം പ്രവർത്തിക്കാം: എന്നാൽ പ്രാർത്ഥിക്കുന്നതുവരെയും പ്രാർത്ഥനയെക്കാൾ അധികമൊന്നും ഒരിക്കലും പ്രവർത്തിക്കാൻ സാധിക്കയില്ല. " നാം ഇതെങ്കിലും വിശ്വസിച്ചിരുന്നെങ്കിൽ!

ഇന്ത്യയിൽ ഒരു വനിത അവളുടെ ജീവിതത്തിലും ശുശ്രൂഷയിലും പരാജയത്തിലൂടെ കടന്നുപോകുകയായിരുന്നു, ഭക്തയായ ഒരു മിഷനറി ആയിരുന്നെങ്കിലും അവളുടെ ശുശ്രൂഷയാൽ മാനസാന്തരത്തിന്റെ ഫലങ്ങൾ എന്തുകൊണ്ടോ അവൾക്ക് കാണാൻ കഴിഞ്ഞില്ല.

' കൂടുതൽ പ്രാർത്ഥിക്കുക ' എന്നു

***നമ്മുടെ പ്രസംഗംകൊണ്ട് സാധിക്കുന്നതിലെക്കാൾ കൂടുതൽ പ്രാർത്ഥനകൊണ്ടു സാധിക്കാൻ കഴിയും. എ.ജെ. ഗോർഡൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു, "പ്രാർത്ഥനയ്ക്കുശേഷമാണെങ്കിൽ നിങ്ങൾക്ക് പ്രാർത്ഥനയെക്കാൾ അധികം പ്രവർത്തിക്കാം: എന്നാൽ പ്രാർത്ഥിക്കുന്നതുവരെയും പ്രാർത്ഥനയെക്കാൾ അധികമൊന്നും ഒരിക്കലും പ്രവർത്തിക്കാൻ സാധിക്കയില്ല. " നാം ഇതെങ്കിലും വിശ്വസിച്ചിരുന്നെങ്കിൽ!***

പരിശുദ്ധാത്മാവു പറയുന്നതുപോലെ അവൾക്കു തോന്നി. എന്നാൽ കുറെക്കാലത്തേക്ക് അവൾ ഈ പരിശുദ്ധാത്മപ്രേരണയോട് എതിർത്തു,ഏറെ നാൾ കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു, " എന്റെ സമയത്തിലധികവും ഞാൻ പ്രാർത്ഥനയ്ക്കായി വേർതിരിച്ചു. ശുശ്രൂഷയെ ഞാൻ അലക്ഷ്യമാക്കുന്നുവെന്ന് എന്റെ സഹപ്രവർത്തകർ പരാതിപ്പെടുമെന്ന ഭയവും വിറയലും എനിക്കുണ്ടായിരുന്നു, ചില ആഴ്ചകൾ പിന്നിട്ടപ്പോൾ അനേക സ്ത്രീപുരുഷന്മാർ കർത്താവിനെ രക്ഷകനായി സ്വീകരിക്കുന്നതു കാണാൻ തുടങ്ങി. അതുമാത്രമല്ല, ആ ജില്ല മുഴുവനും ഉണർവ്വു വ്യാപിക്കുകയും സഹപ്രവർത്തകരുടെ ശുശ്രൂഷകളെല്ലാം പൂർവ്വാധികം അനുഗ്രഹിക്കപ്പെടുകയും ചെയ്തു. ആറു വർഷംകൊണ്ടു സാധിക്കാത്തത് ആറു മാസംകൊണ്ടു സാധിച്ചു. "അവൾ കൂട്ടിച്ചേർത്തു, "ഞാൻ എന്റെ ശുശ്രൂഷ അലക്ഷ്യമാക്കിയെന്ന് ആരും ഒരിക്കലും പരാതിപ്പെട്ടില്ല." ഇന്ത്യയിലെ മറ്റൊരു വനിതാമിഷനറി ഇതുപോലെ പ്രാർത്ഥനയുടെ ആഹ്വാനം കേട്ടു. അവൾ പ്രാർത്ഥനയ്ക്കു കൂടുതൽ സമയം നൽകുവാൻ തുടങ്ങി. പുറമേ നിന്ന് എതിർപ്പൊന്നുമുണ്ടായില്ലെ

ങ്കിലും അകമേനിന്നുണ്ടായി. അവൾ ഉറച്ചുനിന്നതിനാൽ രണ്ടു വർഷം കൊണ്ട് ആറു മടങ്ങ് പുതിയ വിശ്വാസികൾകൂടെ സ്നാനപ്പെട്ടു.

"കൃപയുടെയും യാചനയുടെയും ആത്മാവിനെ സകല ജഡത്തിന്മേലും പകരും" എന്നാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് (യോവേൽ 2: 28). ആ "യാചനയുടെ ആത്മാവ്" നമുക്ക് എന്തുമാത്രമുണ്ട്? എന്തു വിലകൊടുത്തും ആ ആത്മാവിനെ നേടുക തന്നെ വേണം. എന്നാൽ "യാചനയിൽ" സമയം ചെലവഴിക്കുവാൻ നാം മടിക്കുന്ന പക്ഷം ദൈവം തന്റെ ആത്മാവിനെ തടഞ്ഞുവയ്ക്കുവാൻ നിർബന്ധിതനാകുകയും നാം പരിശുദ്ധാത്മാവിനോട് എതിർത്തു നില്ക്കുന്നവരുടെയും ചിലപ്പോൾ പരിശുദ്ധാത്മാവിനെ കെടുക്കുന്നവരുടെയും പട്ടികയിൽ എണ്ണപ്പെടുകയും ചെയ്യും. തന്നോടു യാചിക്കുന്നവർക്കല്ലേ കർത്താവ് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തിരിക്കുന്നത്? (ലൂക്കോ.11: 13).

ജാതികളിൽനിന്ന് മാനസാന്തരപ്പെട്ടവർ നമ്മിൽ പലരെയും ലജ്ജിപ്പിക്കുന്നില്ലേ ?

ചില വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിൽവച്ച് ശ്രീമതി പണ്ഡിതരമാബായിയുടെ ശുശ്രൂഷകളിൽ ചിലത് കാണുവാനുള്ള വലിയ ഭാഗ്യം എനിക്കുണ്ടായി 1500 ഹിന്ദുപെൺകുട്ടികൾ താമസിച്ചു പഠിക്കുന്ന ഒരു സ്കൂൾ അവർക്കുണ്ടായിരുന്നു.

ഒരിക്കൽ അവരിൽ ചിലർ വേദപുസ്തകവുമായി ഒരു വനിതാമിഷനറിയെ സമീപിച്ച് ലൂക്കോസ് 12 ന്റെ 49ൽ "ഞാൻ ഭൂമിയിൽ തീ ഇടുവാൻ വന്നിരിക്കുന്നു, അതിപ്പോഴേ കത്തിയെങ്കിൽ കൊള്ളാമായിരുന്നു എന്നു ഞാൻ ആഗ്രഹിക്കുന്നു" എന്നു കാണുന്നതിന്റെ അർത്ഥമെന്താണെന്ന് ചോദിച്ചു. അതിന്റെ അർത്ഥം എന്തെന്ന് ശരിയായി മനസ്സിലാകാതിരുന്ന മിഷനറി ' ഉരുണ്ടു കളിച്ച്' ഒരു മറുപടി നല്കി. തൃപ്തരാകാതെ വന്നപ്പോൾ അവർ പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. അങ്ങനെ അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, സ്വർഗ്ഗത്തിൽനിന്നുള്ള അഗ്നി അവരുടെ ആത്മാവിലേക്കു വന്നുപതിച്ചു. ഉയരത്തിൽനിന്നുള്ള ഒരു പെന്തക്കോസ്തനുഭവം അവർക്കുണ്ടായി. അവർ തുടർന്നും പ്രാർത്ഥനയിൽ പോരാടിക്കൊണ്ടിരുന്നതിൽ അത്ഭുതം ഒന്നും തന്നെയില്ല.

ഞാൻ ചില ആഴ്ചകൾ താമസിച്ചിട്ടുള്ള ഒരു സുവിശേഷക ഭവനത്തിലേക്ക് "യാചനയുടെ ആത്മാവ്" പകരപ്പെട്ട ഈ കുട്ടികളിൽ ചിലർ ഒരിക്കൽ വന്നു. "ഞങ്ങൾ ഈ പട്ടണത്തിൽ താമസിച്ച് താങ്കളുടെ ശുശ്രൂഷകൾക്കായി പ്രാർത്ഥിക്കട്ടെ" എന്നവർ അവിടുത്തെ മിഷനറിയോടു ചോദിച്ചു. അത്യാകാംക്ഷയോടെ ഈ ആശയത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചില്ല. അവിടെയും ഇവിടെയും അലഞ്ഞുനടക്കാതെ അവർ സ്കൂളിൽത്തന്നെ ആയിരിക്കേണ്ടതാണെന്നദ്ദേഹത്തിനു തോന്നി. അവർക്കിരുന്നു പ്രാർത്ഥിക്കാൻ പറ്റിയ ഒരു മുറിയോ പത്തായപ്പുരയോ മാത്രമാണവർ ആവശ്യപ്പെട്ടത്. നമുക്ക് വേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് നാം വില കല്പിക്കാറുണ്ടല്ലോ. അതുകൊണ്ടു അവരുടെ അപേക്ഷഫലിച്ചു. ആനല്ല മനുഷ്യൻ സന്ധ്യാഭക്ഷണനേരം ചിന്താമഗ്നനായിരിക്കുകയായിരുന്നു. ഇരുട്ടു മൂടിയ ആ സമയത്ത് ഒരു പ്രാദേശിക സുവിശേഷകൻ അവിടേക്ക് കടന്നുവന്നു. അവൻ ആകെ തകർന്നിരുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അയാൾക്കു നല്കിയ പാപബോധത്തെക്കുറിച്ചും വന്ന് അത് ഏറ്റുപറയുവാൻ നിർബന്ധിച്ചതിനെക്കുറിച്ചും കണ്ണീരൊലിപ്പിച്ചുകൊണ്ടയാൾ തുറന്നുപറഞ്ഞു, തുടർന്ന് ഒന്നിന് പുറകെ ഒന്നായി അനേക





വിശ്വാസികൾ വാസ്തവമായ പാപബോധത്തോടെ വന്ന് പാപങ്ങൾ ഏറ്റുപറഞ്ഞു.

അനുഗ്രഹത്തിന്റെ പ്രത്യേക സമയങ്ങളായിരുന്നു അവ. ചുരുക്കം ചില ദൈവകുഞ്ഞുങ്ങളുടെ പ്രാർത്ഥന ഒന്നുകൊണ്ടുമാത്രം പിന്മാറ്റക്കാർ യഥാസ്ഥാനപ്പെട്ടു, വിശ്വാസികൾ ശക്തീകരിക്കപ്പെട്ടു, ജാതികൾ വിശ്വസിച്ചു ചേർന്നുവന്നു.

ദൈവത്തിന് മുഖപക്ഷം ഇല്ല. ദൈവികവ്യവസ്ഥകളോട് ഒരാൾ പോരുത്തപ്പെടാൻ സന്നദ്ധനായാൽ ദൈവം അവനിൽ തന്റെ വാഗ്ദാനങ്ങൾ തീർച്ചയായും നിറവേറ്റും. ദൈവത്തിന്റെ അത്ഭുതശക്തിയെക്കുറിച്ച് നാം ഇങ്ങനെ കേൾക്കുമ്പോൾ നമ്മുടെ ഹൃദയം ഉള്ളിൽ കത്തുന്നില്ലേ? യാചിക്കുന്ന നമുക്കുള്ളതാണ് ആ ശക്തി. വ്യവസ്ഥകളുണ്ട് എന്നെനിക്കറിയാം. എന്നാൽ എനിക്കും നിങ്ങൾക്കും ക്രിസ്തുവിലൂടെ അവ എല്ലാം പാലിക്കാനാകും. ഇന്ത്യയിലോ മറ്റൊരു വിദേശവയലിലോ ദൈവത്തെ സേവിക്കാൻ ഭാഗ്യം ലഭിക്കാത്ത നമ്മെപ്പോലുള്ളവർക്ക് ഇതു പോലുള്ള അനുഗ്രഹം ചൊരിയിക്കുന്നതിൽ ഒരു പങ്കു വഹിക്കാൻ ഇടയാകട്ടെ. വെയിത്സിലെ ഉണർവ്വിന്റെ ഉച്ചകോടിയിൽ അവിടുത്തെ ഒരു മിഷനറി മാതൃസഭയ്ക്കെഴുതി, ഇന്ത്യയും ഇതുപോലെ ഉണർത്തപ്പെടുവാൻ പ്രാർത്ഥിക്കണമെന്ന്. അതുകൊണ്ട് കൽക്കരി ഖനിത്തൊഴിലാളികൾ തങ്ങളുടെ വിദേശസുഹൃത്തുക്കളുടെ രക്ഷയ്ക്കായി ഖനി വാതില്ക്കൽ എല്ലാ ദിവസവും അരമണിക്കൂർവീതം പ്രാർത്ഥിക്കുവാൻ പുലർച്ചയ്ക്ക് കൂടിവന്നു. "അനുഗ്രഹം എത്തിക്കഴിഞ്ഞു" എന്ന സന്തോഷവാർത്ത ചില ആഴ്ചകൾക്കുള്ളിൽ മാതൃസഭയ്ക്കു ലഭിച്ചു.

നമ്മുടെ കൊച്ചുവയലിൽ ആവശ്യമായ അനുഗ്രഹത്തുള്ളികൾ ഉടനടി എന്നപോലെ വീഴ്ത്തിക്കുവാൻ നമുക്ക് സാധിക്കുന്നതുപോലെ ഇന്ത്യ, ആഫ്രിക്ക, ചൈന തുടങ്ങിയ രാജ്യങ്ങളിൽ ആശിഷമാരി പെയ്യിക്കുവാൻ നമ്മുടെ പ്രാർത്ഥനകൾക്ക് കഴിയുമെന്നുള്ളത് എത്ര ഉത്സാഹകരമാണ്!

ചില വർഷംമുമ്പ് പ്രാർത്ഥനയുടെ മറുപടിയായി മാത്രം കൊറിയയ്ക്കു വേണ്ടി ദൈവം ചെയ്ത അത്ഭുതകാര്യങ്ങൾ നമ്മിൽ ചിലർ ഓർക്കുമായിരിക്കും, എല്ലാ ദിവസവും സന്ധ്യാസമയത്ത് പ്രാർത്ഥനയ്ക്കായി ഒത്തുകൂടുവാൻ ചില മിഷനറിമാർ തീരുമാനിച്ചു. ആ മാസാന്ത്യം അതിൽ ഒരാൾ നിർദ്ദേശിച്ചു, "പ്രത്യേകിച്ചൊന്നും സംഭവിക്കാത്തതുകൊണ്ട് പ്രാർത്ഥനായോഗം തുടരേണ്ടതില്ല". അദ്ദേഹം പറഞ്ഞു: " നമുക്കു സൗകര്യപ്രദമായി അവനവന്റെ വീട്ടിൽ വച്ചു പ്രാർത്ഥിക്കാം ". മറ്റുള്ളവർ എതിർത്തുകൊണ്ട് പറ ഞ്ഞു: "നാം ഒരുമിച്ചു കൂടുകയും ഇന്നത്തെക്കാളധികം സമയം പ്രാർത്ഥിക്കയുമാണ് വേണ്ടത്.'' അങ്ങനെ നാലു മാസം ആ പ്രാർത്ഥന തുടർന്നു. പിന്നെ, പെട്ടെന്നാണ് അനുഗ്രഹപ്പകർച്ച ആരംഭിച്ചത്. അവിടവിടെ സഭായോഗങ്ങളിൽ നിലവിളിയുടെയും ഏറ്റുപറച്ചിലിന്റെയും പൊട്ടലും ചീറ്റലുമുണ്ടായി. നാളുകൾ കഴിഞ്ഞപ്പോൾ ഒരു വലിയ ഉണർവ്വു പൊട്ടിപ്പുറപ്പെട്ടു. ഒരു സ്ഥലത്ത് ഞായറാഴ്ച സന്ധ്യയിലെ ആരാധനാമദ്ധ്യേ സഭയിലെ പ്രധാനിയായ സഹോദരൻ എഴുന്നേറ്റുനിന്ന് താൻ ഒരു വിധവയുടെ കേസ്സുവാദിച്ച ഇനത്തിൽ 100 ഡോളർ ചതിവായി വാങ്ങിയ കാര്യം ഏറ്റുപറഞ്ഞു. പെട്ടെന്ന് സദസ്യരെല്ലാം കുറ്റബോധംകൊണ്ടുവിയർക്കുവാൻ തുടങ്ങി. തിങ്കളാഴ്ച രാവിലെ 2 മണിയായിട്ടും ആ ആരാധന തീർന്നില്ല. ദൈവത്തിന്റെ അത്ഭുതശക്തി അത്ഭുതകരമായി അനുഭവപ്പെട്ടു. സഭയക്ക് ശുദ്ധീകരണം ഉണ്ടായതോടെ അനേകം

***ചില മാസത്തെ പ്രാർത്ഥനയിലുള്ള അദ്ധ്വാനത്തിന്റെ ഫലമായാണ് ദൈവം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആരംഭിച്ചത്, എന്നാൽ സകല മിഷനറിമാർക്കുംകൂടെ അര വർഷംകൊണ്ട് സാധിക്കാവുന്നത് ദൈവം അരമണിക്കൂർകൊണ്ട് സാധിച്ചിരിക്കുന്നു, രണ്ടു മാസത്തിനുള്ളിൽ 2000 അവിശ്വാസികൾ മാനസാന്തരപ്പെട്ടു, 'മാനസാന്തരപ്പെട്ടവരുടെ തീക്ഷ്ണമായ ഉത്സാഹം' എന്നൊരു ചൊല്ലുതന്നെ ഉണ്ടായി.***

പാപികൾ രക്ഷിക്കപ്പെടുവാനിടയായി.

സഭാകൂടിവരവുകൾക്ക് അത്യാകാംക്ഷയോടെ ജനം കൂട്ടമായി വന്നുകൊണ്ടിരുന്നു. ചിലർ പരിഹസിക്കാനാണു വന്നതെങ്കിലും ദൈവഭയം അവരുടെ മേൽ വീണതിനാൽ പ്രാർത്ഥനയിൽ സംബന്ധിച്ചു. ആകാംക്ഷകൊണ്ട് വന്നവരിൽ ഒരാൾ ഒരുകൊള്ളത്തലവനായിരുന്നു. അവൻ പാപബോധമുള്ളവനായി മാനസാന്തരപ്പെട്ടു. അവൻ നേരേ മജിസ്ട്രേറ്റിന്റെ അടുത്തെത്തി സ്വയം പിടികൊടുത്തു, "നിനക്കെതിരെ കുറ്റം ചുമത്തുവാൻ ആരും ഇല്ല, എന്നാൽ നീതന്നെ നിന്നെ കുറ്റപ്പെടുത്തുന്നു! കൊറിയയിൽ നിനക്കെതിരെ കേസെടുക്കുവാൻ ഞങ്ങൾക്ക് നിയമം ഇല്ല." ഇങ്ങനെ പറഞ്ഞ് അദ്ദേഹം അവനെ ഒഴിവാക്കി.

മിഷനറിമാരിലൊരാൾ ഇങ്ങനെ പ്രസ്താവിച്ചു: "ചില മാസത്തെ പ്രാർത്ഥനയിലുള്ള അദ്ധ്വാനത്തിന്റെ ഫലമായാണ് ദൈവം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആരംഭിച്ചത്, എന്നാൽ സകല മിഷനറിമാർക്കുംകൂടെ അര വർഷംകൊണ്ട് സാധിക്കാവുന്നത് ദൈവം അരമണിക്കൂർകൊണ്ട് സാധിച്ചിരിക്കുന്നു, രണ്ടു മാസത്തിനുള്ളിൽ 2000 അവിശ്വാസികൾ മാനസാന്തരപ്പെട്ടു, 'മാനസാന്തരപ്പെട്ടവരുടെ തീക്ഷ്ണമായ ഉത്സാഹം' എന്നൊരു ചൊല്ലു തന്നെ ഉണ്ടായി. പലരും സ്വത്തെല്ലാം സഭാഹാളിന്റെ പണിക്കു നൽകി. ഇനിയും കൊടുക്കുവാൻ ഇല്ലാത്തതോർത്ത് കരഞ്ഞു. അവർ പ്രാർത്ഥനയുടെ ശക്തി അറിഞ്ഞു എന്നുള്ളത് പറയേണ്ടതില്ലല്ലോ? മാനസാന്തരപ്പെട്ടവരെല്ലാം 'യാചനയുടെ ആത്മാവിനാൽ' തങ്ങളെത്തന്നെ സ്നാനപ്പെടുത്തിയിരുന്നു. ദിവസവും രാവിലെ 4.30 ന് പ്രാർത്ഥനായോഗം ആരംഭിക്കുമെന്ന് ഒരു കൂട്ടായ്മയിൽ പ്രഖ്യാപനമുണ്ടായി. ആദ്യദിവസംതന്നെ പറഞ്ഞസമയത്തിനുമുമ്പേ 400 പേർ ആകാംക്ഷയോടെ എത്തി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ സംഖ്യ 600 ആയി ഉയർന്നു. സിയോളിൽ പ്രതിവാരപ്രാർത്ഥനയ്ക്ക് ശരാശരി 1100 പേർ കൂടിവന്നുകൊണ്ടിരുന്നു.

എന്താണു സംഭവിക്കുന്നതെന്നു കാണുവാനാണ് അവിശ്വാസികൾ വന്നുകൊണ്ടിരുന്നത്. 'ജീവനുള്ള ദൈവം നിങ്ങളോടുകൂടെ ഉണ്ടെന്ന്' അവർ ഉറക്കെ വിളിച്ചുപറഞ്ഞു. പല ക്രിസ്ത്യാനികൾക്കും കാണുവാൻ കഴിയാത്തത് ആ പാവപ്പെട്ട അവിശ്വാസികൾ കണ്ടു. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തെല്ലാം ഞാൻ അവരുടെ നടുവിൽ ഉണ്ട്" എന്നു ക്രിസ്തു പറഞ്ഞിട്ടില്ലേ? (മത്താ.18: 20). കൊറിയയിൽ സാദ്ധ്യമാകുന്നത് ഇവിടെയും സാദ്ധ്യമാണ്, ദൈവത്തിന് രാജ്യങ്ങളോട് 'മുഖപക്ഷമില്ല', അവൻ തന്റെ ആത്മാവിനെ നമ്മുടെ മേൽ അയച്ച് നമ്മെ അനുഗ്രഹിക്കാനാഗ്രഹിക്കുന്നു .

ഈ സ്ഥലത്ത് നാം പ്രാർത്ഥനയിൽ, അതായത്, നമ്മുടെ കർത്താവിന്റെ ആർദ്രമായ വാഗ്ദാനങ്ങളിൽ വാസ്തവമായി വിശ്വസിച്ചിരുന്നെങ്കിൽ, പ്രാർത്ഥനായോഗങ്ങളെ അവഗണിച്ചു കളയുമായിരുന്നോ? (തുടരും)

(അജ്ഞാതകർത്തൃകം)





# എഡിറ്റോറിയൽ തുടർച്ച *പേജ് 4 ൽ നിന്ന്*

ദൈവവചനമാണ് ഇതിനുപയോഗിക്കുന്ന തെന്നു കാണാം. 'ദൈവത്തിന്റെ വചനം ജീവനും ചൈത ന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെ ക്കാളും മൂർച്ചയേറിയതും പ്രാണനേയും (Soul)ആത്മാവിനേയും (Sprit) സന്ധിമജ്ജകളേയും വേറുവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളേയും ഭാവങ്ങളേയും വിവേചിക്കുന്നതും ആകുന്നു" (എബ്രായർ 4:12)

ജീവനുള്ളതും പ്രവർത്തനക്ഷമവുമായ ഇരുവായ്ത്തല യുള്ള വാളാണു ദൈവവചനം. അതിന്റെ പ്രവർത്തനം ഹൃദയത്തിലെ ചിന്തകളേയും ഭാവങ്ങളേയും വിവേചിച്ചുകൊ ണ്ടാണ്. ഹൃദയത്തിലെ ചിന്തനങ്ങൾ ശരിക്കുള്ള ബോധപൂർ വമായ ചിന്തകൾ (thoughts) തന്നെയാണ്. എന്നാൽ ചിന്തകൾക്കു പിന്നിൽ മറഞ്ഞിരിക്കുന്ന മനോഭാവത്തെയാണ് (intention) ഇവിടെ ഭാവങ്ങൾ എന്നു പറഞ്ഞിരിക്കുന്നത്. പലപ്പോഴും ഈ ഭാവങ്ങൾ നമ്മുടെ ബോധപൂർവമായ ചിന്താമണ്ഡലത്തിലേക്കുപോലും വരുന്നില്ല. ദൈവവചനം ഇവിടെ എത്ര വലിയൊരു പ്രവൃത്തിയാണു ചെയ്യുന്നതെന്നു കാണുക! നമ്മുടെ പ്രവർത്തനങ്ങൾക്കുപിന്നിൽ സംസാര വും അതിനുപിന്നിൽ ചിന്തയും അതിനും പിന്നിൽ ഭാവങ്ങളുമുണ്ട്. ഒരു വാൾസന്ധിമജ്ജകളെ വേർപെടുത്തുന്നതുപോലെ, മൂർച്ചയേറിയ ദൈവവചനം നമ്മുടെ ഭാവങ്ങ ളേയും ചിന്തകളേയും വിവേചിച്ചുകൊണ്ട് ആത്മാവിൽ നിന്നുള്ളതും ദേഹിയിൽ നിന്നുള്ളതും എന്തെന്നു വേർതിരിച്ചു നമ്മെ കാണിക്കുന്നു.

ദൈവവചനം കേൾക്കുമ്പോൾ മനസ്സുകൊണ്ടു ചിന്തിച്ച് സമർത്ഥമായ ചില നിഗമനങ്ങളിലെത്തുകയല്ല ഇവിടെ ചെയ്യുന്നത്. മറിച്ച് ദൈവികമായ വെളിച്ചത്തിൽ നമ്മുടെ അവസ്ഥയെ 'കാണുക'യാണ്. ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളേയും വിവേചിക്കുന്നതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനു തൊട്ടുതാഴെയുള്ള വാക്യം നോക്കുക: "അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിനുമുമ്പിൽ നഗ്നവും മലർന്നതുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളത്". (എബ്രായർ 4:13). ദൈവം എങ്ങനെ കാര്യങ്ങളെ കാണുന്നു എന്നതിനെക്കുറിച്ചാണിവിടെ പറഞ്ഞിരിക്കുന്നത്. നാം 'ദൈവവുമായിട്ട് കാര്യമുള്ളവരാകു'മ്പോൾ ദൈവത്തിന്റെ കാഴ്ചപ്പാടിലേക്ക് വരികയാണ്. ഈ കാഴ്ചപ്പാടിൽ ആത്മാവിൽനിന്നുള്ളതും ദേഹിയിൽ നിന്നുള്ളതും വ്യക്തമാകും. ദൈവികകാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ ദൈവവചനം നമ്മുടെ ആത്മാവിനേയും ദേഹിയേയും വിഭജിച്ചുകാട്ടുന്നത് ഇങ്ങനെയാണ്.

ചുരുക്കത്തിൽ ദേഹിയുടെ തിന്മയിൽനിന്ന് നമ്മെ വിടുവിക്കാനായി ദൈവം രണ്ടുവിധത്തിൽ നമ്മിൽ പ്രവർ ത്തിക്കുന്നു. ഒന്ന്:ദേഹിയെ നുറുക്കുന്നു. ക്രൂശുപയോ ഗപ്പെടുത്തി പരിശുദ്ധാത്മാവു ചെയ്യുന്ന ഒരു ശിക്ഷണപ്രവൃത്തിയാണത്. രണ്ട്: ദേഹിയെ ആത്മാവിൽ നിന്ന് വിഭജി ക്കുന്നു. ദൈവവചനം ഉപയോഗിച്ച് പരിശുദ്ധാത്മാവു നൽകുന്ന ഒരു വെളിപ്പാടാണിത്.

ഇക്കാര്യങ്ങളെ കണ്ടുകഴിയുമ്പോൾ ക്രിസ്തീയജീവിതത്തെ ഗൗരവമായിട്ടെടുത്തിട്ടുള്ള ഏതൊരു വിശ്വാസിയുടേയും പ്രാർത്ഥന ഇതായിരിക്കും:'ദൈവമേ, ഇവ ആശയതലത്തി ലിരിക്കാതെ പ്രായോഗികജീവിതനടപ്പിൽ നുറുക്കവും വിഭജനവും അറിയുവാൻ അടിയനെ സഹായിക്കുക. ദേഹിക്കുമേൽ ആത്മാവിനുതന്നെ നേതൃത്വം ലഭിക്കട്ടെ.'

ചിന്തയ്ക്ക്

# സഭയെ സംബന്ധിച്ച രഹസ്യം

ഏ.ഡബ്ള്യു. ടോസർ

**ദൈ**വമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറായി വച്ചിരിക്കുന്നു....ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരു പോലെ കരുതേണ്ടതിനായി ദൈവം കുറവുള്ളതിന് അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു.... എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു. 1 കൊരി. 12:18, 25, 27.

ഏറ്റവും ലളിതമായിപ്പറഞ്ഞാൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധജനങ്ങളുടെ കൂട്ടമാണ് ക്രിസ്തുസഭ. ക്രിസ്തുവിനെയും സഭയെയും പറ്റി പുതിയനിയമം പഠിപ്പിക്കുന്ന ഏറ്റവും പ്രധാനമായ ഉപദേശത്തിന്റെ വെളിച്ചത്തിൽ, പരിശുദ്ധാത്മാവിനാൽ മാത്രം സാധിതമാകുന്ന ഒരു യഥാർത്ഥഐക്യമാണ് ക്രിസ്തുസഭയുടെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും രഹസ്യം.

ഒന്നാം ശതകത്തിൽ കോരിന്തിൽ താമസിച്ചിരുന്ന വിശ്വാസികൾക്ക് പൗലോസ് ഇപ്രകാരം എഴുതി: – "ശരീരം ഒന്നും അതിന് അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. യഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു. ശരീരം ഒരവയവമല്ല; പലതത്രേ (1 കൊരി. 12:12–14)

നമ്മുടെ പ്രാദേശികസഭയിൽ നമ്മെ മാത്രമായി വേറിട്ടെടുത്തു നോക്കിയാൽ നാം സ്വയം പര്യാപ്തരല്ല എന്നു നമുക്കു ബോധ്യമാകും. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ ആകെക്കൂടി ഒന്നായി കാണേണ്ടത് നമുക്കാവശ്യമാണ്. പ്രാദേശികസഭയിൽ നാം ആയിരിക്കേണ്ടതുപോലെ ആകണമെങ്കിൽ നാം നമ്മെത്തന്നെ കൂടുതൽ വിശാലമായ ഒന്നിന്റെ–ലോകത്തിലൊന്നാകെ ദൈവം രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ തന്നെ–ഭാഗമായി കാണേണ്ടിയിരിക്കുന്നു.

ദൈവം ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളതായി വിശിഷ്ടവും വിലയേറിയതും നിത്യം നിലനിൽക്കുന്നതുമായ ഒന്നിനോട് നാം ബന്ധപ്പെട്ടിരിക്കുന്നുവെന്നും നാം അതിന്റെ ഭാഗമാണെന്നുമുള്ള ഒരു ബോധം നമ്മെ ഭരിക്കേണ്ടത് ആവശ്യമത്രേ. സഭയിൽക്കൂടി ദൈവം ലോകത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന വലിയ പ്രവർത്തനത്തിന്റെ ഒരു ഭാഗം മാത്രമായി നമ്മെ സ്വയം കരുതുന്നതിൽ നമുക്കു ലജ്ജിക്കേണ്ട കാര്യമൊന്നുമില്ല. മനുഷ്യനിർമ്മിതമായ ഒരു സമൂഹത്തിന്റെയോ സംഘടനയുടേയോ ഭാഗമായിരിക്കുന്നതിൽ നിന്ന് വിഭിന്നമായ ഒരു വസ്തുതയാണിത്.





*പരിശുദ്ധാത്മശക്തിയിൽ ഊന്നി നിന്നുകൊണ്ട് നമുക്ക് ഇപ്രകാരം ഉറപ്പിച്ചു പറയാം. "കാലഘട്ടത്തിന്റെ പ്രവണതയ്ക്ക് ഞാൻ വഴങ്ങുകയില്ല, ഒരിക്കലും അതിന് കീഴടങ്ങുകയില്ല." നമ്മുടെ കർത്താവിനോടും നമ്മോടു തന്നെയും നമുക്കെതിരേ വിലങ്ങടിച്ചു നില്ക്കുന്ന സാത്താനോടും നമുക്കു പറയാൻ കഴിയുന്ന ഒരു വാചകമാണിത്.*

യാതൊരു ക്രിസ്തീയസമൂഹത്തിനും സഭാകൂട്ടായ്മയ്ക്കും തങ്ങൾ അന്തിമരൂപത്തിൽ പൂർണ്ണരായെന്നോ പരിപക്വത പ്രാപിച്ചെന്നോ കരുതുവാൻ അവകാശമില്ല. ഓരോ സമൂഹവും ദൈവപരിജ്ഞാനത്തിനുവേണ്ടിയുള്ള ഒരു യഥാർത്ഥദാഹത്തോടുകൂടി തങ്ങൾ എന്തു ചെയ്യണമെന്ന് ആരാഞ്ഞും കൊണ്ട് നിരന്തരം വളർന്നുവരേണ്ടത് ആവശ്യം.

ഓരോ സഭാസമൂഹവും അതിന്റെ ജീവിതത്തിൽ പരിശുദ്ധാവു ചെയ്യാനുദ്ദേശിക്കുന്ന കാര്യത്തെപ്പറ്റി പൂർണ്ണനിശ്ചയം പ്രാപിക്കുവാനായി ദൈവവചനപഠനത്തിൽ ഉറ്റിരിക്കയും അതു ചെയ്യുവാനുള്ള ശക്തിയും പ്രത്യേക വരങ്ങളും പ്രാപിക്കുവാൻ ഉത്സാഹിക്കുകയും ചെയ്യണം. ഈ കാര്യങ്ങളെല്ലാം നിറവേറ്റുവാൻ നമുക്കു പരിശുദ്ധാത്മാവിന്റെ ഒരു പ്രത്യേകവരം ആവശ്യമാണെന്നു ഞാൻ പറയുമ്പോൾ എന്റെ വിവക്ഷ ഇന്നതെന്ന് നിങ്ങൾ മനസ്സിലാക്കുമല്ലോ.

ഇവിടെ എനിക്ക് അത്യന്തം പ്രിയപ്പെട്ടതും യെശയ്യാപ്രവാചകൻ പറഞ്ഞിട്ടുള്ളതുമായ ഒരു പ്രവചനഭാഗം ഞാൻ ഉദ്ധരിക്കട്ടെ. യെശയ്യാവ് 11–ാം അദ്ധ്യായത്തിൽ ആ ഭാഗം നമുക്കു കാണുവാൻ കഴിയും.

"എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്നു ഒരു മുള പൊട്ടിപ്പുറപ്പെടും; അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പു ഫലം കായ്ക്കും. അവന്റെ മേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടേയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടേയും ആത്മാവു തന്നെ. അവന്റെ പ്രമോദം യഹോവാഭക്തിയിൽ ആയിരിക്കും. അവൻ കണ്ണുകൊണ്ടു കാണുന്നതു പോലെ ന്യായപാലനം ചെയ്കയില്ല; ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല. അവൻ ദരിദ്രന്മാർക്കു നീതിയോടെ ന്യായം പാലിച്ചു കൊടുക്കയും ദേശത്തിലെ സാധുക്കൾക്ക് നേരോടെ വിധികല്പിക്കുകയും ചെയ്യും" (*യെശയ്യ.11:1–4*)

നിങ്ങൾക്കു വ്യക്തമായും അറിവുള്ളതു പോലെ ഈ വാക്കുകൾ പ്രവാചകൻ യിസ്രായേലിലേക്കു വരുവാനിരുന്ന യേശുവിനെപ്പറ്റിയാണ് പ്രസ്താവിച്ചിട്ടുള്ളത്.

എന്നാൽ ആത്മീയജീവിതത്തിന്റെയും ശുശ്രൂഷയുടെയും ഊ വിവരണം വിശ്വാസത്താൽ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ അംഗങ്ങളായിത്തീരുന്ന ഓരോ വ്യക്തിയെ സംബന്ധിച്ചും പരമാർത്ഥമായിരിക്കേണ്ടതാണെന്ന് നിങ്ങൾ കരുതുന്നില്ലേ?

പഴയനിയമത്തിൽ മഹാപുരോഹിതനായി അഭിഷേകം ചെയ്യപ്പെടുന്ന ഒരുവന്റെ ശിരസ്സിലേക്ക് ഒഴിക്കപ്പെടുന്ന അഭിഷേകതൈലം അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ വിളുമ്പിലേക്കും പാദം വരെയുള്ള ശരീരഭാഗങ്ങളിലേക്കും ഒഴുകിയിറങ്ങി ആ ശരീരത്തിലൊ

ന്നാകെ സൗരഭ്യവും ആകർഷകത്വവും നൽകിയിരുന്നതു പോലെ സഭയുടെ ശിരസ്സാകുന്ന യേശുവിന്റെ മേൽ പകരപ്പെട്ട പരിശുദ്ധാത്മാവിന്റെ മഹാശക്തി ആ ശരീരത്തിന്റെ ഓരോ അംഗത്തിലേക്കും ഒഴുകിയെത്തേണ്ടതാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ യഥാർത്ഥമായിത്തീർന്ന ജീവിത സവിശേഷതകൾ അവിടുത്തെ കൃപയും സത്യവും മറ്റുള്ളവർക്കു പകർന്നു കൊടുക്കുന്ന നമ്മിലും യാഥാർത്ഥ്യമായിത്തീരേണ്ടതത്രേ.

" ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്,ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും ദൈവഭയത്തിന്റെയും ആത്മാവ്, അത് അവനെ ശീഘ്രഗ്രഹണശക്തിയുള്ളവനാക്കും. അവൻ കണ്ണു കൊണ്ടു കാണുന്ന വിധം വിധിക്കയില്ല." (മറ്റൊരു ഭാഷാന്തരം)

യെശയ്യാവിന്റെ കാലത്തു നിന്ന് നമ്മുടെ ഇന്നത്തെ തലമുറയിലേക്ക് കടന്നു വരുന്ന എത്ര സുശക്തമായ സന്ദേശം! ആധുനിക ക്രൈസ്തവ നേതൃത്വത്തിന്റെ ശാപം, ചുറ്റുപാടുകളിലേക്കു നോക്കി അവിടെ തങ്ങൾ കാണുന്നതനുസരിച്ച് തീരുമാനമെടുക്കുന്ന പ്രവണതയാണല്ലോ. നേരേമറിച്ച് ദൈവം അരുളിച്ചെയ്തിട്ടുള്ള വചനത്തിൽ നിന്നും കാര്യങ്ങൾ വിവേചിച്ചറിഞ്ഞ് തീരുമാനമെടുക്കുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്.

" അവൻ ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല. (വാക്യം 3) എന്നാൽ സഭയ്ക്കു നേതൃത്വം നൽകുന്നതിൽ നാമിന്നു സ്വീകരിക്കാറുള്ള പരിപാടി എന്താണ്? കാര്യങ്ങൾ ഏതു ദിശയിലേക്കു നീങ്ങുന്നുവെന്നറിയാൻ മറ്റുള്ളവർ പറയുന്നതൊക്കെ നാം ശ്രദ്ധിച്ചു കേൾക്കും: എന്നിട്ട് അതനുസരിച്ച് പ്രവർത്തിക്കയും ചെയ്യും. ദൈവാത്മാവാകട്ടെ, ഒരിക്കലും അത്തരമൊരു തെറ്റിലേക്കു നമ്മെ നയിക്കുകയില്ല.

"അവൻ ദരിദ്രന്മാർക്കു നീതിയോടെ ന്യായം പാലിച്ചു കൊടുക്കയും ദേശത്തിലെ സാധുക്കൾക്കു നേരോടെ വിധി കല്പിക്കയും ചെയ്യും.........നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയുമായിരിക്കും." (വാക്യം 4,5)

ദൈവാത്മാവിനാൽ നയിക്കപ്പെടുമ്പോൾ ക്രിസ്തുവിൻ ശരീരത്തിലെ അംഗങ്ങൾ എല്ലായ്പോഴും തങ്ങളുടെ മനോഭാവങ്ങളിലും ജ്ഞാനത്തിലും തീരുമാനങ്ങളിലും ശരിയായ പാതയിൽ സഞ്ചരിക്കും. തങ്ങൾക്കു ചുറ്റുപാടും അതതു കാലത്ത് എന്തു നടക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ അവർ കാര്യങ്ങളെ വിലയിരുത്തുകയില്ല: മറ്റുള്ളവർ തങ്ങളെ വിധിക്കുവാൻ ഇടവരുത്തുകയുമില്ല.

ദൈവത്തെ കുടുതൽ അടുത്തറിയുവാൻ ആഗ്രഹിക്കുന്ന ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ പുതിയതും അനുഗ്രഹപൂർണ്ണവുമായ ഒരു കാര്യം ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം ജീവിക്കുന്ന ഈ കാലത്ത് ദൈവഹിതം തിരിച്ചറിയുവാനും അതിനെ പിന്തുടരുവാനും വളരെയധികം ക്ഷമയും, സ്ഥിരപ്രയത്നവും വേണം ഈ സമൂഹത്തിൽത്തന്നെ ചുറ്റുപാടിലേക്കും എല്ലാ ഭാഗങ്ങളിലേക്കും ഒഴുകിപ്പടർന്ന് നാമെല്ലാം അതിൽ നീന്തിത്തുടിക്കുന്ന അനുഭവം വരാതിരിക്കുവാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല.

സഹോദരങ്ങളേ, വിശുദ്ധന്മാരുടെ ഒരു സമൂഹമെന്ന നിലയിൽ നാമിവിടെ കൂട്ടായ്മയാചരിക്കുകയും ഒരുമിച്ച് ചേർന്നു കർത്താവിനെ ആരാധിക്കയും ചെയ്യുന്നു. പെന്തക്കോസ്ത് നാളിൽ അന്നത്തെ ആ വിശ്വാസികളുടെ മേൽ തന്റെ ആത്മാവിനെ ദൈവം സമർപ്പിക്കുന്നതായി നാം ഏറ്റുപറയുന്നു.





വിശ്വാസികളായ തന്റെ മക്കളെപ്പറ്റി ദൈവത്തിനുള്ള പ്ലാനും അവർക്കു ദൈവം നൽകുന്ന വാഗ്ദാനങ്ങളും ഇപ്പോഴും അണുവിടപോലും കുറഞ്ഞു പോയിട്ടില്ല.

അപ്പോസ്തലപ്രവൃത്തികളുടെ ആദിമാധ്യായങ്ങളിൽ വിവരിക്കുന്ന പ്രകാരം ക്രിസ്തുവിന്റെ സജീവശരീരമായ സഭയ്ക്കുണ്ടായിരുന്ന എല്ലാ അവകാശങ്ങളും ശക്തികളും കടമകളും കർത്താവിന്റെ വരവിന് മുമ്പുള്ള ഇന്നത്തെ സഭയ്ക്കും തീർച്ചയായും ഉണ്ടായിരിക്കും. ഈ സത്യത്തെ വളച്ചൊടിക്കുവാനോ മായിച്ചുകളവാനോ ഇടയാക്കുന്ന ഒറ്റ വാചകമാകട്ടെ , ഒരു വരപോലുമാകട്ടെ, ദൈവവചനത്തിലൊരിടത്തും കാണുന്നില്ല.

നാം ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രേരണയ്ക്ക് ഒരിക്കലും നാം വഴങ്ങുകയില്ല എന്ന ദൃഢനിശ്ചയത്തിൽ ഞാൻ ഉറച്ചു നില്ക്കുകയാണ്. എന്റെ പ്രിയ സഹോദരന്മാരേ, ഇക്കാര്യത്തിൽ ദൃഢവിശ്വാസം പുലർത്തുകയും അചഞ്ചലരായി ഉറച്ചു നിൽക്കുകയും ചെയ്യുന്ന ഒരു മനോഭാവമാണ് നമുക്കാവശ്യം. പരിശുദ്ധാത്മശക്തിയിൽ ഊന്നി നിന്നുകൊണ്ട് നമുക്ക് ഇപ്രകാരം ഉറപ്പിച്ചു പറയാം. "കാലഘട്ടത്തിന്റെ പ്രവണതയ്ക്ക് ഞാൻ വഴങ്ങുകയില്ല, ഒരിക്കലും അതിന് കീഴടങ്ങുകയില്ല." നമ്മുടെ കർത്താവിനോടും നമ്മോടു തന്നെയും നമുക്കെതിരേ വിലങ്ങടിച്ചു നില്ക്കുന്ന സാത്താനോടും നമുക്കു പറയാൻ കഴിയുന്ന ഒരു വാക്കാണിത്.

വിശ്വസ്തരായ ക്രിസ്തുസഭാംഗങ്ങൾ ചുറ്റുമുള്ള ലോകത്തിന്റെ വഴികൾക്കോ അതിലും സാധാരണമായ മതപാരമ്പര്യങ്ങൾക്കോ ഒരിക്കലും കീഴ്പ്പെടുകയില്ല. മറ്റുള്ളവരുടെ പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ ജീവിതത്തെ ചിട്ടപ്പെടുത്തുക എന്ന പ്രലോഭനത്തിന് വിശ്വസ്തരായ

***'സ്നേഹം നിറഞ്ഞ ദൈവമേ, ഇപ്പോൾ ഞാൻ പ്രസംഗിക്കുന്ന ഈ സഭയിൽ നിന്ന് അഗ്നിമേഘസ്തംഭത്തെ പിൻവലിക്കുന്നപക്ഷം ആ ദുരന്തം സംഭവിക്കുന്നതിന് 24 മണിക്കൂർ മുമ്പേ ആ വസ്തുത എന്നെ അറിയിക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ അപ്പോൾ ഈ പട്ടണം വിട്ടു പുറത്തേക്കു പോകാൻ ഞാൻ ആഗ്രഹിക്കും. സഭയെ ദൈവം പുറന്തള്ളി ഇടിച്ചു നിരത്തുന്നതു കണ്ടുകൊണ്ടു നില്ക്കുവാൻ ഇട വരാത്തവണ്ണം ആ സ്ഥലം വിട്ട് പോകുവാനുള്ള സമയവും സാവകാശവും എനിക്കു ലഭിച്ചേ തീരൂ'.***

ക്രിസ്തുശിഷ്യന്മാർ ഒരു കാലത്തും വഴങ്ങുകയില്ല. അതുപോലെ മറ്റു മനുഷ്യരുടെ മനോഭാവങ്ങൾക്കനുസരിച്ച് സഭയെ വിലയിരുത്തുവാനോ തങ്ങളുടെ ആത്മീയജീവിതത്തെ ആ മനോഭാവങ്ങൾ സ്വാധീനിക്കുവാനോ അവർ അനുവദിക്കുകയില്ല. പുതിയ നിയമത്തിന്റെ മാനദണ്ഡം മാത്രമാണ് തങ്ങളുടെ ക്രിസ്തീയകൂട്ടായ്മയുടെ മാനദണ്ഡം. ഇതിൽ അവർ സന്തോഷിക്കുന്നു; തുടർന്നും സന്തോഷിക്കയും ചെയ്യും.

തിരുവെഴുത്തുകളിൽ വിശ്വസിക്കയും അവയെ അനുസരിക്കയും ചെയ്യുന്ന വിശ്വാസികൾ പൊതുവേ ഇന്ന് 'ഫണ്ടമെന്റലിസ്റ്റുകൾ' എന്ന പേരിലാണ് അറിയപ്പെടുന്നത്. അതുകൊണ്ട് ദോഷമില്ലതാനും. എന്നാൽ ഇപ്രകാരം കലർപ്പറ്റ വിശ്വാസം പുലർത്തുന്നവർ എന്ന ഒരു മേലെഴുത്തു കൊണ്ടു മാത്രം നാം തൃപ്തിപ്പെടരുത്. ഇതു നമുക്കൊരു താക്കീതും മുൻകരുതലുമായിരിക്കട്ടെ എന്നു ഞാൻ ആശിക്കുന്നു.

യേശുക്രിസ്തുവിനെ സ്നേഹിക്കുന്ന നാമെല്ലാവരും അവിടത്തെ പ്രത്യാഗമനത്തിനുമുമ്പുള്ള ഈ കാല

ഘട്ടത്തിൽ ഒരു വലിയ പരിവർത്തനത്തിനു വിധേയരായിക്കൊണ്ടിരിക്കയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പരിവർത്തനം ഒരു പുതിയ ധാർമ്മിക ശക്തിയിലേക്കും തിന്മയിൽ നിന്നുള്ള വേർപാടിലേക്കും ഹൃദയൈക്യത്തിലേക്കും നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം ദൈവാത്മാവിന്റെ വരങ്ങളും ശക്തികളും നമ്മിലേക്കു ദൈവം പകർന്നുകൊണ്ടിരിക്കുന്നു. ഇപ്രകാരമുള്ള ഒരാത്മീയപുനരുത്ഥാനത്തിന്റെ പടിവാതിലിൽ നാം വന്നെത്തിയിരിക്കയാണ്. ഒരു വലിയ ആത്മീയാനുഗ്രഹം ദൈവം നമ്മുടെ മേൽ പകരുവാൻ പോകുന്നതിന്റെ പ്രാരംഭപടികളാണ് ഇവയെല്ലാം.

ഈ മഹത്തായ ദൈവികാഹ്വാനത്തിനു ചെവികൊടുക്കാതെയും ആത്മാർത്ഥമായി ഈ അനുഗ്രഹങ്ങളെ അന്വേഷിക്കാതെയും നാം ഇരിക്കുന്ന പക്ഷം നമ്മെ പിമ്പിൽത്തള്ളിയശേഷം ഈ ദീപശിഖ കൈയിലേന്തുവാനായി ദൈവം ക്രിസ്തുവിന്റെ ശരീരത്തിലുള്ള മറ്റൊരു വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരും എന്നാണെന്റെ അഭിപ്രായം.

നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ നിഷേധിക്കുവാൻ സാധ്യമല്ലാത്ത ഒരു പ്രവചനമാണിത്. എല്ലാ ആത്മീയശക്തിയും സ്വരൂപിച്ച് ക്രിസ്തീയവിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും ജീവിതത്തിന്റെയും ഈ അടിസ്ഥാനയാഥാർത്ഥ്യത്തിലേക്ക് നാം വന്നുചേരുകയും ആ യത്നത്തിൽ ദൈവത്തിന്റെ തിരുമുഖവും ദിവ്യഹിതവും അന്വേഷിക്കയും ചെയ്യുന്നില്ലെങ്കിൽ ദൈവം നമ്മെ പുറന്തള്ളുവാൻ ഇടയാകും.

യിസ്രായേൽ ജനതയുടെ നേതാക്കന്മാർ തങ്ങളുടെ സമൂഹത്തിന്റെ ശാശ്വതമായ നിലനില്പ്പിൽ വിശ്വാസമർപ്പിച്ചുകൊണ്ട് കർത്താവായ യേശുക്രിസ്തുവിനോട് "ഞങ്ങൾ വ്യഭിചാരത്തിൽ ജനിച്ച മക്കളല്ല; അബ്രഹാമിന്റെ സന്തതികളാണ് ഞങ്ങൾ. ഞങ്ങളുടെ ഈ ആലയം ദൈവത്തിന്റെ ആലയമത്രേ" എന്നു വാദിച്ച ഒരു ദിവസമുണ്ടായിരുന്നു.

അതുകേട്ട് കർത്താവ് അവരോട് മറുപടി പറഞ്ഞത് ഇപ്രകാരമായിരുന്നു: "അബ്രഹാമിന്റെ പ്രവൃത്തി ചെയ്യുന്നതാരോ അവരാണ് അബ്രഹാമിന്റെ മക്കൾ. ഈ ദേവാലയത്തിന്റെ കാര്യത്തിലാകട്ടെ, കല്ലിന്മേൽ കല്ലു ശേഷിക്കാത്തവിധം ഇതു നശിപ്പിക്കപ്പെടുന്ന ദിവസം അടുത്തുവരുന്നു."

കുറെ വർഷങ്ങൾക്കു ശേഷം ദേവാലയത്തിന്റെ അടിസ്ഥാനം പോലും ഇളക്കി മറിക്കുവാനും അതിന്റെ കല്ലുകളെ ഇടിച്ചു നിരത്തുവാനുമായി റോമൻ ചക്രവർത്തി തന്റെ സൈന്യത്തെ നിയോഗിച്ചപ്പോൾ കർത്താവിന്റെ ഈ വാക്കുകൾ നിറവേറി. യേശുവിന്റെ ഈ പ്രവചനവാക്കുകൾ ഒരിക്കലും ആ ചക്രവർത്തികേട്ടിരുന്നില്ല. എന്നാൽ ദൈവത്തിന്റെ പരിപാടിയിൽ ആ വാക്കുകളെ നിറവേറ്റുവാനുള്ള ഉപാധിയായി അദ്ദേഹത്തിന്റെ നിയോഗം തീർന്നു. യഹൂദന്മാർക്ക് അതൊരു വിശുദ്ധദേവാലയമായിരുന്നു. എന്നാൽ റോമൻ സൈന്യം അതിന്റെ ഓരോ കല്ലും നിലം പരിചാകുമാറ് അതിനെ ഇടിച്ചു നിരത്തുകയാണുണ്ടായത്.

രാഷ്ട്രങ്ങളെയും ജനതകളെയും, മനുഷ്യരുടെ സ്നേഹഭാജനങ്ങളായ മതങ്ങളെയും ദേവാലയങ്ങളെയും കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ദൈവം തന്റെ മാറ്റമില്ലാത്ത മാർഗ്ഗം പിന്തുടർന്നുപോരുന്നു. ദൈവത്തിന്റെ നിർദ്ദിഷ്ടലക്ഷ്യം നിറവേറ്റുന്നതിൽ അവ പരാജയപ്പെടുന്ന അതേ മണിക്കൂറിൽത്തന്നെ ദൈവം അവയെ പുറന്തള്ളുന്നു ഈ നിയമത്തിൽ നിന്നു വ്യത്യസ്തമായ യാതൊരു മതസമൂഹവും





സഭാസംഘടനയും ജനവിഭാഗവും ലോകത്തിലില്ല.

ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ സന്ദേശം ആവശ്യമായിരിക്കുന്ന പാപപങ്കിലമായ മനുഷ്യസമൂഹത്തിന്റെ മധ്യത്തിൽ ദൈവഹിതം സാക്ഷാൽക്കരിക്കുവാൻ കഴിയാത്ത വിധം സഭ അധഃപതിച്ചു കഴിഞ്ഞാൽ പിന്നെ ആദരണീയങ്ങളായ സ്ഥാനവസ്ത്രങ്ങൾക്കോ കനം തൂങ്ങുന്ന കുരിശുകൾക്കോ ജപമാലകൾക്കോ നീണ്ട ബിരുദങ്ങൾക്കോ സ്ഥാനപ്പേരുകൾക്കോ ഒന്നിനും ആ സഭയെ രക്ഷിക്കുവാൻ കഴിവുണ്ടാകയില്ല.

ദൈവത്തെ അറിയുവാനും വിനയത്തോടും സൗമ്യതയോടും കൂടി അവിടുത്തെ മാർഗ്ഗം വിശ്വാസത്തിലും സ്നേഹത്തിലും പിന്തുടരുവാനും ജനങ്ങൾക്കു സാധിക്കത്തക്കവിധം ദൈവത്തിന്റെ സ്നേഹമയമായ ഹിതം നിറവേറ്റുവാൻ ഈ സഭാവിഭാഗങ്ങൾക്കു കഴിവില്ലാതെപോകുന്നപക്ഷം ശതാബ്ദങ്ങൾക്കു മുമ്പ് അവയെ പണിതുയർത്തിയ ദൈവം തന്നെ അവയെ പുറന്തള്ളുകയും ഇടിച്ചുനിരത്തി ശൂന്യമാക്കുകയും ചെയ്യും.

ഇപ്പോൾ ഞാൻ പറയുന്നത് ജനസമൂഹങ്ങളെപ്പറ്റിയാണ്. വ്യക്തികളായ സഭാംഗങ്ങളെപ്പറ്റിയല്ല. ഏതെങ്കിലും ഒരു സംഘടന വിപുലമായ ഒരു ജനസമൂഹത്തെ ഉൾക്കൊള്ളുന്നുവെന്ന കാര്യം ദൈവത്തിന് പരിഗണനീയമായ ഒരു വിഷയമായിത്തീരുന്നില്ല. അവയെ പരിത്യജിച്ചശേഷം ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നത് തങ്ങളുടെ ഏറ്റവും വലിയ സമ്പാദ്യമായി സ്വീകരിച്ചിട്ടുള്ള പാവപ്പെട്ടവരും ലളിതഹൃദയരുമായ ജനങ്ങളുടേതായ ചെറിയസമൂഹങ്ങളെ ദൈവം അനുഗ്രഹപാത്രങ്ങളാക്കിത്തീർക്കും.

തന്നിൽ വിശ്വസിക്കുന്ന പ്രിയമക്കളെ ഒരിക്കലും കൈവിട്ടുകളയുകയില്ല. എന്നാൽ കൂസലില്ലാതെ ദൈവത്തെയും അവിടുത്തെ ശാശ്വതവചനത്തെയും പുറന്തള്ളിയിട്ടുള്ള സഭകളിലും സമൂഹങ്ങളിലും നിന്ന് തന്റെ സാന്നിധ്യത്തിന്റെ അഗ്നിമേഘസ്തംഭങ്ങളെ ദൈവം പിൻവലിച്ചിരിക്കുന്നുവെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

സ്നേഹം നിറഞ്ഞ ദൈവമേ, ഇപ്പോൾ ഞാൻ പ്രസംഗിക്കുന്ന ഈ സഭയിൽ നിന്ന് അവയെ അങ്ങു പിൻവലിക്കുന്നപക്ഷം ആ ദുരന്തം സംഭവിക്കുന്നതിന് 24 മണിക്കൂർ മുമ്പേ ആ വസ്തുത എന്നെ അറിയിക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ അപ്പോൾ ഈ പട്ടണം വിട്ടു പുറത്തേക്കു പോകാൻ ഞാൻ ആഗ്രഹിക്കും. സഭയെ ദൈവം പുറന്തള്ളി ഇടിച്ചു നിരത്തുന്നതു കണ്ടുകൊണ്ടു നില്ക്കുവാൻ ഇടവരാത്തവണ്ണം ആ സ്ഥലം വിട്ട് പോകുവാനുള്ള സമയവും സാവകാശവും എനിക്കു ലഭിച്ചേ തീരൂ.

പ്രിയ സഹോദരന്മാരേ, നമുക്കു മറ്റു സകലവും നഷ്ടമായാലും സാരമില്ല. എന്നാൽ ദൈവസാന്നിധ്യത്തിന്റെ അഗ്നിമേഘസ്തംഭങ്ങൾ നമുക്കു കൂടിയേ കഴിയൂ. ശക്തീകരിക്കുന്ന പരിശുദ്ധാത്മശക്തിയും 'ദൈവം നമ്മോടു കൂടെ' എന്ന സത്യത്തെ വിളിച്ചറിയിക്കുന്ന അവിടുത്തെ സാന്നിധ്യപ്രകാശവും ഇല്ലാതെയുള്ള ഒരു ജീവിതം നമുക്ക് അസാധ്യം തന്നെയാണ്. മറ്റെല്ലാം നഷ്ടപ്പെട്ടാലും ഈ രണ്ടു കാര്യങ്ങൾ നമുക്കുണ്ടെങ്കിൽ ദൈവത്തിന്റെ സത്യസഭയായിത്തീരുവാൻ നമുക്ക് സാധ്യമാണ്.

(Tragedy in the Church എന്ന ഗ്രന്ഥത്തിലെ ഒരു ലേഖനത്തിന്റെ സംക്ഷിപ്ത വിവർത്തനം)

## കുതിരകൾ പേജ് 12 ൽ നിന്ന്

പ്പോൾ മാത്രമാണ് യഥാർത്ഥത്തിൽ ജീവിതത്തിന് അർത്ഥമുണ്ടാകുന്നതെന്ന സുപ്രധാനസത്യം പൗലോസിന് പഠിക്കേണ്ടിയിരുന്നു. താൻ ബലഹീനനാകുന്തോറും ദൈവത്തോട് കൂടുതൽ അടുക്കുകയായിരുന്നു. പൗലോസ് ദൈവത്തോടുള്ള കൂട്ടായ്മയിൽ കൂടുതൽ ശക്തനായിതീർന്ന അദ്ദേഹം സ്വയശക്തിയിൽ ജീവിച്ചതിനേക്കാൾ എത്രയധികം ശക്തനായിത്തീർന്നു! ജഡത്തിലെ ശൂലം അദ്ദേഹത്തെ ബലഹീനനെന്ന് തോന്നിച്ചെങ്കിലും ദൈവകൃപ കൂടുതലായി പ്രാപിക്കാൻ ഇത് മുഖാന്തരമായി. തൽഫലമായി ദൈവവും അവിടുത്തെ ശക്തിയും മഹത്വപ്പെടാൻ ഇടയായി.

നാം ദൈവകൃപയുംശക്തിയും കൂടുതലായി അന്വേഷിക്കുവാനായി ഇതുപോലെ വിവിധ 'ശൂലങ്ങൾ' നമ്മുടെ ജീവിതത്തിലും അവിടുന്ന് അനുവദിക്കുന്നു. നമ്മുടെ അവസരങ്ങളെ പരിമിതപ്പെടുത്തി, നമ്മുടെ ചെറുത്തു നിൽപ്പിനെ നിർവീര്യമാക്കി. നിരാശപ്പെടുത്തി, ദൈവം അവിടുത്തെ കൃപയിലേക്കും ശക്തിയിലേക്കും നമ്മെ നടത്താൻ ആഗ്രഹിക്കുന്നു. സ്വയാശ്രയത്തിൽ നിന്ന് നമ്മെ വിടുവിക്കുവാൻ -പല്ലുകടിച്ച് മുഷ്ടിചുരുട്ടി ജീവിതത്തിൽ മുന്നോട്ട് പോകാം എന്നുള്ള ചിന്തയിൽ നിന്ന് മോചിപ്പിക്കുവാൻ -പല സാഹചര്യങ്ങളും അനുവദിക്കുന്നു. അത്തരം ഒരു ജീവിതം എത്രമാത്രം ആയാസകരവും ഫലശൂന്യവും ആണെന്ന് ദൈവം അറിയുന്നു. മറിച്ച് നാം ദൈവത്തിൽ സ്വസ്ഥത കണ്ടെത്തുകയും നാം ദൈവശക്തി പ്രാപിക്കുകയും ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നു.

കൂടുതൽ കൃപയ്ക്കായും, ശക്തിക്കായും നാം ദൈവസന്നിധിലേക്ക് ഓടിച്ചെല്ലുന്ന മുഖാന്തരങ്ങളായി നമ്മുടെ ജഡത്തിലെ എല്ലാ 'ശൂലങ്ങളും' തീരട്ടെ എന്നാണ് എന്റെ പ്രാർത്ഥന. നാം കൂടുതൽ ബലഹീനരും പരിമിതപ്പെട്ടവരും എന്ന് തോന്നുമ്പോൾ, ദൈവകരങ്ങൾ അവിടെ കാണുക. ദൈവത്തോട് ആഴമായ ഒരു സ്നേഹബന്ധത്തിലേക്ക് കടന്നുവരാനുള്ള അവിടത്തേ ക്ഷണമായി ആ സന്ദർഭങ്ങളെ ഉപയോഗിക്കുവാനും നമുക്ക് ഇടയാകട്ടെ.

●

## സോദോമിലെ ഉണർവ്വ് പേജ് 16 ൽ നിന്ന്

കാരണം അവിടെ അയാൾ മാത്രമായിരുന്നു ക്രിസ്തുവിലുള്ള വിശ്വാസത്തെ പ്രഖ്യാപിച്ചിരുന്ന ഒരേയൊരാൾ.

ആ സ്ഥലത്ത് ഇങ്ങനെയാണ് ഉണർവ്വ് പൊട്ടിപ്പുറപ്പെട്ടത്.

ഞാൻ ആ സ്ഥലത്ത് പിന്നീട് കുറേക്കാലത്തേക്ക് പോയിട്ടേയില്ല. എന്നാൽ 1856 ൽ ന്യൂയോർക്കിലെ സിറാക്കൂസ് എന്ന സ്ഥലത്ത് വേല ചെയ്യുമ്പോഴാണെന്നു തോന്നുന്നു, ഞാൻ സെന്റ് ലോറൻസ് പ്രവിശ്യയിൽ നിന്നുള്ള ക്രോസ് എന്ന് പേരുള്ള ഒരു ശുശ്രൂഷകനെ പരിചയപ്പെട്ടത്: അയാൾ എന്നോട് പറഞ്ഞു "മിസ്റ്റർ ഫിന്നി, നിങ്ങൾക്ക് എന്നെ അറിയില്ല. എന്നാൽ സോദോം എന്ന സ്ഥലത്ത് നിങ്ങൾ പ്രസംഗിച്ചത് ഓർക്കുന്നുണ്ടോ?" ഞാൻ പറഞ്ഞു: "ഞാൻ അതൊരിക്കലും മറക്കില്ല" "ഞാൻ അന്ന് ഒരു ചെറുപ്പക്കാരനായിരുന്നു. ആ മീറ്റിംഗിൽവച്ചാണ് ഞാൻ ക്രിസ്തുവിനെ സ്വീകരിച്ചത്". അയാൾ പറഞ്ഞപ്പോൾ ഞാൻ സോദോമിലെ ഉണർവ്വിനെക്കുറിച്ചോർത്ത് ദൈവത്തെ മഹത്വപ്പെടുത്തി.

മൊഴിമാറ്റം: ശില്പ.

●



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

*വായിച്ചു തുടങ്ങുംമുൻപ്......*

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ.*

*ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി.*

*സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മാഡംപേജിന് ഇഷ്ടമായില്ല. അവർ വീടുവിട്ടുപോയി. ഇതിനിടെ ചത്വരത്തിലെ മദ്യലോബിക്കെതിരേ യഥാർത്ഥക്രിസ്ത്യാനികൾ അണിനിരന്നു. ഈ പോരാട്ടത്തിൽ ലൊറീൻ രക്തസാക്ഷിയായി.*

*ഷിക്കാഗോയിലെ സഭശുശ്രൂഷകൻ ഡോ.ബ്രൂസ് റെയ്മണ്ടിലെ ഉണർവ്വിനെക്കുറിച്ച് അറിഞ്ഞ് അതു തന്റെ സഭയിലും പ്രാവൃത്തികമാക്കാൻ തുനിയുന്നു.*

*തുടർന്നുവായിക്കുക....*

## 20

ഡോ.ബ്രൂസ് ശിഷ്യത്വത്തിനുള്ള ആഹ്വാനം നൽകിയിട്ട് മൂന്നു മാസങ്ങൾ പിന്നിട്ടു. ആവേശഭരിതമായ മൂന്നു മാസങ്ങൾ. ഫെലീഷ്യയേപ്പോലെ പതിവു സഭാരാധനയിൽ തൃപ്തിയില്ലാതെ മറ്റെന്തിനോ വേണ്ടിയുള്ള അടങ്ങാത്ത ആത്മദാഹവും പേറി നടന്നിരുന്ന പലരേയും അറിയാനുള്ള സമയമായിരുന്നു അത്. അവർക്കു വേണ്ടതൊന്നും പതിവുപരിപാടിയിലൂടെ കൊടുക്കാൻ സഭയ്ക്കു കഴിഞ്ഞിരുന്നില്ല.

ഡോ. ബ്രൂസ് ഇതിലൊന്നും തൃപ്തനായില്ല. അദ്ദേഹത്തിന്റെ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്നതെന്തെന്നറിയാൻ ആർക്കും കഴിഞ്ഞില്ല. എന്നാൽ

ബിഷോപ്പും ഡോ.ബ്രൂസും തമ്മിലുള്ള ഒരു സംഭാഷണം നാം ശ്രദ്ധിക്കുന്നു എങ്കിൽ അദ്ദേഹത്തിന്റെ ചിന്താസരണി ഏതുവഴിക്കെന്നു കണ്ടെത്താൻ കഴിയും. “ഞാൻ എന്തിനാണ് ഇന്നു വൈകുന്നേരം ഇവിടെ വന്നതെന്നു നിനക്കറിയാമോ”?

നസ്രത്ത് അവന്യു സഭയിലെ പുതിയ വിശേഷങ്ങളൊക്കെ പങ്കുവെച്ചുകഴിഞ്ഞതോടെ ബിഷോപ്പ് ചോദിച്ചു. ഡോ.ബ്രൂസ് തനിക്കറിഞ്ഞുകൂടെന്ന അർത്ഥത്തിൽ തലയാട്ടി. “ഞാൻ മനസ്സിലാക്കുന്ന നിലയിൽ യേശുവിന്റെ ശിഷ്യത്വത്തിലേക്ക് വരുവാൻ എനിക്ക് ഇനിയും കഴിഞ്ഞിട്ടില്ലെന്ന കാര്യം ഏറ്റുപറയാനാണ് എനിക്ക് എന്റെ പ്രതിജ്ഞ പാലിക്കാൻ കഴിയുന്നില്ല. ”

ഡോ. ബ്രൂസ് എഴുന്നേറ്റ് അങ്ങോട്ടും ഇങ്ങോട്ടും നടക്കാൻ തുടങ്ങി. “ എഡ്വാർഡ്, എനിക്കും എന്റെ പ്രതിജ്ഞ പാലിക്കാൻ കഴിഞ്ഞിട്ടില്ല. അതിനു തടസ്സം നസ്രത്ത് അവന്യു സഭയിലെ ശുശ്രൂഷകൻ എന്ന എന്റെ സ്ഥാനമാണ്. അത് ഞാൻ ഉപേക്ഷിക്കാൻ തീരുമാനിച്ചിരിക്കുന്നു.”

“നീ അതു ചെയ്യുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. ഞാനും അക്കാര്യം തന്നെ പറയാനാണ് ഇന്നുവന്നത്. എന്റെ സ്ഥാനവും പദവിയും ഞാനും ഉപേക്ഷിക്കാൻ തീരുമാനിച്ചിരിക്കുന്നു.” “നിന്റെകാര്യത്തിൽ അത് ആവശ്യമുണ്ടോ? ” ബ്രൂസ് ചോദിച്ചു. “തീർച്ചയായും. അതിന്റെ കാരണങ്ങൾ ഞാൻ വ്യക്തമാക്കാം. നിന്റേതുപോലെതന്നെയാണത്. എത്രവർഷങ്ങളായി ഞാൻ ഈ സ്ഥാനത്തു തുടരുന്നു. അതിന്റെ ഒരു ആദരണീയതയും സുഖസൗകര്യങ്ങളുമൊക്കെ നിനക്കറിയാം. അതിന്റെ ഭാരങ്ങളും ബുദ്ധിമുട്ടുകളും ഒന്നുമില്ലെന്നല്ല. എന്നാൽ ഇവിടുത്തെ നിരാലംബരും ദരിദ്രരുമായവരുടെ നടുവിൽ പാപകരമായ ആർഭാടങ്ങളിൽ തന്നെയാണു ഞാൻ കഴിയുന്നത്. വളരെ മനോഹരമായ ഒരു വീടും നല്ല ഭക്ഷണവും വിലകൂടിയ വസ്ത്രങ്ങളും മറ്റെല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ചാണ് ഞാൻ ജീവിച്ചത്. നിരവധിതവണ വിദേശയാത്രകൾ നടത്തുവാനും ഏറ്റവും മികച്ച സംഗീതവും കലയുമൊക്കെ ആസ്വദിക്കുവാനും എനിക്ക് എല്ലായ്പ്പോഴും എല്ലാ സൗകര്യങ്ങളും ലഭിച്ചിട്ടുണ്ട്. ഇല്ലായ്മയോ പോരായ്മയോ ഏതെങ്കിലും കാര്യത്തിൽ ഞാൻ ഒരിക്കലും അനുഭവിച്ചിട്ടില്ല. “നീ ക്രിസ്തുവിനുവേണ്ടി എന്തു സഹിച്ചിട്ടുണ്ട്?” എന്ന ചോദ്യം നിരന്തരം എന്നിൽ നിന്നുയരുന്നതിനെ തടയുവാൻ കഴിയുന്നില്ല. തന്റെ നാഥനുവേണ്ടി എന്തെല്ലാം സഹിക്കേണ്ടി വന്നിട്ടുണ്ടെന്ന് പൗലോസ് ഏറ്റുപറഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ കാൽ ചുവടുകളെ അനുഗമിക്കുക എന്നാൽ സഹനമാണെന്നു മാക്സ്വെൽ അസന്ദിഗ്ധമായി പ്രസ്താവിക്കുമ്പോൾ റെയ്മണ്ടിൽ താനെടുത്ത നിലപാടുകളും തന്റെ അനുഭവങ്ങളും സാക്ഷി നിർത്തിയാണ് പറയുന്നത്. പക്ഷേ എന്റെ ജീവിതത്തിൽ ഇതിനൊക്കെ എന്തു സ്ഥാനമാണുള്ളത്? ഒരു ശുശ്രൂഷകൻ എന്ന നിലയിലുള്ള ചെറിയ ചെറിയ അസൗകര്യങ്ങളും ശല്യങ്ങളും ഒക്കെ കഷ്ടവും പീഡയുമായി കണക്കാക്കാമോ? അപ്പോസ്തലന്മാരെയും ആദിമപിതാക്കന്മാരെയും താരതമ്യം ചെയ്യുമ്പോൾ എന്റെ ജീവിതം പാപകരമായ സുഖലോലുപതയും ആർഭാടവും നിറഞ്ഞതാണ്. എനിക്കിതുമായി ഒത്തുപോകാൻ കഴിയുന്നില്ല. ഞാൻ അവന്റെ കാൽചുവടുകളെയല്ല പിന്തുടരുന്നത്. ഇന്നത്തെ ഈ സ്ഥാനവും ശുശ്രൂഷയും സഭയുടെ കെട്ടും വ്യവസ്ഥിതിയും ഒക്കെ തുടരുന്നിടത്തോളം ഇവിടെ ഇരുന്നുകൊണ്ട് ഒന്നും സാദ്ധ്യമല്ല.എനിക്ക് ഈ കുറ്റബോധത്തിൽ നിന്നും മോചനമില്ല. ആവശ്യത്തിലിരിക്കുന്ന ആത്മാക്കൾക്ക് എന്നെ നൽകാത്തിടത്തോളം എനിക്ക് ആശ്വാസം ലഭി







**ഒരു പ്രാർത്ഥനയിലെന്നവണ്ണം അദ്ദേഹത്തിന്റെ കരങ്ങളുയർന്നുനിന്നു. അദ്ദേഹം പ്രാർത്ഥിക്കയായിരുന്നു. ആ പ്രാർത്ഥനയ്ക്ക് പെട്ടെന്നു തന്നെ മറുപടിയുണ്ടായി.**

ക്കില്ല”

ബിഷോപ്പ് എണീറ്റ് ജനാലയ്ക്കലേക്ക് നടന്നു.പുറത്തുതെരുവിൽ പകൽപോലെ വെളിച്ചം. ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. അദ്ദേഹത്തിന്റെയുള്ളിൽ ഒരു അഗ്നിപർവ്വതം തിളച്ചു മറിയുകയായിരുന്നു.

“കാൽവിൻ, നാം ജീവിക്കുന്ന ഈ നഗരം ഭയാനകമാണ്. അതിന്റെ സ്വാർത്ഥതയും പാപവും ലോഭവും ഒക്കെ എന്റെ ഹൃദയത്തെ തകർക്കുന്നു. ജോലിക്കാരായ പെൺകുട്ടികളുടെ ഭീകരമായ അവസ്ഥ, എല്ലാ കഷ്ടങ്ങളെയും ഭീകരതയെയും തമസ്ക്കരിക്കുന്ന ക്രൗര്യം നിറഞ്ഞ ആഡംബരവും ധൂർത്തും സ്വാർത്ഥതയും, മദ്യപാനവും ചൂതാട്ടവും. തൊഴിൽ രഹിതരുടെ ദൈന്യതയും നിലവിളിയും, സഭയെ അലസതയും ആർഭാടവും കൈമുതലാക്കിയ ഒരു ശുശ്രൂഷകനു വാഴാനുള്ള മണിമന്ദിരമായി കാണുന്ന ഒരു വിഭാഗം. സത്യവും വ്യാജവുമായ ആശയങ്ങളു ടെ കുത്തൊഴുക്ക്. സഭയിലെ തിന്മകളെ ഊതിപ്പെരുപ്പിച്ച് കയ്പ്പും അപമാനവും പരത്തുന്ന സങ്കീർണ്ണ മനസ്സുകൾ, ഇതിന്റെയൊക്കെ നടുവിൽ ഞാൻ ജീവിച്ചുപോരുന്ന ഈ സുഖലോലുപത എന്നെ ഭയപ്പെടുത്തുന്നു.

അടുത്ത കാലത്തായി യേശുവിന്റെ ഈ വാക്കുകൾ ഞാൻ കൂടെക്കൂടെ കേൾക്കാറുണ്ട്.“ ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കാകുന്നു ചെയ്തത്.” എനിക്കു കഷ്ടമുണ്ടാക്കുന്ന ഒരു സന്ദർശനം പോലും -തടവുകാരേയോ മറ്റേതെങ്കിലും തരത്തിൽ കഷ്ടപ്പെടുന്നവരെയോ - ഞാൻ നടത്തിയിട്ടില്ല.സമൂഹത്തിലെ ഉന്നതരേയും മാന്യരേയും മാത്രമേ ഞാൻ സന്ദർശിച്ചിട്ടു ള്ളൂ. യേശുവിനുവേണ്ടി ഞാൻ ഒന്നും സഹിച്ചിട്ടില്ല. മാർട്ടിൻ ലൂതറിന്റെ കാലത്തായിരുന്നുവെങ്കിൽ ചാട്ടവാറിനാൽ ദണ്ഡിപ്പിക്കപ്പെടുവാൻ വേണ്ടി ഞാൻ എന്നെ ഏൽപ്പിച്ചുകൊടുക്കുമായിരുന്നു. അത്രമാത്രം കുറ്റബോധം എനിക്കുണ്ട്”.

ഡോ. ബ്രൂസ് ആകെ വിളറി വെളുത്തുപോയി. ഇത്രവികാരതീവ്രതയോടെ

ബിഷോപ്പ് സംസാരിക്കുന്നത് ഇതിനു മുമ്പ് കേട്ടിട്ടില്ല. ബിഷോപ്പ് കസേരയിലിരിക്കുകയും തലതാഴ്ത്തി നിശ്ശബ്ദനാവുകയും ചെയ്തു. നിശ്ശബ്ദതയ്ക്കു ശേഷം ഡോ. ബ്രൂസ് പറഞ്ഞുതുടങ്ങി: "എഡ്വേർഡ്, ഞാൻ പറയേണ്ടതൊക്കെ തന്നെയാണ് താങ്കൾ പറഞ്ഞത് . ഞാനും സുഖസൗകര്യങ്ങളിൽ ജീവിച്ചു. വിദ്യാഭ്യാസവും കുലീനതയുമുള്ള ആളുകളുമായി മാത്രം സഹകരിച്ചു. യാതൊരു മുട്ടും ഒന്നിലും അനുഭവിച്ചിട്ടില്ല. എനിക്കീ ജീവിതം തുടരുക വയ്യ. ഞാൻ സഭയെ കുറ്റപ്പെടുത്തുന്നില്ല. ഞാൻ അവളെ സ്നേഹിക്കുന്നു. ഞാൻ അവളെ ഉപേക്ഷിക്കുന്നില്ല. അവളെ ഭരമേല്പ്പിച്ചിരിക്കുന്ന ദൗത്യത്തിൽ ഞാൻ വിശ്വസിക്കുന്നു. എന്നാൽ യേശുവിന്റെ കാൽച്ചുവടുകളിൽ നടക്കാൻ വേണ്ടി നസ്രത്ത് അവന്യു സഭയുടെ ശുശ്രൂഷകൻ എന്ന സ്ഥാനം ഞാൻഉപേക്ഷിക്കുന്നു. ഇക്കാര്യത്തിൽ മറ്റൊരു ശുശ്രൂഷകനേയും വിധിക്കുവാനോ മറ്റോരുത്തന്റെ ശിഷ്യത്വത്തെ വിമർശിക്കുവാനോ ഞാനൊരുക്കമല്ല. ഈ മഹാനഗരത്തിന്റെ പാപത്തോടും അപമാനത്തോടും അധഃപതനത്തോടും നേരിട്ടൊരു ബന്ധത്തിലെത്തുവാൻ എനിക്ക് താത്പര്യമുണ്ട്. അതിന് എന്റെ പദവിയും സ്ഥാനവും ഒരു വിഘാതമാണ്. അവന്റെ കഷ്ടങ്ങളിൽ പങ്കാളിയാകുവാൻ മറ്റൊരു വഴിയും ഞാൻ കാണുന്നില്ല." അവരുടെ ഇടയിൽ വീണ്ടും നിശ്ശബ്ദത തളംകെട്ടി. ''എന്താണു അങ്ങയുടെ അടുത്ത പദ്ധതി"? ബിഷോപ്പ് മൗനം ഭഞ്ജിച്ചു. "എവിടെ എന്റെ സേവനം ഈ നഗരത്തിൽ ഏറ്റവും ആവശ്യമുണ്ടോ അവിടേക്കു പോകുക എന്നതാണ്. അവിടെ താമസിക്കുക. എന്റെ ഭാര്യയും അക്കാര്യത്തിൽ എന്നോടൊത്തുണ്ട്. " 'അങ്ങനെയെങ്കിൽ ഞാൻ ഒരു സ്ഥലം നിർദ്ദേശിക്കട്ടെ?'' ബിഷോപ്പ് ആവേശത്തോടെ ചോദിച്ചു. രണ്ടുപേരും ചേർന്ന് പദ്ധതികൾ നെയ്തു. ചേരിപ്രദേശത്ത് ഒരു മദ്യഫാക്ടറിയുടെ ഗോഡൗണായി ഉപയോഗിച്ചിരുന്ന ഒരു വലിയ കെട്ടിടം എടുത്ത് അറ്റകുറ്റം തീർത്ത് അത്യാവശ്യം വേണ്ട മാറ്റങ്ങൾ വരുത്തി അവിടെത്താമസിക്കാൻ തീരുമാനിച്ചു. എല്ലാ ദുഷ്ടതയും അഴുക്കും നിറഞ്ഞൊഴുകുന്ന ദാരിദ്ര്യവും അപമാനവും കൊടികുത്തിവാഴുന്ന ചേരിപ്രദേശത്ത്. ഇതൊരു പുതിയ ആശയമല്ല. യേശുക്രിസ്തു എന്തു ചെയ്തോ അതുപോലെയുള്ള സ്വയത്യാഗത്തിന്റെ വഴി.

ആ പട്ടണത്തിന്റെ ഭൗതികദാരിദ്ര്യത്തേയും ആത്മീയദാരിദ്ര്യത്തേയും അടുത്തുചെന്ന് അറിയുവാനുള്ള ആഗ്രഹം ആ രണ്ടു വ്യക്തികളിലും ഉത്കടമായിരുന്നു. അവരുടെ കഷ്ടം സ്വന്തം ജീവിതത്തിൽ അനുഭവമായിത്തീരുന്നില്ലെങ്കിൽ അതെങ്ങനെ അറിയും? അതിനുവേണ്ടി സ്വയം ത്യജിക്കുന്നില്ലെങ്കിൽ എങ്ങനെ അതനുഭവമാകും.

ബിഷോപ്പിനു നല്ല ബാങ്ക് നിക്ഷേപം ഉണ്ടായിരുന്നു. അതേക്കുറിച്ച് ആളുകൾക്ക് ഒരു ധാരണ ഉണ്ടായിരുന്നു. ഡോ. ബ്രൂസും തന്റെ എഴുത്തിലൂടെയും മറ്റും നല്ല ഒരു വരുമാനം നേടിയിരുന്നു. ഈ സമ്പാദ്യത്തിന്റെ നല്ല പങ്കും തങ്ങളുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കാമെന്ന് രണ്ടു സുഹൃത്തുക്കളും തീരുമാനിച്ചു.

പ്രതിജ്ഞയെടുത്തതുമുതൽ നസ്രത്ത് അവന്യ സഭയിൽ വലിയ മാറ്റങ്ങളുണ്ടായി. കുലീനതയിലും സമ്പന്നതയിലും പാരമ്പര്യത്തിലുമോക്കെ ഏറെ മികവ് അവകാശപ്പെടാനുണ്ടങ്കിലും മാറ്റങ്ങളുടെ കാര്യത്തിൽ റെയ്മണ്ടിലെ പ്രഥമ സഭപോലെ തന്നെയായിരുന്നു ഈ സഭയും. എങ്കിലും ഡോ.ബ്രൂസ് തന്റെ ശുശ്രൂഷാ സ്ഥാനത്തുനിന്നുള്ള രാജിക്കാര്യം ഒരു ഞായറാഴ്ച്ച പോടുന്നനവേ അറിയിച്ചത് ആളുകളിൽ അത്ഭുതവും അമ്പരപ്പും ഉളവാക്കി. എന്നുമാത്രമല്ല ഷിക്കാഗോയുടെ ഏറ്റവും വൃത്തികെട്ട ദുഷിച്ച ചേരിപ്രദേശത്തു താമസമാക്കുവാൻ വേണ്ടി ബിഷോപ്പും തന്റെ സ്ഥാനം ഉപേക്ഷിച്ചുഎന്നു കേട്ടതോടെ അമ്പരപ്പ് വർദ്ധമാനമായി.





തന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ച ഒരു വ്യക്തിയോട് ബിഷോപ്പ് ചോദിച്ചു: "പക്ഷേ എന്തുകൊണ്ടാണ് ഞങ്ങളുടെ ഈ പ്രവൃത്തിയേ ഒരു അസാധാരണ കാര്യമായി നിങ്ങൾ കരുതുന്നത്? ഒരു ബിഷപ്പും ഡിവിനിറ്റിയിൽ ഡോക്ടർ ബിരുദവുള്ള ഒരു ശുശ്രൂഷകനും ആത്മാക്കളെ നേടുവാൻ താത്പര്യം കൊടുക്കുന്നത് കേട്ടുകേൾവിയില്ലാത്ത കാര്യമാണോ?. ഞങ്ങൾരാജിവെച്ചത് ഇൻഡ്യയിലോ ചൈനയിലോ ആഫ്രിക്കയിലോ മിഷനറിവേല ചെയ്യുവാനായിരുന്നെങ്കിൽ സഭകൾ അതിനെ വലിയോരു വീര്യപ്രവൃത്തിയായി കണക്കാക്കുമായിരുന്നില്ലേ? എന്നാൽ നമ്മുടെ പട്ടണത്തിലുള്ള അവിശ്വാസികൾക്കു വേണ്ടി ഞങ്ങളെടുത്ത തീരുമാനത്തെ എന്തുകൊണ്ടാണ് നിങ്ങൾ വ്യത്യസ്തമായ ഒരു കാഴ്ചപ്പാടോടെ കാണുന്നത്? ലോകത്തിന്റെ അരിഷ്ട തയെ അടുത്തറിയാനും അനുഭവിക്കാനും രണ്ട് ക്രിസ്തീയശുശ്രൂഷകർ തീരുമാനിക്കുന്നത് ഇത്ര വലിയ ഒരു സംഭവമാണോ? ആത്മാക്കളെ രക്ഷിക്കുന്നതിലൂടെ സ്നേഹം പ്രകടിപ്പിക്കുന്നത് അതിവിചിത്രമായ ഒരു കാര്യമായി കാണണമോ?" ഈ മാന്യ വ്യക്തികൾ സ്വീകരിച്ച സ്വയത്യാഗത്തിന്റെ വഴി ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്നവരുടെ ക്രിസിത്യാനിത്വത്തെ കൊഞ്ഞനം കുത്തുന്നതുപോലെയായി. ഡോ.ബ്രൂസിന്റെ പിരിഞ്ഞുപോക്ക് പ്രതിജ്ഞയെടുക്കാത്തവർക്ക് വലിയ ആശ്വാസത്തിന് കാരണമായി. എന്നാൽ പ്രതിജ്ഞയെടുത്തവർ തങ്ങളിലെ അഗ്നി കെടാതെ സൂക്ഷിക്കുകയും വലിയ ശക്തിയോടെ മുന്നേറുകയും ചെയ്തു. അവർ നാൾക്കുനാൾ സഭയ്ക്ക് ജീവൻ പകർന്നുകൊണ്ടിരുന്നു.

ശൈത്യം തന്റെ തണുത്തകരങ്ങൾക്കുള്ളിൽ നഗരത്തെ ഒതുക്കി. തണുത്തുറഞ്ഞ ഒരു അപരാഹ്നത്തിൽ ബിഷോപ്പ് നടക്കാനിറങ്ങി. നിരയായുള്ള കെട്ടിടങ്ങൾക്കിടയിലൂടെ തലങ്ങും വിലങ്ങും ഇടവഴികൾ. ഇടവഴികൾ പിന്നിട്ടപ്പോൾ ഒരു ചൈനീസ്അലക്കു കേന്ദ്രത്തിനടുത്തുള്ള വൃത്തിയുള്ള വീട് അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിച്ചു. മുൻവശത്ത് രണ്ട് ജാലകങ്ങൾ. നല്ല വൃത്തിയുള്ളവ. ജാലകത്തിനുള്ളിൽ പലഹാരങ്ങൾ മനോഹരമായിഅലങ്കരിച്ചുവെച്ചരിക്കുന്നു. ഓരോന്നിനും വിലയിട്ടിരിക്കുന്നു. ഈപ്രദേശത്ത് ഇത്തരം വൃത്തിയുള്ള വീടും രുചികരമായപലഹാരങ്ങളും അസാധാരണം തന്നെ അദ്ദേഹത്തിന് അത്ഭുതംതോന്നി. ആജാലകങ്ങളിൽ ശ്രദ്ധിച്ചു നിൽക്കുമ്പോൾ വാതിൽതുറക്കപ്പെട്ടു. ഫെലീഷ്യാ സ്റ്റെർലിംഗ് പുറത്തേക്കു വന്നു "ഫെലീഷ്യാ! എന്റെ ഈ അയൽപക്കത്തേക്ക് ഞാനറിയാതെ നീയെപ്പോൾ വന്നു?" ബിഷോപ്പ് അത്ഭുതം കൂറി "താങ്കൾ ഇത്രപെട്ടെന്ന് എങ്ങനെയെന്നെ കണ്ടെത്തി?'' ഫെലീഷ്യായ്ക്കും അത്ഭുതം. "ഇത്ര വൃത്തിയുള്ള ജാലകങ്ങൾ ഈ പ്രദേശത്ത് ഇതുമാത്രമേയുള്ളു."

"ഓ, അതെനിക്കറിയാം" ഫെലീഷ്യാ ഹൃദ്യമായി ചിരിച്ചു.

" എങ്കിലും ഷിക്കാഗോയിലേക്ക് വരാൻ നിനക്കെങ്ങനെ ധൈര്യം വന്നു. എങ്ങനെയിവിടെയെത്തി.?"

"ബിഷോപ്പ്, താങ്കൾ താങ്കളുടെ പരിപാടിയിൽ വളരെ ശ്രദ്ധയോടെ മുഴുകിയിരിക്കുകയാണെന്ന് എനിക്കറിയാം എന്റെ പദ്ധതികളുമായി താങ്കളെ ഭാരപ്പെടുത്തേണ്ടതില്ലെന്ന് ഞാൻ കരുതി. ഒരു വിപണനവിദഗ്ധയായ ശ്രീമതി ബോസ്ക്കോമിന്റെ കൂടെയാണ് ഞാനിവിടെ തത്കാലം കഴിയുന്നത്. മൂന്നുമുറികൾ അവർ വാടകയ്ക്കെടുത്തതാണ്. ഒരു മുറിയിൽ വെർജീനിയയുടെ അടുത്തുനിന്നും സംഗീതം അഭ്യസിക്കുന്ന ഇന്നാട്ടുകാരിയായ പെൺകുട്ടിയുണ്ട്.

ഞാനും എന്റെ ചില നൂതന സംരംഭങ്ങൾ ഇവിടെ പരീക്ഷണാടിസ്ഥാനത്തിൽ ശ്രമിച്ചുനോക്കുന്നു. പൊതുജനത്തിനുവേണ്ടി നിലവാരമുള്ള ഭക്ഷണഇനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു. കൂട്ടത്തിൽ ഈ വീടിന്റെ സൂക്ഷിപ്പും കൂടി ചെയ്യുന്നു. താങ്കളിൽ നിന്നും സഹകരണവും സഹായവും ഞാൻ പ്രതീക്ഷിക്കുന്നു."

"തീർച്ചയായും അതുണ്ടാകും." ഫെലീഷ്യയുടെ ഉത്സാഹവും പ്രസരിപ്പും ആത്മവിശ്വാസവും ബിഷപ്പിനെ അത്ഭുതപ്പെടുത്തി. "മാർത്തയ്ക്ക് തന്റെ വയലിൻ കൊണ്ട് താങ്കളെ സഹായിക്കാനാവും, എനിക്ക് എന്റെ പാചക വൈദഗ്ദ്ധ്യം കൊണ്ടും."

"അങ്ങനെയോ ?" ബിഷപ്പ് ചോദിച്ചു.

"താങ്കളെ കണ്ടിട്ട് ഒരു മാസമായി ഉപവാസത്തിലാണെന്ന് തോന്നുന്നുണ്ടല്ലോ. അകത്തേക്കു വരൂ. അല്പം ഭക്ഷണം കഴിച്ചുനോക്കൂ." ഫെലീഷ്യാ ക്ഷണിച്ചു.

അവർ അകത്തേക്കു കടക്കുമ്പോൾ വിടർന്നമിഴികളും ചുരുളൻ മുടിയുമുള്ള മാർത്തയുടെ വിരൽത്തുമ്പുകൾ വയലിനിൽ നിന്നും മധുരരാഗം ഉതിർത്തുകൊണ്ടിരുന്നു. പെട്ടന്നവൾ നിർത്തി എണീറ്റു. "തുടർന്നുകൊള്ളൂ മാർത്താ. ഇതു ബിഷോപ്പാണ്. ഞാൻ എപ്പോഴും പറയാറില്ലേ? താങ്കൾ ഇവിടെയിരിക്കൂ. താങ്കളെ കണ്ടിട്ട് ഉപവാസം തന്നെ ആയിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അല്പം ഈജിപ്ഷ്യൻ മാംസവിഭവം തന്നെ ഞാൻ വിളമ്പാം."

അവൾ രുചികരമായതും ശുദ്ധവുമായ ഭക്ഷണം വിളമ്പി. അതിന്റെ ഗുണനിലവാരവും രുചിയും ബിഷപ്പിനെ അത്ഭുതപ്പെടുത്തി.

"ഞാൻ വിചാരിച്ചു വലിയ വിരുന്നുകളിൽ വിളമ്പുന്ന മുന്തിയ ഇനങ്ങൾ പോലെ നല്ലതാണെന്നു വെറുതെയെങ്കിലും താങ്കൾ പറയുമെന്നു ഞാൻ കരുതി." ഫെലീഷ്യാ തന്ത്രപൂർവ്വം പറഞ്ഞു.

"വലിയ വിരുന്നുകളിൽ വിളമ്പുന്നതൊക്കെ ഇതിനുമുമ്പിൽ വെറും ചവറാണ്. നീ തീർച്ചയായും ഞങ്ങളുടെ സങ്കേതത്തിലേക്കു വരണം. നിന്റെ ഉദ്ദേശ്യം എനിക്കു മനസ്സിലായി. വെറും ഉപജീവനമല്ലല്ലോ നിന്റെ ലക്ഷ്യം. ആളുകളെ നല്ല ഭക്ഷണത്തിന്റെ മൂല്യമെന്തെന്നു മനസ്സിലാക്കുക എന്നതാണല്ലോ".

"തീർച്ചയായും അതേ. അതാണ് എന്റെ സുവിശേഷം. ഞാൻ ആ വഴിയിലൂടെ നീങ്ങേണ്ടതല്ലേ?"

"തീർച്ചയായും. ഞാൻ ആ സമൂഹം വിട്ടുപോരുമ്പോൾ അവിടെ പുതിയ സൃഷ്ടികളാകുന്ന സ്ത്രീകളായിരുന്നു സംസാരവിഷയം. നീയും അക്കൂട്ടത്തിലൊരാളെങ്കിൽ ഞാനിതാ ഇവിടെ ഒരു പുതുമാനസാന്തരക്കാരനായിത്തീർന്നിരിക്കുന്നു."

"ഓ! മുഖസ്തുതി. ഈ ഷിക്കാഗോയിലെ ചേരിയിൽ വന്നാൽപ്പോലും അതിൽനിന്നും മോചനമായില്ലല്ലോ!" രണ്ടുപേരും ചിരിച്ചു. ആഴ്ചകൾക്കുശേഷമായിരുന്നു ബിഷോപ്പ് ഹൃദയം തുറന്നുചിരിച്ചത്. ഫെലീഷ്യാ ബിഷപ്പിന്റെ സങ്കേതം സന്ദർശിക്കാനാഗ്രഹിച്ചതിനാൽ മടക്കയാത്രയിൽ അദ്ദേഹത്തോടൊപ്പം പോയി. ആ കെട്ടിടം ചുറ്റിനടന്നുകാണുമ്പോൾ അവൾക്കു വലിയ സന്തോഷമായിരുന്നു. താഴെയുള്ള നിലവറയിലേക്കു ചെല്ലുമ്പോൾ അവിടെ ഒരു യുവാവു തടിയിൽ ചിന്തേരിട്ടു പണിയുന്നുണ്ടായിരുന്നു. ചെറുതെങ്കിലും സുസജ്ജമായ ഒരു പണിശാലയായിരുന്നു അത്.

രണ്ടുപേരും കടന്നുവന്നതോടെ യുവാവ് ഒരു നിമിഷം പണി നിർത്തി തൊപ്പി തലയിൽ നിന്നെടുത്തു.

"ഫെലീഷ്യാ, ഇതു മി. സ്റ്റീഫൻ ക്ലൈഡ്." ബിഷപ്പ് പറഞ്ഞു "അദ്ദേഹം ആഴ്ചയിൽ രണ്ടുദിവസം ഞങ്ങളെ സഹായിക്കുന്നു." ബിഷപ്പിനെ ആരോ മുകളിലേക്ക് വിളിച്ചു. അദ്ദേഹം വിടപറഞ്ഞു.





"ക്ലൈഡിനെ എനിക്കറിയാം. ഞങ്ങൾ കണ്ടിട്ടുണ്ട്." ഫെലീഷ്യാ പറഞ്ഞു.

"അതേ, പഴയ ലോകത്തിൽ ബിഷപ്പിന്റെ ഭാഷകടമെടുത്താൽ..." സ്റ്റീഫൻ പറഞ്ഞു.

"വീണ്ടും കാണാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്." ഫെലീഷ്യാ പറഞ്ഞു.

"അങ്ങനെയോ? നീ വളരെ ദുഃഖകരമായ സാഹചര്യങ്ങളിലൂടെ കടന്നുപോകയാണെന്നു ഞാൻ അറിഞ്ഞിരുന്നു." പറഞ്ഞു കഴിഞ്ഞപ്പോൾ അവളെ അതൊന്നും ഓർമ്മിപ്പിക്കേണ്ടിയിരുന്നില്ലെന്ന് അയാൾ ചിന്തിച്ചു. എങ്കിലും എല്ലാം അതിജീവിക്കാൻ ഇതിനകം അവൾ പഠിച്ചിരുന്നു.

"അതേ. നിനക്കും അത്തരം സാഹചര്യങ്ങളുണ്ടായതായി അറിഞ്ഞു. ഇവിടെ എങ്ങനെയാണ് എത്തിയത്?" ഫെലീഷ്യാ ചോദിച്ചു. "അതൊരു കഥയാണ്. പിതാവു കടബാദ്ധ്യതയാൽ പൊളിഞ്ഞു. അതൊക്കെ എനിക്കു നന്മയായി. ബിഷോപ്പ് പറഞ്ഞു എല്ലാറ്റിനും നന്ദിയുള്ളവനാകണമെന്ന്. ഞാനങ്ങനെയായി. ഇപ്പോൾ സന്തോഷത്തിലാണ്. ഞാനും നസ്രത്ത് അവന്യൂ സഭയിൽ പ്രതിജ്ഞയെടുത്ത കൂട്ടത്തിലുണ്ട്."

"ഓ ഹോ! എനിക്കു വളരെ സന്തോഷം തോന്നുന്നു."

ബിഷോപ്പ് തിരികെയെത്തി.

"ഫെലീഷ്യാ, നിനക്ക് സ്റ്റീഫൻ ക്ലൈഡിനെ പരിചയമുണ്ടോ?"

"നസ്രത്ത് അവന്യൂ സഭയിൽ വച്ചേ ഞങ്ങൾ പരിചയക്കാരാണ്. ഞങ്ങൾ നല്ല സുഹൃത്തുക്കളാണ്."

"അതിലധികമൊന്നുമില്ലല്ലോ?" ബിഷോപ്പ് ചോദിച്ചു പോയി. ഫെലീഷ്യായുടെ മുഖം തുടുത്തു.

"ഇല്ല. ഇല്ല. അതിനപ്പുറമൊന്നുമില്ല." അവൾ പറഞ്ഞു.

അടുത്തൊരു ദിവസം സന്ധ്യയ്ക്കു ബിഷോപ്പ് മടങ്ങിവരുമ്പോൾ അടഞ്ഞുകിടക്കുന്ന ഒരു ഫാക്ടറിയുടെ മറവിൽ നിന്നും രണ്ടുപേർ ചാടിവീണു. ഒരുത്തൻ ഒരു കൈത്തോക്ക് ചൂണ്ടിനിന്നു. അപരൻ ഊരിയെടുത്ത ഒരു വേലിപ്പത്തലും.

"പെട്ടെന്നു കൈകളുയർത്തിപ്പിടിക്കുക." അവർ ആക്രോശിച്ചു. വിജനമായ ആ സ്ഥലത്ത് ഒരു ചെറുത്തുനില്പിനു ബിഷോപ്പ് തയ്യാറായില്ല. അദ്ദേഹം കൈകളുയർത്തിനിന്നു. അവർ ദേഹപരിശോധന നടത്തി. ഒരു പ്രാർത്ഥനയിലെന്നവണ്ണം അദ്ദേഹത്തിന്റെ കരങ്ങളുയർന്നുനിന്നു. അദ്ദേഹം പ്രാർത്ഥിക്കയായിരുന്നു. ആ പ്രാർത്ഥനയ്ക്ക് പെട്ടെന്നു തന്നെ മറുപടിയുണ്ടായി. (തുടരും)



**Just a minute**

*..And whoever forces you to go with him one mile, go with him two*

Mathew 5:41

**Pheba P. Cleetus**
Kochi

# ഏറ്റവും വലിയ ആയുധം

**സാ**ത്താൻ ഒരിക്കൽ പത്രത്തിൽ പരസ്യം ചെയ്തു: താൻ ഇതുവരെ ഉപയോഗിച്ചിരുന്ന ആയുധങ്ങളെല്ലാം ന്യായമായ വിലയ്ക്കു വില്ക്കാൻ പോകുകയാണ്. ആയുധങ്ങളെല്ലാം വിറ്റുപോയാൽ താൻ തൊഴിൽ മതിയാക്കുകയാണ് ! തുടർന്ന് ആയുധങ്ങളെല്ലാം തേച്ചു മിനുക്കി ആകർഷകമായ വിധത്തിൽ മേശപ്പുറത്തു പ്രദർശിപ്പിച്ചിരുന്നു. സ്വാർത്ഥത, അഹംഭാവം, വിദ്വേഷം, ഭോഗാസക്തി, അസൂയ, അധികാരമോഹം എന്നിങ്ങനെയുള്ള ധാരാളം ആയുധങ്ങൾ ആ കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ പഴകി തേഞ്ഞ ഒരായുധത്തിന്റെ പേരെന്താണെന്നു ചിലർ ചോദിച്ചു:

സാത്താൻ : ഇതിന്റെ പേരാണ് നൈരാശ്യം.

" ഇതിനെന്തിനാണ് ഇത്ര വലിയ വില ഇട്ടിരിക്കുന്നത് " ?

സാത്താൻ : അതിനു കാരണമുണ്ട്. ഇതു വളരെ ഉപകാരപ്രദമായ ഒരായുധമാണ്, മറ്റെല്ലാ ആയുധങ്ങളും പരാജയപ്പെടുമ്പോൾ ഈ ഒരേ ഒരായുധംകൊണ്ട് മനുഷ്യഹൃദയം തുരന്ന് അകത്തുകടക്കാൻ കഴിയും. അങ്ങനെ എനിക്ക് ജോലി തുടരാം. മിക്കവാറും എല്ലാ മനുഷ്യരിലും ഞാൻ ഈ ആയുധം പ്രയോഗിച്ചിട്ടുണ്ട് അതുകൊണ്ടാണ് ഇത് ഇത്രയും തേഞ്ഞത്.

സാത്താൻ ചോദിച്ച വലിയ വില താങ്ങാനാവാത്തതായതിനാൽ ആരും ആ ആയുധം വാങ്ങിയില്ല. അതുകൊണ്ട് സാത്താൻ ഇപ്പോഴും തന്റെ ജോലി തുടരുന്നു.

*ഇന്ന് സാത്താന്റെ ഈ ആയുധത്തിന്റെ ഇരയാണോ നിങ്ങൾ ?*

## തിന്മയോട് തോൽക്കരുത്

**ആ**ൻഡ്രൂസ് ഒരു കുട്ടിയായിരുന്നപ്പോൾ നടന്ന ഒരു സംഭവം അദ്ദേഹം ഒരിക്കലും മറന്നിരുന്നില്ല. അദ്ദേഹത്തിന്റെ അമ്മയ്ക്ക് അവകാശപ്പെട്ടസ്വത്തുമുഴുവൻ ഒരു കുടുംബസുഹൃത്തിന്റെ വഞ്ചനമൂലം നഷ്ടപ്പെട്ടു. അതറിഞ്ഞപ്പോൾ മാതാപിതാക്കൾ അന്നുരാത്രി എന്താണു ചെയ്തതെന്നറിയാമോ ? അവർ തങ്ങളുടെ 12 കുട്ടികളെയും വിളിച്ച് അടുത്തിരുത്തി തങ്ങളെ വഞ്ചിച്ച സ്നേഹിതനുവേണ്ടി പ്രാർത്ഥിച്ചു! തങ്ങളെ ദ്രോഹിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച ആ മാതാപിതാക്കൾ ആൻഡ്രൂസിന്റെ ഹൃദയത്തിൽ ക്ഷമയുടെയും വിട്ടുകൊടുക്കലിന്റെയും പാഠങ്ങൾ ആഴത്തിൽ എഴുതുകയായിരുന്നു! ഈ കുട്ടിയാണ് പില്ക്കാലത്ത് പ്രസിദ്ധനായ ദീനബന്ധു സി.എഫ്. ആൻഡ്രൂസ്.

'തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക '

(റോമർ 12: 21).

■